ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49,6).

വാല്യം 03 ജനുവരി 2020 ലക്കം 01

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

curiaadtly@gmail.com
www.archdioceseoftellicherry.org
www.ephphatharadio.com
0490- - 2342440

# ഉള്ളടക്കം


1. സർക്കുലർ സീറോമലബാർ പ്രേഷിതവരാചരണം ................................ 5
2. കെ.സി.ബി.സി. സർക്കുലർ മിസ്സിയോ ദേയി–2020 .............................. 09
3. സർക്കുലർ ചാവറവാരാചരണം – 2020 .................................... 13
4. Prot No. 705/2019 Circular No. 21/19 ............................................ 17
5. കച്ചേരിക്കാര്യം ................................................................ 19
6. വിജ്ഞാപനം ................................................................. 22
7. ഉത്തരമലബാർ കർഷക പ്രക്ഷോഭം ........................................ 26
8. വിശ്വാസപരിശീലനം .......................................................... 29
9. കുടുംബക്കൂട്ടായ്മ ............................................................ 36
10. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് .............................................. 37
11. ചെറുപുഷ്പ മിഷൻ ലീഗ് ...................................................... 38
12. തിരുബാലസഖ്യം ............................................................. 44
13. യുവജനശുശ്രൂഷ ............................................................. 46
14. കുടുംബപ്രേഷിതത്വം .......................................................... 49
15. വിദ്യാഭ്യാസ ഏജൻസി ........................................................ 53
16. സാൻജോസ് അക്കാഡമി ..................................................... 57
17. എ.കെ.സി.സി. വാർത്തകൾ .................................................. 61
18. വിമൽജ്യോതി വാർത്തകൾ .................................................. 63
19. നിർമ്മലഗിരി വാർത്തകൾ .................................................. 67
20. ഫ്രാൻസിസ്കൻ അല്മായ സഭ ................................................ 69
21. കെസിബിസി മദ്യവിരുദ്ധ സമിതി ........................................... 70
22. സാമൂഹ്യസേവനവേദി ....................................................... 72
23. ADAM .......................................................................... 75
24. ധ്യാനകേന്ദ്രങ്ങളിലൂടെ ...................................................... 76
25. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) .................... 78
26. Programme of the Archbishop Mar George Njaralakatt ...................... 81
27. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ...................... 83
28. Programme of the Abp. Emeritus Mar George Valiamattam ............... 85
29. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ...................... 86
30. Programme of the Auxiliary Bishop Mar Joseph Pamplany ................. 89

Prot. No. 1818/2019

## സർക്കുലർ

# സീറോമലബാർ പ്രേഷിതവാരാചരണം

സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്ന സർക്കുലർ.

മിശിഹായിൽ പ്രിയസഹോദരീസഹോദരന്മാരേ,

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ ആഹ്വാനപ്രകാരം ആഗോളസഭയിൽ 2019 ഒക്ടോബർ മാസം അസാധാരണ പ്രേഷിത മാസമായി ആഘോഷിച്ചിരുന്നുവല്ലോ. സഭയുടെ പ്രേഷിത പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുവാൻ ആഹ്വാനം ചെയ്തുകൊണ്ട് 1919 നവംബറിൽ ഭാഗ്യസ്മരണാർഹനായ ബെനഡിക്ട് 15-ാമൻ പാപ്പാ പുറപ്പെടുവിച്ച മാക്സിമും ഇല്ലൂദ് എന്ന അപ്പസ്തോലിക ലേഖനത്തിന്റെ ശതാബ്ദിവർഷം പ്രമാണിച്ചായിരുന്നു ഫ്രാൻസിസ് മാർപാപ്പ അസാധാരണ പ്രേഷിതമാസാചരണത്തിന് ആഹ്വാനം ചെയ്തത്. ആഗോളകത്തോലിക്കാസഭ മുഴുവനിലും ആചരിച്ച ഈ പ്രേഷിത മാസം നമ്മിലെ പ്രേഷിതതീക്ഷ്ണതയെ ഉജ്വലിപ്പിക്കുവാനും പ്രേഷിത പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാനും അതിനുവേണ്ട നൂതനാശയങ്ങൾ ഉൾക്കൊള്ളുവാനും സഹായകമായിരുന്നു. അതിന്റെ തുടർച്ചയെന്ന നിലയിൽ വേണം 2020 ജനുവരി 6-ാം തിയതി മുതൽ 12-ാംതിയതി വരെയുള്ള ദിവസങ്ങളിൽ ഈ വർഷത്തെ പ്രേഷിതവാരം സീറോമലബാർ സഭയിൽ ആചരിക്കേണ്ടത്.

മിഷനെ അറിയുക, മിഷനറിയാവുക എന്ന ആദർശവാക്യത്തെ പ്രായോഗികതലങ്ങളിലെത്തിച്ച് പ്രേഷിതവാരാചരണം കൂടുതൽ അർത്ഥപൂർണ്ണമാക്കുവാൻ മാമ്മോദീസ സ്വീകരിച്ച എല്ലാവർക്കും കടമയുണ്ട്. സീറോമലബാർ സഭയക്ക് ഭാരതം മുഴുവനിലും ലഭിച്ചിരിക്കുന്ന അജപാലന സുവിശേഷപ്രഘോഷണ ദൗത്യം നമ്മുടെ ഉത്തരവാദിത്വത്തെ കൂടുതൽ വർദ്ധിപ്പിച്ചിരിക്കുന്നു. അസാധാരണ പ്രേഷിത മാസം പ്രഖ്യാപിച്ചുകൊണ്ട് നൽകിയ കത്തിൽ പരിശുദ്ധ പിതാവ് ഓർമ്മിപ്പിച്ചതുപോലെ ഒരുസഭയെന്ന നിലയിലും ക്രൈസ്തവർ എന്ന നിലയിലും നമ്മുടെ പ്രേഷിതദൗത്യ നിർവ്വഹണത്തിൽ തികഞ്ഞ തീക്ഷ്ണതയും നിതാന്ത ജാഗ്രതയും അനിവാര്യമാണ്. പ്രേഷിത

പ്രവർത്തനം സാധ്യമാക്കുന്നതിനായി സുരക്ഷിതമേഖലകൾ തേടി പ്പോകുന്ന പ്രവണതയെ ഉപേക്ഷിക്കുവാനും സമ്പന്നവും ശോഭന വുമായ ഭൂതകാല സ്മരണകളിൽ മയങ്ങി ജീവിക്കാതെ ഭാവി കർത്ത വ്യങ്ങളുടെ വിളഭൂമിയിലേക്ക് കർമ്മധീരരായി പ്രേഷിതതീക്ഷ്ണ തയോടെ പ്രവേശിക്കുവാനും നാം ഉത്സുകരാകണം. വ്യക്തികളും സമർപ്പിത സമൂഹങ്ങളുംഇടവകകളും രൂപതകളും ഈ പ്രേഷിത പ്രബുദ്ധത ഉൾക്കൊള്ളണം. നമ്മുടെ സഭയ്ക്ക് ഭാരതം മുഴുവനിലും ലഭിച്ചിരിക്കുന്ന പ്രേഷിതസാധ്യതകളും കടമകളും ഫലപ്രദമായി നിർവ്വ ഹിക്കുവാൻ ഈ വർഷത്തെ പ്രേഷിതവാരാചരണം എല്ലാവരെയും ശക്തിപ്പെടുത്തണം.

ഭാരതസഭയുടെ പ്രേഷിതപ്രവർത്തനം ഏറ്റവും സഫലമായി മുന്നോട്ടു പോകുന്നതിന്റെ പ്രധാന കാരണം നമ്മുടെ സഭയിലെ വൈദികരുടെയും സമർപ്പിതരുടെയും മിഷൻ തീക്ഷ്ണതയാണ്. ഈ അവസരത്തിൽ, ഭാരതത്തിലും ഭാരതത്തിനു പുറത്തും സുവിശേഷ പ്രഘോഷണത്തിൽ സധൈര്യം വ്യാപൃതരായിരിക്കുന്ന അഭിവന്ദ്യ പിതാക്കന്മാരെയും മിഷനറി വൈദികരെയും സമർപ്പിതരെയും അല്മായ പ്രേഷിതരെയും നന്ദിയോടെ ഓർക്കുന്നു. നമ്മുടെ ജീവിതാന്തസ് എന്താണെങ്കിലും പ്രവർത്തന മേഖല എവിടെയാണെ ങ്കിലും മാമ്മോദീസ സ്വീകരിച്ചവരെന്ന നിലയിൽ പ്രേഷിതാഭിമു ഖ്യത്തിൽ വളരാനും കൂടെയുള്ളവരെ വളർത്താനുമുള്ള ഉത്തരവാദി ത്വവും വിളിയും നമുക്കുണ്ട്. 2019- ലെ മിഷൻ ഞായർ സന്ദേശത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ പറഞ്ഞുവയ്ക്കുന്നതും ഇതുതന്നെയാണ്. നമുക്ക് ലഭിച്ചിരിക്കുന്ന ദൈവിക ജീവൻ വില്പനയ് ക്കുള്ള ഒരു ഉത്പന്നമല്ല. പിന്നെയോ, അത് നല്കപ്പെടാനും പങ്കുവയ്ക്ക പ്പെടാനും പ്രഘോഷിക്കപ്പെടാനുമുള്ള ഒരു നിധിയാണ്. മിഷൻ എന്നതിന്റെ ശരിയായ അർത്ഥം ഇതാണ്. ഈ ദൈവിക ജീവൻ നമുക്ക് ദാനമായി ലഭിച്ചതാണ്. വിശുദ്ധ മത്തായിയുടെ സുവിശേഷം 10-ാം അദ്ധ്യായം 8-ാം വാക്യത്തിൽ പറയുന്നതു പോലെദാനമായി നമുക്ക് ലഭിച്ചത് ദാനമായി നൽകണം.

നമ്മുടെ സഭയിലെ മിഷൻ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനും മിഷനുകളെ സഹായിക്കാനുമായി സീറോ-മലബാർ മിഷൻ ഫണ്ട് എന്ന പദ്ധതി സീറോമലബാർ സഭാ കാര്യാലയമായ മൗണ്ട് സെന്റ് തോമ സിൽ പ്രവർത്തിക്കുന്ന കാര്യം ഓർമ്മപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. സുവിശേഷവത്കരണവും ഭാവിയിലേക്കുള്ള മിഷൻ പ്രവർത്തന ത്തിനായി വൈദിക-സന്യാസാന്തസ്സിൽ പ്രവേശിക്കുന്നവരുടെ

പരിശീലനവും ലക്ഷ്യമാക്കിയാണ് ഈ ഫണ്ട് സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. ഈ ഫണ്ടുവഴി പ്രേഷിതപ്രവർത്തനങ്ങൾ കാര്യക്ഷ മമാക്കുന്നതിനുള്ള സഹായങ്ങൾ നൽകി വരുന്നു. പ്രേഷിത വാരാചരണത്തോടനുബന്ധിച്ച് നമ്മുടെ സഭാംഗങ്ങളിൽനിന്നും സ്വീകരിക്കുന്ന സംഭാവനയാണ് ഈകർമ്മ പരിപാടികൾക്കായി പ്രയോജനപ്പെടുത്തുന്നത്.

ഈ പ്രേഷിതവാരാചരണത്തിലും തുടർന്നുള്ള പ്രേഷിത ജീവിതത്തിലും ചെയ്യേണ്ട ചിലകാര്യങ്ങൾ ഈയവസരത്തിൽ ഓർമ്മപ്പെടുത്തട്ടെ. സുവിശേഷ സന്ദേശത്തിന്റെ പ്രചാരണത്തിനായി മാധ്യമങ്ങളെ കൂടുതലായി പ്രയോജനപ്പെടുത്തണം. സോഷ്യൽ മീഡിയയുടെ ഉപയോഗം പതിന്മടങ്ങു വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ കാലത്ത് അവയെ വളരെ ഫലപ്രദമായ രീതിയിൽ സുവിശേഷ സന്ദേശത്തി ന്റെ വ്യാപനത്തിനായി പ്രയോജനപ്പെടുത്തണം. സഭയുടെ മിഷൻ പ്രവർത്തനങ്ങളോടു ബന്ധപ്പെട്ടുള്ള ചർച്ചകൾ, സമ്മേളനങ്ങൾ, സംവാദങ്ങൾ, സെമിനാറുകൾ, പ്രേഷിതയാത്രകൾ എന്നിവ ഇടവക തലത്തിലും രൂപതാതലത്തിലും സംഘടിപ്പിക്കണം. മിഷൻ പ്രവർത്തന ങ്ങൾക്കായി തീക്ഷ്ണതയുള്ള ദൈവവിളികൾ പ്രോത്സാഹിപ്പിക്കണം. നമ്മൾ എവിടെയായിരുന്നാലും ഏതുസാഹചര്യത്തിലായിരുന്നാലും ഭയമില്ലാത്ത മിഷനറിമാരായിരിക്കുവാൻ മിശിഹാ നമ്മെ ക്ഷണിക്കുന്നു (അപ്പ 1:8).

സുവിശേഷത്തിന്റെ സന്തോഷം പങ്കുവയ്ക്കാനുള്ള അവസരങ്ങൾ നാം തന്നെ കണ്ടെത്തി വളർത്തണം. മിഷൻ പ്രദേശങ്ങളിൽ നിന്നുള്ള വാർത്തകൾ നമ്മുടെ ഇടവകകളിൽ അറിയുന്നതിനുള്ള സംവിധാനമുണ്ടാകണം. സഭാമക്കൾ തങ്ങളുടെ ക്രൈസ്തവവിളിയിൽ നിക്ഷിപ്തമായ പ്രേഷിത കടമയെ നിരന്തരം വിചിന്തനത്തിനു വിധേയമാക്കുകയും ദൈവം കനിഞ്ഞു നൽകിയ സ്വകാര്യസമ്പത്തിന്റെയും സമയത്തിന്റെയും ഒരു ഭാഗം സഭയുടെ പ്രേഷിത പ്രവർത്തനത്തിനായി ഔദാര്യത്തോടെ വിനിയോഗിക്കുവാൻ തയ്യാറാകുകയും വേണം.

വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ പ്രേഷിതതീക്ഷ്ണത സ്വായത്തമാക്കി ധീരോദാത്തമായ സുവിശേഷ പ്രഘോഷണത്തിലൂടെ നമ്മുടെ കർത്താവിന്റെ ഭൗതികശരീരമായ സഭയുടെവളർച്ചയും ഉത്തരോത്തരമുള്ള ഉന്നമനവും ലക്ഷ്യമാക്കി നമുക്ക് ഒന്നായി മുന്നോട്ട് നീങ്ങാം.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച് ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2019-ാം ആണ്ട് നവംബർ മാസം 5-ാം തീയതി നൽകപ്പെട്ടത്.

മിശിഹായിൽ സ്നേഹപൂർവ്വം,

**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

---

NB:

1. 2020 ജനുവരി 05-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ സീറോ-മലബാർസഭയുടെഎല്ലാ ഇടവകകളിലും, സ്ഥാപനങ്ങളിലും ഈ സർക്കുലർവായിക്കേണ്ടതാണ്.
2. സീറോമലബാർ മിഷൻ വാരാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാകേന്ദ്രങ്ങളിൽ ഏല്പിച്ച് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന സീറോമലബാർ മിഷൻ ഓഫീസിൽ 2020 ഫെബ്രുവരി 28-ന് മുമ്പായി എത്തിക്കേണ്ടതാണ്.

Ref: 3242/K-5/KCBC/OL/DS 19.12. 2019

# മിസ്സിയോ ദേയി 2020

പ്രേഷിതവർഷാചരണത്തോടനുബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

പ്രിയ സഹോദരങ്ങളേ,

കേരള കത്തോലിക്കാസഭ രണ്ടായിരത്തി ഇരുപതാമാണ്ട് (2020) പ്രേഷിതവർഷമായി ആചരിക്കുകയാണ്. പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ ആഹ്വാനപ്രകാരം 2019 ഒക്ടോബർ മാസം അസാധാരണ പ്രേഷിതമാസമായി ആചരിച്ചതിന്റെ തുടർച്ചയായിട്ടാണ് പ്രേഷിതവർഷം നാം ആചരിക്കുന്നത്. പ്രേഷിതമാസത്തിൽ സഭാപ്രബോധനങ്ങളുടെ വെളിച്ചത്തിൽ ധാരാളം പഠനശിബിരങ്ങളും ചർച്ചകളും മിഷണറി സംഗമങ്ങളും മിഷൻ പ്രദേശങ്ങൾ സന്ദർശിക്കലും മിഷണറിമാർക്കുവേണ്ടിയുള്ള പ്രാർത്ഥനകളുമെല്ലാം നാം നടത്തുകയുണ്ടായി. തുടർന്നും ഇത്തരം പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും കേരളസഭയിലാകമാനം ഒരു പ്രേഷിതമാനസാന്തരം രൂപപ്പെടാനും പ്രേഷിതരൂപീകരണം അജപാലനശുശ്രൂഷയുടെ പ്രഥമ പരിഗണനാവിഷയമാക്കിമാറ്റാനും പ്രേഷിതവർഷാചരണം ഉപകാരപ്രദമാണ്. ദനഹാ അഥവാ പ്രത്യക്ഷീകരണത്തിരുനാളിൽ (2020 ജനുവരി 5,6) ആരംഭിക്കുന്ന പ്രേഷിതവർഷം ക്രിസ്തുരാജന്റെ തിരുനാളിൽ (2020 നവംബർ 22) സമാപിക്കും.

പ്രേഷിതവർഷത്തിന് 'ദൈവികദൗത്യം' എന്നർത്ഥംവരുന്ന *മിസ്സിയോ ദേയി* എന്നാണ് പേരു നല്കിയിട്ടുള്ളത്. ആദ്യപാപംമൂലം സംഭവിച്ച പാപത്തിന്റെയും മരണത്തിന്റെയും അവസ്ഥകളിൽനിന്ന് മനുഷ്യകുലത്തെ ഉയർത്താൻ ദൈവം ഒരുക്കിയ പദ്ധതിയാണ് മിസ്സിയോ ദേയി, അഥവാ ദൈവത്തിന്റെ രക്ഷാകരപദ്ധതി (ഉത്പ 3:15). ലോകത്തിന്റെ രക്ഷയ്ക്കായി തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു (യോഹ 3:16). സമയത്തിന്റെ പൂർണതയിൽ ദൈവപുത്രനായ യേശുക്രിസ്തു അവിടത്തെ മനുഷ്യാവതാരം, പരസ്യശുശ്രൂഷ എന്നിവയിലൂടെയും പീഡാസഹനം, മരണം, ഉത്ഥാനം എന്നീ പെസഹാരഹസ്യങ്ങളിലൂടെയും ദൈവികപദ്ധതി പൂർത്തിയാക്കി. പാപത്തിന്റെയും മരണത്തിന്റെയും മേൽ ക്രിസ്തു വരിച്ച വിജയമാണ് നമ്മുടെ രക്ഷയ്ക്കു നിദാനമായത്. എല്ലാ മനുഷ്യരും രക്ഷിക്കപ്പെടണമെന്നും സത്യത്തിന്റെ അറിവിലേക്ക് വരണമെന്നും ദൈവം ആഗ്രഹിക്കുന്നു (1 തിമോ 2:4).

രക്ഷയുടെ സാർവത്രിക കൂദാശയായിരിക്കാൻവേണ്ടിയാണ് ക്രിസ്തുവിന്റെ മണവാട്ടിയും മൗതികശരീരവുമായ സഭ ദൈവത്താൽ ലോകത്തിലേക്ക് അയയ്ക്കപ്പെട്ടിരിക്കുന്നത്. ലോകാന്തംവരെ എല്ലാ

ജനതകളോടും സുവിശേഷം പ്രസംഗിക്കാൻ സഭ കടപ്പെട്ടിരിക്കുന്നു (മത്താ 28:19-20). മനുഷ്യസമൂഹത്തെ ക്രിസ്തുവിൽ നവീകരിക്കുന്നതിനും ദൈവത്തിന്റെ കുടുംബവും കൂട്ടായ്മയുമായി രൂപാന്തരപ്പെടുത്തുന്നതിനുംവേണ്ടി സഭ ലോകത്തിൽ പുളിമാവായി വർത്തിക്കണം. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേകദൈവത്തിന്റെ കൂട്ടായ്മയിൽ ഏവരെയും പങ്കുകാരാക്കുക എന്നതാണ് സഭയുടെ പ്രേഷിതദൗത്യത്തിന്റെ ലക്ഷ്യം (രക്ഷകന്റെ മിഷൻ, 23). അതുകൊണ്ട്, ദൈവത്തെ എപ്പോഴും മഹത്ത്വപ്പെടുത്തുവാനും ജനതകൾക്ക് പ്രകാശമാകാനും സഭ നിയോഗിക്കപ്പെട്ടിരിക്കുന്നു.

"പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" (യോഹ 20:21) എന്നാണ് യേശു തന്റെ അപ്പോസ്തോലന്മാരോടു പറഞ്ഞത്. അതിനാൽ സഭയുടെ ശുശ്രൂഷ യേശുവിന്റെ പ്രേഷിതദൗത്യത്തിന്റെ തുടർച്ചയാണ്. അവിടത്തെ കൂടാതെ സഭയ്ക്ക് ഒന്നും ചെയ്യാൻ സാധ്യമല്ല (യോഹ 15:5). അവിടുന്നിൽ നിന്നാണ് സഭ പ്രേഷി തദൗത്യത്തിനുള്ള കല്പനയും അതു നിർവഹിക്കാനുള്ള അധികാരവും സ്വീകരിക്കുന്നത്. ക്രിസ്തു അപ്പോസ്തലന്മാരെ ഭരമേല്പിച്ച ദൈവികദൗത്യം (മിസ്സിയോ ദേയി) ലോകാവസാനംവരെ തുടരേണ്ടതുണ്ട്. സഭയോടൊപ്പം, സഭാമക്കളായ നാമോരോരുത്തരും ഈ വിളിയും വെല്ലുവിളിയും ഏറ്റെടുക്കണമെന്ന് പ്രേഷിതവർഷം നമ്മെ അനുസ്മരിപ്പിക്കുന്നു.

ക്രിസ്തുവിന്റെ തന്നെ ആത്മാവിനാൽ പ്രചോദിതയായി, അവിടുന്ന് സഞ്ചരിച്ച പാതയിലൂടെതന്നെ സഭയും ചരിക്കണം. ഉത്ഥിതനായ കർത്താവ് തന്റെ ശിഷ്യരുടെമേൽ പരിശുദ്ധാത്മാവിനെ അയച്ചു. സഭയെ അതിന്റെ ദൗത്യത്തിൽ നയിക്കുന്നത് പരിശുദ്ധാത്മാവാണ്. ദാരിദ്ര്യത്തിന്റെയും അനുസരണത്തിന്റെയും സേവനത്തിന്റെയും, മരണംവരെയുള്ള ആത്മസമർപ്പണത്തിന്റെയും മാർഗത്തിലൂടെയാണ് ആത്മാവ് സഭയെ നയിക്കുന്നത്. ഈ പാതയിലൂടെ മുന്നേറാൻ സഭയ്ക്കും സഭാതനയർക്കും കാലഘട്ടത്തിനനുസൃതമായി പ്രേഷിതമാനസാന്തരം ആവശ്യമാണെന്ന യാഥാർത്ഥ്യം നാം മറക്കരുത്.

### പ്രേഷിത മാനസാന്തരം

പ്രേഷിതമാസത്തിൽ സഭയുടെ പ്രേഷിതദൗത്യത്തെക്കുറിച്ച്, പ്രത്യേകിച്ച്, മാമ്മോദീസാ നല്കി അയയ്ക്കപ്പെട്ട സഭാംഗങ്ങളുടെ ദൗത്യത്തെക്കുറിച്ച്, ഫ്രാൻസിസ് പാപ്പാ ഉദ്ബോധിപ്പിക്കുകയുണ്ടായി. പ്രേഷിത ദൗത്യനിർവഹണമേഖലയിൽ സഭയ്ക്ക് ഒരു മാനസാന്തരം (missionary conversion) ആവശ്യമുണ്ടെന്ന് അദ്ദേഹം പറഞ്ഞു. പ്രേഷിത ദൗത്യം അഥവാ മിഷൻ എന്നത് സഭയുടെ ഒരു ഐച്ഛിക വിഷയമല്ല. കാരണം, സഭതന്നെ മിഷനാണ്. മിഷനറി പ്രവർത്തനമാണ്

സഭയുടെ എല്ലാ സംരംഭങ്ങളുടെയും ലക്ഷ്യം. മിഷനറിയല്ലാത്ത സഭ സഭയല്ലെന്നും പാപ്പ മുന്നറിയിപ്പു നല്കുന്നുണ്ട്.

സഭയുടെ പ്രേഷിതദൗത്യം സുഗമമാക്കാൻ ഫ്രാൻസിസ് പാപ്പാ പ്രേഷിതമാസത്തിൽ നിർദ്ദേശിച്ച നാല് ആത്മീയ പാതകൾ നാം വിചിന്തന വിഷയമാക്കേണ്ടതുണ്ട്. ഒന്ന്, ദൈവവചനത്തിലും ദിവ്യകാരുണ്യത്തിലും മറ്റ് കൂദാശകളിലും പ്രാർത്ഥനകളിലും ക്രിസ്തുവിനെ കണ്ടുമുട്ടുക. രണ്ട്, ക്രിസ്തുസ്നേഹത്തെ പ്രതി പ്രേഷിതവേലയ്ക്ക് സ്വയം സമർപ്പിച്ചു കടന്നുപോയ വിശുദ്ധരും രക്തസാക്ഷികളുമായുള്ള ആത്മീയ സംസർഗം ശക്തിപ്പെടുത്തുക. മൂന്ന്, പ്രേഷിതദൗത്യം തിരിച്ചറിയാനും അതിൽ പൂർണമായി സമർപ്പിക്കാനുമാവശ്യമായ പ്രേഷിതരൂപീകരണം നേടുക. നാല്, ഓരോ ക്രിസ്തുശിഷ്യനും പ്രേഷിതശിഷ്യൻ (missionary disciple) എന്ന നിലയിൽ കാരുണ്യപ്രവൃത്തികൾ ചെയ്യുന്നതിന് പരിശ്രമിക്കുകയും പരസ്പരം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

"എല്ലാ ജനതകളുടെയും സാക്ഷ്യത്തിനായി ദൈവരാജ്യത്തിന്റെ സുവിശേഷം ലോകമെങ്ങും" (മത്താ 24:14) പ്രഘോഷിക്കാനുള്ള സഭയുടെ ദൗത്യത്തിൽ പ്രേഷിതമാനസാന്തരം സഭയുടെ എല്ലാ ശുശ്രൂഷാമേഖലകളിലും സംഭവിക്കണം. ''ക്രിസ്തുവിന്റെ സ്നേഹം ഞങ്ങൾക്ക് ഉത്തേജനം നല്കുന്നു" (2 കോറി 5:14) എന്ന പൗലോസ് അപ്പോസ്തോലന്റെ പ്രേഷിതതീക്ഷണതയാണ് ഇക്കാര്യത്തിൽ നമുക്കും ഉണ്ടായിരിക്കേണ്ടത്.

2019 ഒക്ടോബർ 6 മുതൽ 27 വരെ റോമിൽ വച്ചു നടന്ന ആമസോൺ സിനഡിന്റെ അന്തിമരേഖയിലെ ഏറ്റവും ശ്രദ്ധേയമായ വാക്ക് 'മാനസാന്തരം' എന്നതാണ്. അഞ്ചു വ്യത്യസ്ത മേഖലകളിൽ സംഭവിക്കേണ്ട മാനസാന്തരത്തെക്കുറിച്ച് ഈ രേഖ സൂചിപ്പിക്കുന്നുണ്ട്. ക്രൈസ്തവജീവിതത്തിന്റെ എല്ലാ മേഖലകളിലും ലളിതവും അടക്കമുള്ളതുമായ ജീവിതശൈലി അനുഷ്ഠിച്ചുകൊണ്ട് ജീവിതശൈലിയിലുണ്ടാകേണ്ട സമഗ്രമായ മാനസാന്തരമാണ് അതിൽ ഒന്നാമത്തേത്. അജപാലനരംഗത്ത് സഭയ്ക്കുണ്ടാകേണ്ട മാനസാന്തരമാണ് രണ്ടാമത്തേത്. അതായത്, അജപാലനപരമായ ഒരു സ്ഥിരം സാന്നിധ്യമായി സഭയുടെ ശുശ്രൂഷകൾ മാറണം. മൂന്നാമത്തേത്, സാംസ്കാരിക മാനസാന്തരമാണ്. പ്രേഷിത ദൗത്യനിർവഹണമേഖലകളിൽ വിവിധ സംസ്കാരങ്ങളെ പ്രയോജനപ്പെടുത്തിക്കൊണ്ട് മിശിഹായുടെ സന്ദേശം വൈവിധ്യമാർന്ന അവരുടെ ജീവിതത്തിൽ ഭംഗിയായി ആവിഷ്കരിക്കാൻ നാം ശ്രദ്ധവയ്ക്കണം. പരിസ്ഥിതിപരമായ മാനസാന്തരമാണ് നാലാമത്തേത്. പ്രകൃതിയുടെ സംരക്ഷണം ദാരിദ്ര്യമനുഭവിക്കുന്നവർക്കും ഭൂമിയിലെ ഏറ്റവും അവഗണിക്കപ്പെട്ടവർക്കുമുള്ള നീതിയാണ്. പരിസ്ഥിതിക്ക് എതിരേ ചെയ്യുന്ന പ്രവൃത്തിയോ ഉപേക്ഷയോ പാരിസ്ഥിതിക പാപ

മാണെന്ന് ആമസോൺ സിനഡ് ഓർമ്മപ്പെടുത്തുകയുണ്ടായി. ഏറ്റവും ഒടുവിലത്തേതും എന്നാൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നതുമാണ് സിനഡൽ മാനസാന്തരം എന്നത്. അതായത്, സഭയിൽ കൂട്ടായ ഉത്തരവാദിത്വവും ശുശ്രൂഷയുടെ അരൂപിയും വളർന്നുവരണം. കൂട്ടായ തീരുമാനങ്ങൾ എടുക്കുന്നതിനും അജപാലനപരമായ വെല്ലുവിളികൾക്ക് മികച്ച പ്രതികരണം കൊടുക്കുന്നതിനും സംവാദത്തിന്റെയും പരസ്പരം ശ്രവിക്കലിന്റെയും ആത്മീയ വിവേചനത്തിന്റെയും സമവായത്തിന്റെയും കൂട്ടായ്മയുടെയും സംസ്കാരം ശക്തിപ്പെടണം.

**പ്രേഷിത രൂപീകരണം**

ആഗോള കത്തോലിക്കാസഭ മുഴുവനും പ്രേഷിതദൗത്യനിർവഹണത്തിൽ ജാഗ്രതയോടെ വർത്തിക്കണമെന്ന് ഫ്രാൻസിസ് പാപ്പാ ആഹ്വാനം ചെയ്യുമ്പോൾ, ഭാരതസഭയിലും കേരളസഭയിൽ പ്രത്യേകിച്ചും ഇതിനുള്ള തയ്യാറെടുപ്പുകൾ നടക്കേണ്ടതുണ്ട്. സഭയിലെ എല്ലാ രൂപതകളിലും ഇടവകകളിലും സ്ഥാപനങ്ങളിലും കുടുംബങ്ങളിലും വ്യക്തിജീവിതത്തിലുമെല്ലാം പ്രേഷിതത്വത്തിലേക്കുള്ള മാനസാന്തരം സംഭവിക്കണം. അതുപോലെ, സഭയിലെ വിശ്വാസപരിശീലനം, വൈദിക-സന്ന്യസ്ത-അല്മായ രൂപീകരണം, വിദ്യാഭ്യാസം, ആരോഗ്യം, കലാ-സാംസ്കാരികരംഗം തുടങ്ങിയ വിവിധ ശുശ്രൂഷാ മേഖലകളിലെല്ലാം പ്രേഷിത ചൈതന്യം ജ്വലിക്കേണ്ടതുണ്ട്. കൂടുതൽ കൂട്ടായ്മയോടെയും പ്രേഷിത പങ്കാളിത്തത്തോടെയും പ്രവർത്തിക്കുന്ന ക്രിസ്തുശിഷ്യരുടെ സമൂഹമായി കേരളസഭയെ രൂപാന്തരപ്പെടുത്താൻ ഈ പ്രേഷിതവർഷം സഹായകരമാകട്ടെ. കേരളത്തിനകത്തും പുറത്തുമുള്ള മിഷൻ കേന്ദ്രങ്ങളിലെ പ്രവർത്തനങ്ങൾ ക്രോഡീകരിച്ചുകൊണ്ടും കൂടുതൽ ശക്തമാക്കിക്കൊണ്ടും പ്രവർത്തനനിരതരാകാൻ ഈ പ്രേഷിതവർഷത്തിൽ നമുക്ക് ജാഗ്രതയോടെ പരിശ്രമിക്കാം. പ്രേഷിതരെ നയിക്കുന്ന പരിശുദ്ധാത്മാവ് നമ്മുടെ പരിശ്രമങ്ങളെ ഫലദായകമാക്കട്ടെ!
എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹാദരങ്ങളോടെ,

**മാർ ജോർജ് കാർഡിനൽ ആലഞ്ചേരി**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് ജോസഫ് മാർ തോമസ്**
സെക്രട്ടറി ജനറൽ, കെസിബിസി

**ബിഷപ് വർഗീസ് ചക്കാലയ്ക്കൽ**
വൈസ് പ്രസിഡന്റ്, കെസിബിസി

N.B: 2020 ജനുവരി 5-ാം തീയതി ഈ സർക്കുലർ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യണം.

Prot. No.1823/2019

**സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്ന സർക്കുലർ.**

## ചാവറവർഷാചരണം - 2020

മിശിഹായിൽ പ്രിയസഹോദരീ സഹോദരന്മാരേ,

സീറോമലബാർ സഭാംഗങ്ങളായ നമ്മെ സംബന്ധിച്ചിടത്തോളം വിശുദ്ധമായ ഒരു ഓർമ്മയാചരണത്തിനുള്ള വർഷമാണ് 2020. കർമ്മ നിരതവും പുണ്യചരിതവുമായ ഒരു ജീവിതത്തിനുശേഷം നമ്മുടെ സഭാതനയനായ വി. ചാവറകുര്യാക്കോസ് ഏലിയാസച്ചൻ 1871 ജനുവരി 3-ാം തീയതി പരലോക പ്രാപ്തനായതിന്റെ 150-ാം വർഷത്തിലേയ്ക്ക് നാം പ്രവേശിക്കുകയാണ്. പരിശുദ്ധ കത്തോലിക്കാസഭയിലെ പേരുവിളിക്കപ്പെട്ട വിശുദ്ധരുടെ ഗണത്തിൽ ഉൾപ്പെട്ട ഈ ധന്യാത്മാവിനെ അനുസ്മരിക്കാനും ആ വിശുദ്ധ ജീവിതത്തിൽനിന്ന് പ്രചോദന മുൾക്കൊള്ളാനും അദ്ദേഹം വഴി ദൈവാനുഗ്രഹം പ്രാപിക്കാനും നമുക്ക് ലഭിക്കുന്ന പ്രത്യേക അവസരമാണ് ഈ ജൂബിലിവർഷം.

വിശുദ്ധരെല്ലാവരും സുവിശേഷത്തിന്റെ സത്യം ആത്മാർത്ഥതയോടെ ജീവിച്ചവരും തീക്ഷണതയോടെ പ്രഘോഷിച്ചവരും തങ്ങളുടെ ജീവിതസാഹചര്യത്തിൽ മിശിഹായ്ക്കുസാക്ഷ്യം വഹിച്ചവരുമാണ്. ജീവിച്ച കാലഘട്ടത്തിൽ മാത്രമല്ല, എക്കാലവും വിശ്വാസികൾക്ക് പ്രചോദനമേകുന്നതാണ് അവരുടെ ജീവിതം. വി. ചാവറയച്ചന്റെ ജീവിതവുംസന്ദേശവും ഈ യാഥാർഥ്യത്തിന് അടിവരയിടുന്നതാണ്. സഭയും സമുദായവും വളരെയേറെ പരിമിതി കളിലൂടെ കടന്നുപോയ 19-ാം നൂറ്റാണ്ടിൽ ജീവിച്ച വി. ചാവറയച്ചൻ ആ നൂറ്റാണ്ടിനെ മാത്രമല്ല, സഭയെ എക്കാലവും ശോഭനമാക്കുന്ന ഒരു പ്രകാശഗോപുരമാണ്.

വി. ചാവറയച്ചൻ സഭയ്ക്കു നല്കിയ സംഭാവനകളിൽ ഏറ്റവും ശ്രേഷ്ഠമായതായി വി. ജോൺ പോൾ രണ്ടാമൻ പാപ്പാ ചൂണ്ടികാണിച്ചത് പരിശുദ്ധസിംഹാനത്തോടും നിയമാനുസൃത മെത്രാന്മാരോടുമുള്ള ഐക്യത്തിലും വിധേയത്വത്തിലും ഉറച്ചുനിന്നുകൊണ്ട് സഭയുടെ ഐക്യത്തിനും അഖണ്ഡതയ്ക്കും വേണ്ടി അദ്ദേഹം നിലകൊണ്ടു

എന്ന വസ്തുതയാണ്. സ്വജനത്തെ ശീശ്മയിൽ നിന്നും ആത്മനാശത്തിൽനിന്നും രക്ഷിക്കാൻ മാത്രമല്ല, സ്വന്തം സഭാസമൂഹത്തിൽപ്പെട്ട മെത്രാനെ തങ്ങൾക്കു നല്കണമെന്ന് പരിശുദ്ധസിംഹാസനത്തോടു സന്യായം അവകാശപ്പെടാനും അദ്ദേഹം ധൈര്യംകാട്ടി. അപ്രകാരം സീറോമലബാർ സഭയുടെ വളർച്ചയ്ക്കും ഐക്യത്തിനും അവകാശങ്ങൾക്കും വേണ്ടി ജീവിതം സമർപ്പിച്ച സഭയുടെ ആദ്യവികാരി ജനറാളും വിശ്വാസത്തിലും വിശുദ്ധിയിലും വിശ്വസ്തതയിലും ദൈവജനത്തെ നയിച്ച ആത്മീയ പിതാവുമാണ് വി. ചാവറയച്ചൻ.

ദൈവത്തെ സ്വന്തം അപ്പനായി ദർശിക്കുകയും എന്റെ അപ്പാ ഈ പേരുകൊണ്ടല്ലാതെ എനിയ്ക്കങ്ങയെ വിളിപ്പാനാകുന്നില്ല എന്ന് ഒരു കുഞ്ഞിന്റെ സ്നേഹാർജ്ജവത്തോടെ ഏറ്റുപറഞ്ഞ് ദൈവത്തോടുള്ള വ്യക്തിപരമായ ബന്ധത്തിൽ പ്രാർത്ഥിക്കുകയും, തന്നെത്തന്നെ ദൈവത്തിന്റെ മകനായും മറ്റു മനുഷ്യരെയെല്ലാം ദൈവത്തിന്റെ മക്കളും തന്റെ കൂടെപ്പിറപ്പുകളുമായി കാണുകയും സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും ചെയ്ത ഒരു ആത്മീയ മനുഷ്യനായിരുന്നു വി. ചാവറയച്ചൻ. ദൈവപുത്രനായ ഈശോ പ്രഖ്യാപിച്ച ദൈവരാജ്യത്തിന്റെ ഈ വിശ്വദർശനം സ്വന്തമാക്കി സ്വജീവിതത്തെ മനുഷ്യനന്മയ്ക്കായി വ്യയം ചെയ്ത ഈ പ്രേഷിതവര്യൻ, ഈശോമിശിഹാ പാടുപെട്ടു ചോരചിന്തി രക്ഷിച്ച ഒരാത്മാവുപോലും നശിച്ചുപോകരുതെന്നും എല്ലാ ആത്മാക്കളേയും തന്റെ അപ്പന്റെ പക്കലേയ്ക്ക് അടുപ്പിക്കണമെന്നുമുള്ള തീക്ഷ്ണതയാൽ ജ്വലിച്ചിരുന്നവനാണ്.

1829 നവംബർ 29-ന് വൈദികപട്ടം സ്വീകരിച്ച് ദൈവജനത്തിനിടയിലേയ്ക്കിറങ്ങിയ ചാവറയച്ചന് നേരിടേണ്ടിവന്നത് താൻ അംഗമായിരിക്കുന്ന സഭയുടേയും സമുദായത്തിന്റേയും പരാധീനതകളാണ്. തങ്ങളെ നയിക്കാനും പ്രബോധിപ്പിക്കാനും സ്വന്തമായി ഒരു മെത്രാൻ പോലുമില്ലാതെ, ഇടയനില്ലാത്ത ആടുകളെപ്പോലെ ചിതറിക്കിടന്ന ദൈവജനത്തിന്റെ നവീകരണത്തിനും കൂട്ടായ്മയ്ക്കും വേണ്ടുന്ന മാർഗ്ഗങ്ങൾ ദൈവസന്നിധിയിലിരുന്ന് അദ്ദേഹം ആരാഞ്ഞു. മാനസാന്തരപ്പെടാനുള്ള ആഹ്വാനത്തോടെ സുവിശേഷം പ്രഘോഷിച്ച് തന്റെ പരസ്യജീവിതം ആരംഭിച്ച മിശിഹായെപ്പോലെ ദൈവവചനപ്രഘോഷകനായിട്ടാണ് അദ്ദേഹം ആദ്യം ദൈവജനത്തിനിടയിലേയ്ക്ക് കടന്നുചെന്നത്. ഞായറാഴ്ചകളിൽ ദൈവവചനപ്രഘോഷണവും ഇടവകകളിൽ ജ്ഞാനധ്യാനങ്ങളും സാധാരണമല്ലാതിരുന്ന ആ കാലത്ത് ചാവറയച്ചൻ സമാരംഭിച്ച ഈ സത്കൃത്യംവഴി ദൈവജനത്തിനുണ്ടായ ആത്മീയ പുരോഗതി വളരെ വലുതായിരുന്നു. മാത്രമല്ല, ജ്ഞാനവും വിശു

ദ്ധിയുമുള്ള നല്ല ഇടയന്മാരും വചനപ്രഘോഷകരും പ്രബോധകരുമുണ്ടാകാൻ സെമിനാരികൾ ആരംഭിച്ചു. വിശുദ്ധ ജീവിതം നയിച്ച് ജനത്തെ വിശുദ്ധിയിൽ വളർത്താനും മിശിഹാ സഭയെ ഏല്പിച്ച ദൗത്യം തുടർന്നുകൊണ്ടുപോകാനും സന്യസ്തരുടെ ആവശ്യകത മനസിലാക്കിയ അദ്ദേഹം സി.എം.ഐ, സി.എം.സി സന്യാസ സമൂഹങ്ങൾ ആരംഭിക്കുകയും, കൊവേന്തകളും കന്യാസ്ത്രിമഠങ്ങളും സ്ഥാപിച്ച് സഭയിൽ നല്ലൊരു സമർപ്പിതനിര രൂപപ്പെടുത്തുകയും ചെയ്തു.

തനിക്കു ഏൽപ്പിക്കപ്പെട്ട വിശ്വാസി സമൂഹത്തിന്റെ സമഗ്രമായ വളർച്ച ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളിൽ ദീർഘവീക്ഷണത്തോടെ അദ്ദേഹം വ്യാപൃതനായിരുന്നു. ജ്ഞാനകുരുടത്തം മാറാതെ വിശുദ്ധിയുടെ മുളപൊട്ടുകയില്ലെന്നും സമുദായം അഭിവൃദ്ധിപ്പെടുകയില്ലെന്നും ഗ്രഹിച്ച് പള്ളിയോടുചേർന്നു പള്ളിക്കൂടങ്ങളും, ജ്ഞാനം പകരുന്ന പുസ്തകങ്ങൾ സംലഭ്യമാക്കാൻ അച്ചടിശാലയും, ആരോരുമില്ലാത്തവർക്കുവേണ്ടി ഉപവിശാലയും വളരെയേറെ പ്രതിബന്ധങ്ങളെ തരണം ചെയ്തു വി. ചാവറയച്ചൻ സ്ഥാപിച്ചു. ചാവറയച്ചന്റെ കൈയൊപ്പു പതിച്ച സമാരംഭങ്ങളെ അനുസ്മരിക്കുമ്പോൾ ആത്മാക്കളുടെ രക്ഷയും ദൈവജനത്തിന്റെ സമഗ്രമായ ഉന്നമനവുമായിരുന്നു ഇതിന്റെയെല്ലാം പിന്നിൽ അദ്ദേഹത്തെ പ്രേരിപ്പിച്ച ചാലകശക്തി എന്ന കാര്യവും വിസ്മരിച്ചുകൂടാ. ദൈവാശ്രയത്തിൽ അടിയുറച്ച ക്രിയാത്മകമായ പ്രവർത്തനശൈലികൊണ്ടും ഉച്ചനീചത്വങ്ങൾ താണ്ടിയുള്ള ഒരുസമൂഹ നിർമ്മിതിക്കുവേണ്ടി അക്ഷീണം യത്നിച്ചതിനാലും ചാവറയച്ചൻ ഒരു സാമൂഹിക പരിഷ്കർത്താവെന്ന നിലയിലും അറിയപ്പെടുന്നുണ്ട്.

ലോകത്തിൽ എവിടേയും ശ്ലാഘിക്കപ്പെടുന്ന ഒന്നാണ് നമ്മുടെ സഭയിലെ കുടുംബങ്ങൾ. വിശ്വാസവും വിശ്വസ്തതയും വിശുദ്ധിയുമുള്ള കുടുംബങ്ങൾ കെട്ടിപ്പടുക്കുവാൻ ചാവറയച്ചന്റെ *ഒരു നല്ല അപ്പന്റെ ചാവരുൾ* ഉളവാക്കിയ സ്വാധീനം വാക്കുകൾക്കതീതമാണ്. ആധുനിക കുടുംബങ്ങൾ നേരിടുന്ന പല വെല്ലുവിളികൾക്കുമുള്ള പ്രതിവിധി ആ ചെറുകൃതിയിൽ കണ്ടെത്താനാകും. നല്ല ക്രിസ്ത്യാനി കുടുംബം സ്വർഗ്ഗരാജ്യത്തിനു സദൃശ്യമാകുന്നു എന്ന് പഠിപ്പിച്ചുകൊണ്ട് ഓരോ കുടുംബവും സ്വർഗ്ഗരാജ്യതുല്യം വളരണം എന്ന ഉയർന്ന ലക്ഷ്യം ക്രൈസ്തവസമൂഹത്തിന് നൽകുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. ചിട്ടയും ക്രമവുമുള്ള കുടുംബത്തിനേ ഭദ്രതയുണ്ടാവു എന്നും അതിനുതകുന്ന രീതിയിൽ മക്കളുടെ വളർച്ചയിൽ ശ്രദ്ധ വേണമെന്നും അദ്ദേഹം സ്നേഹപൂർവ്വം നിഷ്കർഷിക്കുന്നുണ്ട്. ദൈവ

സ്നേഹത്തിൽ അടിസ്ഥാനമിട്ട് പരസ്പര സ്നേഹത്തിലും കരുതലിലും വളർന്നു പന്തലിക്കുവാൻ ഉപയുക്തമായ ഒരുകുടുംബ ദർശനം പത്തൊമ്പതാം നൂറ്റാണ്ടിൽ ഭാരതസഭയ്ക്ക് നൽകുവാൻ വി. ചാവറയച്ചന് കഴിഞ്ഞു എന്നുള്ളത് കൃതജ്ഞത യോടെ അനുസ്മരിക്കുന്നു.

പ്രിയ മക്കളേ, ഇപ്രകാരം നമ്മുടെ സഭയെ ധീരതയോടെ നയിച്ച ഈ പുണ്യചരിതന്റെ ജീവിതത്തെ അടുത്തറിയാനും അനുകരിക്കാനും ഈ ശതോത്തരസുവർണ്ണ ജൂബിലി അനുസ്മരണം ഇടയാക്കട്ടെ. അതിനായി ക്രമീകരിക്കപ്പെടുന്ന കർമ്മപരിപാടികളോട് നിർല്ലോഭം സഹകരിക്കാനും ആത്മീയാഭിവൃദ്ധി കൈവരിക്കാനും ദൈവജനം മുഴുവനോടും ഞാൻ അഭ്യർത്ഥിക്കുന്നു. വി. ചാവറയച്ചനെപ്പോലെ സഭയോടുള്ള പ്രതിബദ്ധതയിൽ ജീവിച്ച് മിശിഹായുടെ ദൗത്യം പൂർത്തീകരിക്കാൻ എല്ലാസഭാതനയർക്കും ഈ അനുസ്മരണവർഷം അവസരമൊരുക്കട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെയും വി. കുര്യാക്കോസ് ഏലിയാസച്ചന്റെയും മാദ്ധ്യസ്ഥത നമുക്ക് സഹായകമാകട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ട്,

മിശിഹായിൽസ്നേഹപൂർവ്വം,

**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോമലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2019-ാ മാണ്ട് ഡിസംമ്പർമാസം 11-ാം തീയതി നൽകപ്പെട്ടത്.

---

NB: ഈ സർക്കുലർ 2020 ജനുവരി 12-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും ഞായറാഴ്ച കുർബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

Prot. No. 705/2019, Circular No. 21/2019

# ശാന്തിതീരം കൗൺസിലിംങ് ഇൻസ്റ്റിറ്റ്യൂട്ട്

ഈശോയിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

2017-നവംബർ മാസം കൂടിയ തലശ്ശേരി അതിരൂപതാ അസംബ്ലിയുടെ തീരുമാനങ്ങൾ ഓരോന്നായി നമ്മൾ നടപ്പിലാക്കുകയാണല്ലോ. അതിലെ ഒരു പ്രധാനതീരുമാനമാണ് അതിരൂപതയുടെ നേതൃത്വത്തിൽ ഒരു പ്രൊഫഷണൽ കൗൺസിലിംഗ് സെന്ററും ഫാമിലി കൗൺസിലിംഗ് സെന്ററും തുടങ്ങുകയെന്നുള്ളത്. അതിനാൽ 2020 ജനുവരി 28-ാം തീയതി സിഫാം (SiFam - ശാന്തിതീരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാമിലി ആന്റ് മെന്റൽഹെൽത്ത്) എന്ന പേരിൽ തലശ്ശേരി ക്കടുത്തുള്ള പൊന്ന്യത്തു നായനാർ റോഡിൽ ആരംഭിക്കുകയാണ്. കുടുംബ പ്രശ്നങ്ങളും കുട്ടികളുടെ പ്രശ്നങ്ങളും കൂടിവരുന്ന ഈ കാലഘട്ടത്തിൽ പ്രൊഫഷണൽ സഹായം ലഭിക്കുക വളരെ അത്യാവശ്യമാണ്. തുടക്കത്തിൽ തന്നെ അത് പരിഹരിച്ചാൽ വളരെ നന്നായി മുൻപോട്ടു പോകുന്നതായി പല ശാസ്ത്രീയ പഠനങ്ങളും സൂചിപ്പി ക്കുന്നു. കുട്ടി കളുടെയും കൗമാരക്കാരുടെയും സമഗ്രവളർച്ചയ്ക്കും കൗൺസിലിംഗും തെറാപ്പികളും സഹായിക്കുന്നുണ്ട്. മാനസികാരോഗ്യം സമഗ്ര വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്. അതിന് സഹായകരമാകുന്ന രീതിയിലാണ് ഈ സ്ഥാപനം ആരംഭിക്കുന്നത്. നമ്മുടെ നാട്ടിലെ നാനാജാതി മതസ്ഥർക്കുംകൂടി ഉപകാരപ്പെടണമെന്ന ആഗ്രഹത്തോടെയാണ് ഇത് ഉദ്ഘാടനം ചെയ്യപ്പെടുന്നത്. മാനസികാരോഗ്യരംഗത്ത് സമഗ്രവളർച്ചയുണ്ടാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

ദമ്പതികൾക്കും യുവജനങ്ങൾക്കും കൗമാരക്കാർക്കും കുട്ടികൾക്കുമുള്ള കൗൺസിലിംഗ് സൈക്കോതെറാപ്പി സൗകര്യം, ദമ്പതിമാർക്ക് താമസിച്ചുള്ള സൈക്കോസ്പിരിച്വൽ പ്രോഗ്രാം, ഫാമിലി പാർക്ക്, ഡിവോഴ്സ് പ്രിവൻഷൻ പ്രോഗ്രാം, വിവാഹപരിപോഷണ ശില്പശാലകൾ, മാതാപിതാക്കൾക്കും യുവജനങ്ങൾക്കും കൗമാരക്കാർക്കുമുള്ള മനഃശാസ്ത്ര ശില്പശാലകൾ മുതലായവ ഇവിടെ നടത്തപ്പെടും. 2020 ഫെബ്രുവരി 23 മുതൽ കത്തോലിക്കരല്ലാത്ത പൊതുജനങ്ങൾക്കുള്ള പ്രീ-മാരിറ്റൽ ട്രെയിനിംഗ് വിദഗ്ദരുടെ നേതൃത്വത്തിൽ ഇവിടെ നടത്തുന്നതാണ്. സമീപ-ഭാവിയിൽത്തന്നെ മനഃശാസ്ത്ര കൗൺസിലിംഗ് കോഴ്സുകളും ആരംഭിക്കുന്നുണ്ട്. 2013 മുതൽ പടന്നക്കാട് നടത്തിവരുന്ന കൗൺസിലിംഗ് സെന്ററിന്റെ സഹായം

എല്ലാ തിങ്കളാഴ്ചയും വ്യാഴാഴ്ചകളിലും കരുവൻചാൽ സെന്റ് ജോസഫ് ഹോസ്പിറ്റലിലെ സെന്ററിന്റെ സഹായം എല്ലാ ബുധനാഴ്ചയും ലഭ്യമാകുന്നതാണ്. നിങ്ങൾക്കും മറ്റ് നാനാജാതി മതസ്ഥർക്കും ഈ സൗകര്യങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്. മനഃശാസ്ത്രത്തിൽ ഡോക്ടറേറ്റ് ബിരുദം കരസ്ഥമാക്കിയ ഫാ. സെബാൻ ചെരിപുറത്തിനെയും ഫാ. മാത്യു അരീപ്ലാക്കലിനെയുമാണ് ഇതിന്റെ ഉത്തരവാദി ത്വങ്ങൾ ഏല്പിച്ചിരിക്കുന്നത്.

ശാസ്ത്രീയമായ കൗൺസിലിംങ് സന്തോഷകരമായ വ്യക്തി ജീവിതത്തിനും കുടുംബജീവിതത്തിനും സഹായകരമാണ് എന്ന തിരിച്ചറിവ് ഇന്ന് പൊതുസമൂഹത്തിലുണ്ട്. ഇന്നത്തെ സമൂഹത്തിന്റെ വലിയ ഒരു ആവശ്യമാണ് എന്ന് മനസ്സിലാക്കികൊണ്ടാണ് വിപുലമായ സൗകര്യങ്ങളോടുകൂടിയ ഈ കൗൺസിലിംങ് ഇൻസ്റ്റിറ്റ്യൂട്ട് നാം ആരംഭിക്കുന്നത്. ഈ സ്ഥാപനത്തിന്റെസേവനങ്ങൾ പ്രയോജനപ്പെടുത്തി ആനന്ദകരമായ ജീവിതത്തിലേക്ക് തിരികെവരാൻ അനേകം പേർക്ക് സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

സ്നേഹാശംസകളോടെ,

തലശ്ശേരി **മാർ ജോർജ് ഞറളക്കാട്ട്**
26-12-2019 തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2020 ജനുവരി മാസം 26-ാം തീയതി ഞായറാഴ്ച എല്ലാ ഇടവക ദൈവാലയങ്ങളിലും വി. കുർബാനമധ്യേ വായിക്കേണ്ടതാണ്.




## 1. പുതിയ നിയമനങ്ങൾ

| | | |
|---|---|---|
| ഫാ. ജോസഫ് തുരുത്തിപ്പള്ളി | – പഠനം, യു.എസ്.എ. | |
| ഫാ. കൊറ്റനാൽ മൈക്കിൾ (കപ്പൂച്ചിൻ) | – അസി. വികാരി കടുമേനി | |
| ഫാ. കദളിക്കുന്നേൽ മാത്യു (കപ്പൂച്ചിൻ) | – ,, | പെരുമ്പുന്ന |
| ഫാ. പറമ്പുമുറിയിൽ സെബാസ്റ്റ്യൻ (കപ്പൂച്ചിൻ) | – ,, | വിളക്കന്നൂർ |
| ഫാ. അഗസ്റ്റിൻ കട്ടയ്ക്കൽ ഒ.എസ്.ബി | – ,, | ചെമ്പേരി |

## 2. പുതിയ പാരീഷ് കൗൺസിലുകളുടെ രൂപീകരണം

2020–2023 വർഷത്തേക്കുള്ള പാരീഷ്കൗൺസിലുകളുടെ രൂപീകരണത്തിനുള്ള വിജ്ഞാപനം അഭിവന്ദ്യപിതാവ് പുറപ്പെടുവിച്ചിരിക്കുന്നത് ഈ ലക്കം ഗിരിദീപത്തിൽ നല്കിയിട്ടുണ്ട്. ഏപ്രിൽ മാസംമുതൽ പുതിയ പാരീഷ് കൗൺസിലുകൾ എല്ലാ ഇടവകയിലും നിലവിൽ വരണം. പുതിയ കുടുംബക്കൂട്ടായ്മ ഭാരവാഹികൾ, പുതിയ ഇടവക കോഡിനേറ്റർമാർ തുടങ്ങിയവരും ഇതോടൊപ്പം തിരഞ്ഞെടുക്കപ്പെടണം. ബഹുമാനപ്പെട്ട വികാരിയച്ചന്മാർക്ക് തിരഞ്ഞെടുപ്പുകൾ നടത്താൻ മൂന്നുമാസത്തെ സാവകാശം ലഭിക്കുന്നതിനാണ് ഇപ്പോൾ വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നത്. മാർച്ച് 31-ന് തിരഞ്ഞെടുപ്പുകൾ പൂർത്തിയാക്കാൻ ശ്രദ്ധിക്കുമല്ലോ.

## 3. 2020-ലെ പ്രധാന പരിപാടികളുടെ തീയതികൾ

2020 – ൽ നടക്കാൻ പോകുന്ന പ്രധാന പൊതുപരിപാടികളുടെ തീയതികൾ ഈ ലക്കം ഗിരിദീപത്തിന്റെ അവസാനപേജിൽ നല്കിയിട്ടുണ്ട്. പ്രസ്തുത തീയതികൾ ബഹുമാനപ്പെട്ട വൈദികർ ഡയറിയിൽ കുറിച്ചുവയ്ക്കാനും ആ ദിവസങ്ങളിൽ മറ്റ് പരിപാടികൾ ഏറ്റെടുക്കാതിരിക്കാനും ശ്രദ്ധിക്കുമല്ലോ.

## 4. പുതിയ അഡ്രസ്സ്

ബഹു. ഡയസ് തുരുത്തിപള്ളിയച്ചൻ അമേരിക്കയിലെ ബ്രിഡ്ജ് പോർട്ട് രൂപതയിൽ അജപാലനശുശ്രൂഷയ്ക്കും ഉപരിപഠനത്തിനുമായി

പോയിരിക്കുന്നു. പുതിയ സ്ഥലത്ത് എല്ലാ വിജയങ്ങളും ആശംസിക്കുന്നു.

അഡ്രസ്സ് : Fr. Dious Joseph
Holy Family Church
700 Old Stratfield Rd.
Fairfield, CT 06825
USA
Phone +14752109726

## 5. സീറോ-മലബാർ മിഷൻവാരാചരണം

ഈ മാസത്തെ ഗിരിദീപത്തിൽ കൊടുത്തിരിക്കുന്ന അഭിവന്ദ്യ മേജർ ആർച്ചുബിഷപ്പിന്റെ സർക്കുലറിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ 2020 ജനുവരി 6 മുതൽ 12 വരെ സീറോ-മലബാർ പ്രേഷിതവാരം ആഘോഷിക്കുകയാണ്. എല്ലാ ഇടവകകളിലും പ്രേഷിതവാരം അർത്ഥവത്തായി നടത്താൻ പരിശ്രമിക്കണം. പള്ളികളിൽ പ്രത്യേകം പറഞ്ഞ് സംഭാവന സ്വീകരിക്കുകയും സീറോ-മലബാർ മിഷനെ സഹായിക്കാൻ ഈ തുക ജനുവരിമാസത്തിൽ തന്നെ അതിരൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു.

## 6. സഭൈക്യവാരം 2020

ലോകത്തിലെ എല്ലാ ക്രൈസ്തവവിഭാഗങ്ങളും ഒന്നിച്ച് ക്രൈസ്തവ ഐക്യത്തിനായുള്ള പ്രാർത്ഥനാവാരം 2020 ജനുവരി 18 മുതൽ 25 വരെ ആചരിക്കുന്നു. "അവർ ഞങ്ങളോട് അസാധാരണമായ കാരുണ്യം കാണിച്ചു." (അപ്പ. 28:12) എന്നതാണ് ഈ വർഷത്തെ വിചിന്തനവിഷയം. സഭൈക്യ ശ്രമങ്ങൾ വിജയിക്കുന്നതിനായി പ്രാർത്ഥിക്കുവാൻ പള്ളികളിൽ അറിയിക്കുമല്ലോ.

## 7. ഇടവകകൾക്കുവേണ്ടി മൊബൈൽ ആപ്ലിക്കേഷൻ

സീറോ-മലബാർ ഇന്റർനെറ്റ് മിഷന്റെ നേതൃത്വത്തിൽ നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകകൾക്കുംവേണ്ടി ഒരു മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. ഇടവകാംഗങ്ങൾക്ക് ഉപകാരപ്രദമായ നിരവധികാര്യങ്ങൾ ഈ ആപ്ലിക്കേഷൻവഴി ലഭിക്കും. ഇടവകവികാരി അനുവദിക്കുന്ന ആളുകൾക്ക് മാത്രമായി ഈ ആപ്ലിക്കേഷന്റെ ഉപയോഗം പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രവർത്തന ക്ഷമമാകണമെങ്കിൽ ഓരോ ഇടവകയിലെയും കുടുംബങ്ങളുടെ വീട്ടുപേര്, ഗൃഹനാഥന്റെ പേര്, ഓരോ കുടുംബത്തിൽനിന്നും ഫോൺ ഉപയോഗിക്കാനറിയാവുന്ന ഒരാളുടെ ഫോൺ നമ്പർ എന്നിവ ശേഖരിച്ച് നല്കണം. കുടുംബ കൂട്ടായ്മ ഭാരവാഹികൾ വഴി ഈ മാസംതന്നെ ഈ വിവരങ്ങൾ ശേഖരിക്കണം. വിശദവിവരങ്ങൾക്ക് തലശ്ശേരി അതിരൂപതാ ഇന്റർനെറ്റ് മിഷന്റെ ഓഫീസുമായി ബന്ധപ്പെടണമെന്ന് അഭ്യർത്ഥിക്കുന്നു. ഫോൺ : 9544 918 683

## 8. ആദരാഞ്ജലികൾ

**ശ്രീ മാത്യു പാലാക്കുഴി (86) :** പൈസക്കിരി ദേവമാതാ ഫൊറോന പള്ളി വികാരി ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ പാലാക്കുഴി അച്ചന്റെ വത്സല പിതാവ് ശ്രീ മാത്യു പാലാക്കുഴി 2019 നവംബർ 27-ാം തീയതി നിര്യാതനായി. മൃതസംസ്കാരശുശ്രൂഷ 2019 നവംബർ 28-ാം തീയതി മണിക്കടവ് സെന്റ് തോമസ് ദൈവാലയത്തിൽ നടന്നു. ആർച്ചുബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് ഭവനം സന്ദർശിച്ചു പ്രാർത്ഥിച്ചു. അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് കർമ്മങ്ങൾക്ക് നേതൃത്വം നല്കി. പരേതന് നിത്യശാന്തി നേരുകയും സന്തപ്ത കുടുംബാംഗങ്ങളെ അനുശോചനമറിയിക്കുകയും ചെയ്യുന്നു.

**ശ്രീ. തോമസ് ആശാരികുന്നേൽ (78):** വിമൽ ജ്യോതി എഞ്ചിനിയറിംഗ് കോളജ് ബർസാർ ബഹു. ജോർജ് ആശാരികുന്നേലച്ചന്റെ വത്സല പിതാവ് ശ്രീ. തോമസ് ആശാരികുന്നേൽ 2019 ഡിസംബർ 19-ാം തീയതി നിര്യാതനായി. ഡിസംബർ 20-ന് കള്ളാർ ഉണ്ണിമിശിഹാ ദൈവാലയത്തിൽ നടന്ന മൃതസംസ്കാര ശുശ്രൂഷകൾക്ക് ആർച്ച് ബിഷപ്പ് മാർ ജോർജ് വലിയമറ്റം നേതൃത്വം നല്കി. പരേതന് നിത്യശാന്തി നേരുകയും സന്തപ്ത കുടുംബാംഗങ്ങളെ അനുശോചനമറിയിക്കുകയും ചെയ്യുന്നു.

## 9. സ്നേഹസ്മൃതി

1. റവ. ഫാ. തോമസ് പറമ്പേട്ട് - 02-01-2015
2. റവ. ഫാ. ജോസഫ് പരിയാരം - 06-01-1979
3. റവ. ഫാ. ജോബ് മൈലാടിയിൽ സിഎംഐ - 06-01-2016
4. റവ. ഫാ. മാത്യു വള്ളോംകുന്നേൽ - 09-01-2016
5. റവ. ഫാ. ഫൗസ്റ്റിൻ പാറയിൽ സിഎംഐ - 10-01-1994
6. റവ. ഫാ. ജോസഫ് ആലക്കൽ - 17-01-2014
7. മോൺ. ജോസഫ് കണിയാമറ്റം - 17-01-2014
8. റവ. ഫാ. കെറുബിൻ പൊരിയത്ത് സിഎംഐ - 18-01-1960
9. റവ. ഫാ. ബർനാർഡിൻ സിഎംഐ - 18-01-1989
10. റവ. ഫാ. ജോസഫ് കോട്ടേപ്പറമ്പിൽ - 21-01-2007
11. റവ. ഫാ. ജോസഫ് മൈലാടൂർ - 21-01-2016
12. റവ. ഫാ. ജോസഫ് കുന്നേൽ സിഎംഐ - 23-01-2003
13. റവ. ഫാ. അബ്രാഹം പൊരുന്നോലിൽ - 31-01-1986

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

Prot. No.706/19

# വിജ്ഞാപനം

## പാരീഷ് കൗൺസിൽ അംഗങ്ങളുടെ തിരഞ്ഞെടുപ്പ്

പ്രിയ ബഹു. വികാരിയച്ചന്മാരെ,

2017-2020 വർഷങ്ങളിൽ പാരീഷ് കൗൺസിൽ (ഇടവക പ്രതിനിധിയോഗം) അംഗങ്ങളായി പ്രവർത്തിച്ചുവരുന്നവരുടെ കാലാവധി ഈ വരുന്ന മാർച്ച് 31ന് അവസാനിക്കുകയാണല്ലോ. ഇടവകയുടെ നാനാവിധത്തിലുള്ള പുരോഗതിക്കുവേണ്ടി സമയവും ആരോഗ്യവും സമ്പത്തും വ്യയം ചെയ്ത് ആത്മാർത്ഥമായി സേവന മർപ്പിച്ച അവർക്കോരോരുത്തർക്കും ഹൃദയപൂർവ്വം നന്ദി പറയുന്നു. പുതിയ ഇടവക പ്രതിനിധികളെ 2020 മാർച്ച് 31ന് മുമ്പ് തിരഞ്ഞെടുത്ത് എല്ലാ ഇടവകകളിലും പുതിയ പാരീഷ് കൗൺസിലിന് രൂപം കൊടുക്കുകയും അവരുടെ പേരുവിവരം അതിരൂപതക്കച്ചേരി യിൽ അറിയിക്കുകയും ചെയ്യണം. പ്രതിനിധികളുടെ തിരഞ്ഞെടുപ്പിൽ പാലിക്കേണ്ടക്രമവും വ്യവസ്ഥകളും താഴെ ചേർക്കുന്നു.

**1. ഉദ്യോഗവശാലുള്ള അംഗങ്ങൾ**

ഇടവകവികാരി, അസി. വികാരി (മാർ) തന്നാണ്ട് കൈക്കാരന്മാർ, ഇടവകയിൽനിന്നും അതിരൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുണ്ടെങ്കിൽ അവർ, രൂപത അംഗീകരിച്ചിട്ടുള്ള സംഘടനകളുടെ പ്രസിഡന്റുമാർ, ഇൻഫാം, റ്റി.എസ്.എസ്.എസ്. എന്നിവയുടെ ഓരോ കത്തോലിക്കാ പ്രതിനിധി.

**2. നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ**

ഇടവകയുടെ പുരോഗതിക്ക് സഹായിക്കുന്ന വിവിധ തലങ്ങളിൽ നിന്നുള്ള വിദഗ്ദരെ (ഉദാ. എഞ്ചിനീയർമാർ, അഡ്വക്കേറ്റ്സ്, ദൈവശാസ്ത്രബിരുദം നേടിയവർ) ഇടവക വികാരിക്ക് നാമനിർദ്ദേശം ചെയ്യാം. പത്തോ അതിൽ കൂടുതലോ ദളിത് ക്രൈസ്തവ കുടുംബങ്ങളുള്ള ഇടവകകളിൽ തെരഞ്ഞെടുപ്പുവഴി പ്രാതിനിധ്യം ലഭിക്കുന്നില്ലെങ്കിൽ ഇടവക വികാരി അവരിലൊരാളെ യോഗാംഗമായി നാമനിർദ്ദേശം ചെയ്യണം.

**3. തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ**

മുൻ വർഷങ്ങളിൽ നിന്നു വ്യത്യസ്തമായി കുടുംബക്കൂട്ടായ്മ ഭാരവാഹികളിൽ നിന്നാണ് ഇടവക പ്രതിനിധി യോഗാംഗങ്ങളുടെ

തിരഞ്ഞെടുപ്പ് നടത്തേണ്ടത്. നിലവിലുള്ള കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ കാലാവധിയും 2020 മാർച്ച് 31-ന് അവസാനിക്കും (കുടുംബക്കൂട്ടായ്മ നിയമാവലി പേജ് 14), അതുകൊണ്ട് നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകകളിലും 2020 മാർച്ച് 31 ന് മുമ്പ് പുതിയ കുടുംബക്കൂട്ടായ്മ ഭാരവാഹികളെയും പാരീഷ് കൗൺസിൽ അംഗങ്ങളെയും തിരഞ്ഞെടുക്കണം.

1. കുടുംബക്കൂട്ടായ്മ യൂണിറ്റ് യോഗം ചേർന്ന് അതിൽ വച്ചാണ് ആ യൂണിറ്റിൽനിന്നുമുള്ള പ്രതിനിധികളെ തിരഞ്ഞെടുക്കേണ്ടത്. ഓരോ യൂണിറ്റിൽനിന്നും കുടുംബക്കൂട്ടായ്മ ഭാരവാഹികളായി പ്രസിഡന്റ്, വൈസ്പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, കൺവീനർ എന്നിവരെ തിരഞ്ഞെടുക്കണം. ഇവരിൽനിന്ന് രണ്ട് പേരെ പാരീഷ് കൗൺസിൽ അംഗങ്ങളായി തിരഞ്ഞെടുക്കണം.
2. ഓരോ ഇടവകയിലും പ്രതിനിധിയോഗത്തിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നവരിൽ 35% വനിതകളായിരിക്കണം. (ഇടവകയിലെ മൊത്തം കുടുംബക്കൂട്ടായ്മ യൂണിറ്റ്കളിൽനിന്നും നറുക്കെടുപ്പിലൂടെ 35% യൂണിറ്റുകളെ വനിതാസംവരണ യൂണിറ്റുകളായി നിശ്ചയിക്കുകയോ 70% യൂണിറ്റുകളിൽ രണ്ടു പ്രതിനിധികളിൽ ഒരാളെ വനിതകളിൽ നിന്ന് തിരഞ്ഞെടുക്കുകകയോ ചെയ്യാം). അഞ്ച് കുടുംബക്കൂട്ടായ്മ ഭാരവാഹികളിൽ രണ്ടുപേരെങ്കിലും വനിതകളായിരിക്കണം.
3. തിരഞ്ഞെടുപ്പിൽ ഓരോ കുടുംബത്തിലെയും കുടുംബനാഥനും കുടുംബനാഥയ്ക്കും വോട്ടവകാശം ഉണ്ടായിരിക്കും. ഇവർക്ക് വോട്ട് രേഖപ്പെടുത്താൻ അസൗകര്യമുള്ളപ്പോൾ കുടുംബത്തിലെ പ്രായപൂർത്തിയായ മറ്റൊരു പുരുഷനെയോ സ്ത്രീയെയോ രേഖാമൂലം ചുമതലപ്പെടുത്താവുന്നതാണ്.
4. ഇടവകയിലെ സമർപ്പിത സമൂഹങ്ങളുടെ പ്രതിനിധികളായി പുരുഷന്മാരുടെ സമൂഹങ്ങളിൽനിന്നും ഒരാളെയും സ്ത്രീകളുടെ സമൂഹത്തിൽനിന്ന് ഒരാളെയും മൊത്തം സമൂഹങ്ങളുടെ പ്രതിനിധികളുടെ ഒരു മീറ്റിംഗ് ഇടവക വികാരി വിളിച്ചുകൂട്ടി തിരഞ്ഞെടുക്കണം. ഒന്നോ രണ്ടോ സന്യാസഭവനങ്ങൾ മാത്രമുള്ള ഇടവകകളിൽ എല്ലാഭവനങ്ങളുടെയും സുപ്പീരിയർമാരെയും അംഗങ്ങളാക്കാം.
5. സൺഡേസ്കൂൾ അധ്യാപകരുടെ ഒരു പ്രതിനിധിയെ അവർ തിരഞ്ഞെടുക്കുക.
6. ഇടവകയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും ഇടവക

ക്കാരനായ പ്രതിനിധിയെ തിരഞ്ഞെടുക്കണം. അതുപോലെ ഇടവകയ്ക്ക് മറ്റ് സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ അവയുടെ പ്രതിനിധിയെയും ഇടവകവികാരി വിളിച്ചുകൂട്ടുന്ന ഒരു മീറ്റിംഗിൽ വച്ച് തിരഞ്ഞെടുക്കേണ്ടതാണ്.

**പ്രത്യേകം ശ്രദ്ധിക്കേണ്ടകാര്യങ്ങൾ**

1. **യോഗ്യത :** ഇടവകാംഗങ്ങളുടെ അധ്യാത്മിക വളർച്ചയ്ക്കും സാമൂഹികവും സാംസ്കാരികവുമായ ഉന്നമനത്തിനും വിശ്വാസ രൂപീകരണത്തിനും നാനാവിധ വികസനപ്രവർത്തന ങ്ങൾക്കും ബഹു. വികാരിയച്ചനോട് ചേർന്ന് പ്രവർത്തിക്കാൻ സന്മനസ്സും, സേവനതല്പരതയും, നേതൃത്വപാഠവും ഉള്ളവരെ തിരഞ്ഞെടുക്കുവാൻ പ്രോത്സാഹിപ്പിക്കണം. പാരീഷ് കൗൺസിൽ അംഗങ്ങൾ പരസ്യപാപികളോ, പള്ളിമുടക്കിൽപ്പെട്ടവരോ, സന്മാർഗ്ഗ ഭ്രംശ കുറ്റങ്ങൾക്ക് ശിക്ഷിക്കപ്പെട്ടവരോ, നിരീശ്വരവാദം, യുക്തിവാദം, ഭൗതീകവാദം, വർഗ്ഗസമരം, സായുധവിപ്ലവം, ഏതെങ്കിലും പ്രത്യേക ജനവിഭാഗത്തിന്റെ സർവ്വാധിപത്യം തുടങ്ങിയ പ്രത്യേയ ശാസ്ത്രങ്ങളിൽ വിശ്വസിക്കുകയോ അതിന്മേൽ അടിസ്ഥാനമിട്ടിരിക്കുന്ന ഏതെങ്കിലും സംഘടനയിലോ പ്രസ്ഥാനത്തിലോ അംഗത്വമുള്ളവരോ അനുഭാവം പുലർത്തുന്നവരോ ആയിരിക്കരുത്. അതുപോലെ സഭാവിരുദ്ധ പ്രബോധനങ്ങൾ നടത്തുന്ന വിഘടിത വിഭാഗങ്ങളിൽ പ്രവർത്തിക്കുന്ന വ്യക്തികൾക്കും പാരീഷ്കൗൺസിൽ അംഗമാകാൻ സാധിക്കുകയില്ല.
2. ഔദ്യോഗികാംഗങ്ങളും നോമിനേറ്റ് ചെയ്യപ്പെടുന്നവരുംകൂടി ആകെ അംഗങ്ങളുടെ മൂന്നിൽ ഒന്ന് കവിയരുത്.
3. തുടർച്ചയായി രണ്ടുപ്രാവശ്യത്തിൽകൂടുതൽ ഒരാളെ വാർഡ് പ്രതിനിധിയായി തിരഞ്ഞെടുക്കാൻ പാടില്ല.
4. പുതിയ പാരീഷ് കൗൺസിലിൽ നിന്നും കോ-ഓർഡിനേറ്ററേയും പാരീഷ്കൗൺസിൽ സെക്രട്ടറിയെയും തിരഞ്ഞെടുക്കണം. നിലവിലുള്ള എല്ലാ ഇടവക കോഡിനേറ്റർമാരുടെയും (മൂന്ന് വർഷം പൂർത്തിയാകാത്തവരുൾപ്പെടെ) കാലാവധി മാർച്ച് 31-ഓടെ അവസാനിക്കും.
5. 2020-21 വർത്തേയ്ക്കുള്ള കൈക്കാരന്മാരെ പൊതുയോഗം തിരഞ്ഞെടുക്കുമ്പോൾ അതിൽ രണ്ടുപേരെങ്കിലും പുതിയ പാരീഷ്കൗൺസിലിലെ അംഗങ്ങളായിരിക്കണം.

6. പുതിയ പാരീഷ് കൗൺസിൽ അംഗങ്ങളുടെ സത്യപ്രതിജ്ഞ 2020 ഏപ്രിൽ 5-ാം തീയതി ഞായറാഴ്ചയോ തൊട്ടുമുമ്പുള്ള ഇടദിവസങ്ങളിലോ നടത്തേണ്ടതാണ്. പ്രതിജ്ഞയുടെ മാതൃക അതിരൂപതാ നിയമാവലിയുടെ അനുബന്ധത്തിൽ നല്കിയിരിക്കുന്നതിന്റെ കോപ്പി എടുക്കുകയോ അതിരൂപതാ കച്ചേരിയിൽനിന്ന് വാങ്ങുകയോ ചെയ്യാവുന്നതാണ്.

7. പുതിയ പാരീഷ് കൗൺസിൽ അംഗങ്ങളുടെ ലിസ്റ്റ്, പുതിയ കോഡിനേറ്ററുടെ പേര്, ഫോൺ നമ്പർ എന്നിവ ആണ്ട് തിരട്ട് പാസ്സാക്കാൻ വരുമ്പോൾ കൊണ്ടുവരേണ്ടതാണ്.

സ്നേഹാശംസകളോടെ,

തലശ്ശേരി **മാർ ജോർജ് ഞറളക്കാട്ട്**
29-12-2019 തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

# ഉത്തരമലബാർ കർഷക പ്രക്ഷോഭം

## 1. നന്ദി

Prot.No. 702/19, Circular No. 20/19

ഈശോയിൽ പ്രിയ വൈദികരേ,സിസ്റ്റേഴ്സ്, സഹോദരീസഹോദരൻമാരേ,

ഡിസംബർ 9 ന് കണ്ണൂരിൽ നടന്ന ഉത്തരമലബാർ കർഷകമഹാസംഗമവും റാലിയും വൻവിജയമാക്കിത്തീർത്ത നിങ്ങൾക്കേവർക്കും ഹൃദയപൂർവ്വമായ നന്ദി അറിയിക്കുന്നു. ജനപങ്കാളിത്തം കൊണ്ടും അച്ചടക്കം കൊണ്ടും ആവേശം കൊണ്ടും ചരിത്രം കുറിച്ച ഒരു സമ്മേളനമായിരുന്നു നാം കണ്ണൂരിൽ നടത്തിയത്. ഏകദേശം ഒരു ലക്ഷത്തോളം ആളുകൾ പങ്കെടുത്തു എന്നാണ് അനൗദ്യോഗിക കണക്കുകൾ പറയുന്നത്. ചുട്ടുപൊള്ളുന്ന വെയിലിന്റെ കനത്തചൂടിനെ അവഗണിച്ച് പൊതുയോഗത്തിലും റാലിയിലും ആവേശത്തോടെ പങ്കെടുത്ത നിങ്ങൾക്കെല്ലാവർക്കും ഞാൻ ഹൃദയംനിറഞ്ഞ നന്ദി അറിയിക്കുന്നു.

കഴിഞ്ഞ ഒക്ടോബർ 13-ന് ഇടവകകൾതോറും തീർത്ത കണ്ണീർ ചങ്ങലയോടയൊയിരുന്നു നാം ഈ വലിയ സമരപരിപാടിക്ക് തുടക്കം കുറിച്ചത്. അന്നുമുതൽ തെരുവ് യോഗങ്ങൾ, വാഹനജാഥകൾ, പൊതുയോഗങ്ങൾ, സർക്കാരോഫീസുകൾക്കുമുമ്പിൽ ധർണ്ണ, അമ്മമാരുടെ കണ്ണീർക്കഞ്ഞിവയ്പ്പു സമരം, ബൈക്കു റാലി, പന്തംകൊളുത്തിപ്രകടനങ്ങൾ തുടങ്ങി നിരവധി സമര, ബോധവൽക്കരണപരിപാടികൾ ഇടവക, ഫൊറാന തലങ്ങളിൽ നാം നടത്തി. ഇതിനെല്ലാം നേതൃത്വം കൊടുത്ത ഫൊറോന വികാരിമാർ, ഇടവക വികാരിമാർ, ഫൊറോന ചെയർമാൻമാർ, കൺവീനർമാർ, സ്റ്റിയറിംങ് കമ്മറ്റി അംഗങ്ങൾ, ഇടവക കോഡിനേറ്റർമാർ, സംഘടനാ ഭാരവാഹികൾ, തുടങ്ങിയവരെ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

ഡിസംബർ 2-ാം തിയ്യതി കണ്ണൂർ കളക്ട്രേറ്റിനുമുമ്പിൽ നടത്തിയ വൈദികരുടെ ഉപവാസസമരത്തിൽ പങ്കെടുത്ത എല്ലാ വൈദികർക്കും നന്ദി അറിയിക്കുന്നു. ഉപവാസ സമരത്തിന് പിന്തുണയുമായി എത്തിയ എല്ലാ രാഷ്ട്രീയ- സാമൂഹ്യ-സാംസ്ക്കാരിക നേതാക്കൻമാരേയും എല്ലാ ക്രമീകരണങ്ങളും നടത്തിയ അല്മായ നേതാക്കൻമാരേയും നന്ദിയോടെ അനുസ്മരിക്കുന്നു.

കർഷകമഹാസംഗമം വൻവിജയമാക്കിതീർത്തതിനു പിന്നിൽ വളരെയധികംപേരുടെ അക്ഷീണ പ്രയത്നമുണ്ട്. ദൂരെയുള്ള ഇടവകകളിൽ നിന്നു പോലും അതിരാവിലെ പുറപ്പെട്ട് കണ്ണൂരെത്തിയവർ, കൃഷിപ്പണിയും മറ്റു ജോലികളും മാറ്റിവച്ച്, ബസ്സിലും സ്വന്തം വാഹനങ്ങളിലുമായി എത്തിച്ചേർന്നവർ. നിങ്ങളുടെ വലിയ ത്യാഗം ഈ സമ്മേളനത്തിനുപിന്നിലുണ്ട്. കുട്ടികളും സ്ത്രീകളും മുതിർന്നവരും

ഉൾപ്പെടുന്ന വൻ ജനാവലിയുടെ സാന്നിധ്യം തലശ്ശേരി അതിരൂപതയുടെ കൂട്ടായ്മയും മറ്റു രൂപതകളുടെ സഹകരണവും വിളിച്ചോതുന്നതായിരുന്നു. ത്യാഗപൂർവ്വം മഹാസംഗമത്തിൽ സംബന്ധിച്ച എല്ലാവർക്കും, ഒപ്പം നേതൃത്വം കൊടുത്ത വികാരിയച്ചൻമാർക്കും ഫൊറോനാ കൺവീനർമാർക്കും ഇടവക കൈക്കാരൻമാർ, കോഡിനേറ്റർമാർ തുടങ്ങിയവർക്കും നന്ദി. സമ്മേളനത്തിൽ പങ്കെടുത്ത അഭിവന്ദ്യ പിതാക്കൻമാർ, രാഷ്ട്രീയനേതാക്കൻമാർ, തുടങ്ങിയവരെയും കണ്ണൂർ, കോട്ടയം, മാനന്തവാടി, ബത്തേരി രൂപതകളിൽ നിന്നുള്ള അല്മായരേയും വിവിധ കർഷകസംഘടന പ്രതിനിധികളെയും നന്ദിയോടെ ഓർമ്മിക്കുന്നു.

കർഷക മഹാസംഗമം അഭിമാനകരമായ വിധത്തിൽ അച്ചടക്കത്തോടെ നടത്താൻ സാധിച്ചത് സ്റ്റിയറിംഗ് കമ്മറ്റിയും സെൻട്രൽ കമ്മറ്റിയും എല്ലാ കാര്യങ്ങളും കൃത്യമായി ക്രമീകരിച്ചിരുന്നതുകൊണ്ടാണ്. കമ്മറ്റികൾ നിരവധി തവണ യോഗം ചേരുകയും കൃത്യമായ ആസൂത്രണം നടത്തുകയും ചെയ്തു. ഈ കമ്മറ്റി അംഗങ്ങളും, അവരോട് സഹകരിച്ച നിരവധിയാളുകളും അനേകദിവസം അഹോരാത്രം അദ്ധ്വാനിച്ചതുകൊണ്ടാണ് കർഷകമാഹാസംഗമവും റാലിയും ഭംഗിയായി നടത്താൻ നമുക്ക് സാധിച്ചത്. പിന്നണിയിൽ പ്രവർത്തിച്ച എല്ലാവർക്കും നന്ദി പറയുന്നു. വിരമിച്ച സൈനികരുൾപ്പെടയുള്ള വോളന്റിയേഴ്സിനും നന്ദി പറയുന്നു.

വളരെ പ്രത്യേകമായി ഉത്തരമലബാർ കർഷകപ്രക്ഷോഭ സമിതി ചെയർമാൻ മോൺ. ജോസഫ് ഒറ്റപ്ലാക്കൽ ജനറൽ കൺവീനർ ഫാ. മാത്യു ആശാരിപറമ്പിൽ, ജനറൽസെക്രട്ടറി ഫാ. ഫിലിപ്പ് കവിയിൽ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. ജോർജ് തയ്യിൽ എന്നിവർക്ക് നന്ദി പറയുന്നു. അവരുടെ കഠിനാദ്ധ്വാനത്തിന് ദൈവം പ്രതിഫലം നൽകട്ടെ.

സമ്മേളനവേദിയിൽ ഞാൻ പ്രഖ്യാപിച്ചതുപോലെ ഈ സമരം നാം അവസാനിപ്പിക്കുന്നില്ല. നമ്മൾ മുന്നോട്ടുവച്ച ആവശ്യങ്ങൾ നേടിയെടുക്കുന്നതുവരെ ഉത്തരമലബാർ കർഷകപ്രക്ഷോഭം നാം തുടരും. വേണ്ട കൂടിയാലോചനകൾക്കു ശേഷം തുടർനടപടികളെക്കുറിച്ച് നിങ്ങളെ അറിയിക്കുന്നതായിരിക്കും.

## 2. തുടർപ്രവർത്തനങ്ങൾ

ഡിസംബർ 9-ാം തീയതി കണ്ണൂരിൽ നടത്തിയ കർഷകസംഗമത്തിന്റെ തുടർച്ചയായി കർഷകരുടെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടിയുള്ള തുടർപ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കേണ്ടത് ആവശ്യമാണല്ലോ. കർഷക ഐക്യത്തിന് തുടക്കം കുറിക്കാനും കർഷകരുടെ പ്രശ്നങ്ങൾ സർക്കാരിന്റേയും പൊതുസമൂഹത്തിന്റേയും ശ്രദ്ധയിൽപ്പെടുത്താനും കർഷകമഹാസംഗമം വഴി സാധിച്ചു. താഴെപറയുന്ന ചില കാര്യങ്ങൾ ഉടൻതന്നെ ചെയ്യേണ്ടതായിട്ടുണ്ട്.

1. നിലവിലുള്ള ഉത്തര മലബാർ കർഷകപ്രക്ഷോഭ സമിതി രൂപതാ, ഫൊറോനതല സ്റ്റിയറിങ്ങ് കമ്മിറ്റികൾ തുടരണം.
2. രണ്ടാംഘട്ട പ്രക്ഷോഭത്തിന്റെ ഭാഗമായി ജപ്തി നടപടികളെ എതിർക്കാനും വന്യമൃഗശല്യങ്ങളെ പ്രതിരോധിക്കുവാനുമായി പ്രാദേശിക ജനകീയ സമിതികൾ ഇടവകകളിൽ രൂപീകരിക്കണം. ജപ്തി ഭീഷണി നേരിടുന്നവരെ സഹായിക്കണം. അതേസമയം വായ്പ തിരിച്ചടക്കാൻ കഴിവുള്ളവരെ എത്രയും വേഗം തിരിച്ചടക്കാൻ പ്രേരിപ്പിക്കണം.
3. താമസിയാതെ കേരളത്തിൽ നിന്നുള്ള എം.പി.മാരുടെ സഹായത്തോടെ പ്രധാനമന്ത്രിയെക്കണ്ട് നിവേദനം സമർപ്പിക്കുന്നതാണ്.
4. സംസ്ഥാന സർക്കാരുമായി കർഷകരുടെ ആവശ്യങ്ങൾ ചർച്ച നടത്താൻ ഉടനെ നടപടി സ്വീകരിക്കും
5. ജനുവരി മാസത്തിൽ കൃഷി വിദഗ്ദരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു കാർഷിക സെമിനാർ സംഘടിപ്പിക്കും. തുടർന്ന് നൂതനകൃഷിരീതികളെക്കുറിച്ചുള്ള ഫൊറോനതല സെമിനാറുകൾ നടത്തും.

**മാർ ജോർജ് ഞറളക്കാട്ട്**
തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

# വിശ്വാസപരിശീലനം

**"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52).**

പുത്തൻ പ്രതീക്ഷകളുമായി ഒരു പുതിയ വർഷംകൂടി ദൈവം നമുക്ക് നല്കിയിരിക്കുന്നു. കഴിഞ്ഞവർഷത്തെ കുറവുകളെ പരിഹരിച്ചുകൊണ്ട് പുതിയ വർഷത്തിൽ നമുക്ക് കർമ്മോത്സുകരാകാം. വരുംതലമുറയ്ക്ക് ഈശോയെ പകർന്നുകൊടുക്കുന്ന തിരുസഭയുടെ ഏറ്റവും മഹത്തരമായ ശുശ്രൂഷയിൽ നമുക്കും സജീവമായി പങ്കുചേരാം. എല്ലാവർക്കും പുതുവത്സരാശംസകൾ.

## 1. ഡിപ്ലോമ പരീക്ഷ (ക്ലാസ്സ് XII)

XII-ാം ക്ലാസ്സിന്റെ ഡിപ്ലോമ പരീക്ഷ ജനുവരി 26ന് ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിമുതൽ 4 മണിവരെയായിരിക്കും. പരീക്ഷയുടെ സമയത്തിന് മാറ്റം വരുത്താൻ പാടില്ല. 25ന് ഫൊറോന കേന്ദ്രത്തിൽനിന്ന് ചോദ്യപേപ്പർ എടുക്കാവുന്നതാണ്.

## 2. ജനറൽ ചോദ്യങ്ങൾ

ജനുവരി 26ന് നടത്തുന്ന XII-ാം ക്ലാസ്സിലെ വാർഷിക പരീക്ഷയുടെ ജനറൽ ചോദ്യങ്ങൾ ജനുവരി 4 ശനിയാഴ്ച്ച വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. ജനറൽ ചോദ്യങ്ങളിൽനിന്ന് 5 മാർക്കിന്റെ ചോദ്യങ്ങൾ ഉണ്ടായിരിക്കും. അധ്യാപകർ വെബ്സൈറ്റിൽനിന്ന് ജനറൽ ചോദ്യങ്ങളെടുത്ത് കുട്ടികൾക്ക് നല്കി അവരെ ഒരുക്കേണ്ടതാണ്.

## 3. പരീക്ഷാ സൂപ്പർവൈസർമാർ

ജനുവരിയിൽ നടത്തുന്ന ഡിപ്ലോമ പരീക്ഷയ്ക്ക് പരീക്ഷാകേന്ദ്രങ്ങളിൽ സൂപ്പർവൈസർമാരെ നിയമിക്കേണ്ടതാണ്. ഫൊറോന കമ്മിറ്റി ആലോചിച്ച് സൂപ്പർവൈസർമാരെ നേരത്തെ തിരഞ്ഞെടുക്കുമല്ലോ. **പരീക്ഷയിൽ എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തിയാൽ സൂപ്പർവൈസർ അക്കാര്യം അന്നുതന്നെ ഡയറക്ടറച്ചനെ അറിയിക്കേണ്ടതാണ്.**

## 4. ഡിപ്ലോമ പരീക്ഷാ നിർദ്ദേശങ്ങൾ

a. പരീക്ഷ 2020 ജനുവരി 26നു ഉച്ചയ്ക്കു 2 മുതൽ 4 വരെയായിരിക്കും. പരീക്ഷയുടെ സമയത്തിന് മാറ്റം വരുത്താൻ പാടില്ല. നിശ്ചയിക്കപ്പെട്ടിരിക്കുന്ന സമയത്തിനുപുറത്ത് നടത്തുന്ന പരീക്ഷപേപ്പറുകൾ മൂല്യനിർണ്ണയത്തിന് പരിഗണിക്കുന്നതല്ല. കൂടാതെ രജിസ്റ്റർ ചെയ്യാത്ത കുട്ടികളെ പരീക്ഷ എഴുതിക്കാൻ പാടില്ല.

b. സൂപ്പർവൈസർ നിയമിക്കപ്പെട്ട സെന്ററിൽ 1.30നു മുൻപായി എത്തുക.

c. ഡിപ്ലോമ പരീക്ഷ ഒരു ക്ലാസ്സ് റൂമിൽ വച്ചോ, ഹാളിൽ വച്ചോ നടത്തുന്നതാണ് ഉചിതം. **രണ്ടു ക്ലാസ്സ് റൂമുകളിൽ വെച്ചാണ് പരീക്ഷ നടത്തുന്നതെങ്കിൽ നിർബന്ധമായും രണ്ടു സൂപ്പർവൈസർ ഉണ്ടായിരിക്കണം.**

d. ചോദ്യപേപ്പർ പായ്ക്കറ്റ് പരീക്ഷയ്ക്കു 15 മിനിറ്റു മുൻപു പരീക്ഷാഹാളിൽ വച്ചു മാത്രം തുറക്കുക.

e. ഹെഡ്മാസ്റ്ററും ക്ലാസ് അധ്യാപകരും പരീക്ഷാസമയം മുഴുവനും പരീക്ഷാ ഹാളിൽ ഉണ്ടായിരിക്കണം.

f. ഡിപ്ലോമ പരീക്ഷയെഴുതുന്ന കുട്ടികൾ ഉത്തര കടലാസിൽ പേര് എഴുതാൻ പാടില്ല. പകരം വിശ്വാസപരിശീലന കേന്ദ്രത്തിൽനിന്നും നൽകിയിട്ടുള്ള രജിസ്ട്രർ നമ്പർ, സ്ലിപ്പിൽ എഴുതി ഉത്തരക്കടലാസിനൊപ്പം പിൻ ചെയ്യുക. കൂടാതെ രജിസ്റ്റർ നമ്പർ ഉത്തരക്കടലാസിന്റെ ഒന്നാം പേജിലും കുട്ടികളെകൊണ്ട് എഴുതിപ്പിക്കണം. **ഡിപ്ലോമ പരീക്ഷ എഴുതുന്ന കുട്ടികൾക്ക് സൺഡേസ്കൂളിൽ നിന്ന് പേപ്പറുകൾ (A4) വിതരണം ചെയ്യേണ്ടതാണ്.**

g. ഉത്തരക്കടലാസുകൾ രജി. നമ്പറിന്റെ ക്രമത്തിൽ അടുക്കി പായ്ക്കു ചെയ്യണം. ഉത്തരക്കടലാസുകൾ മടക്കി പായ്ക്കുചെയ്യരുത്. ഡിപ്ലോമ ഇംപ്രൂവ്മെന്റ് ഉത്തരക്കടലാസുകൾ വേറെ കവറിൽ പായ്ക്ക് ചെയ്യണം.

h. രജിസ്ട്രേഷൻ ഫോമിന്റെ മൂന്നാമത്തെ കോളത്തിൽ Internal Mark ചേർക്കേണ്ടതാണ്. പരീക്ഷ എഴുതാത്ത കുട്ടികളുടെ റിമാർക്സ് കോളത്തിൽ Absent എന്നെഴുതുക. രജി. ഫോം പ്രത്യേക കവറിലിട്ട് ഉത്തരക്കടലാസിനോടൊപ്പം പായ്ക്ക് ചെയ്യണം. ഡിപ്ലോമ രജി. ഫോമിൽ ആവശ്യപ്പെട്ടിരിക്കുന്ന എല്ലാ വിവരങ്ങളും പൂരിപ്പിക്കേണ്ടതാണ്.

i. ഉത്തരക്കടലാസുകൾ പായ്ക്കു ചെയ്യുമ്പോൾ 'Centre Head Sheet' എന്ന ഫോം കൃത്യമായി പൂരിപ്പിച്ച് സൂപ്പർവൈസറും ഹെഡ്മാസ്റ്ററും ഒപ്പുവച്ച് ഒരു കോപ്പി പായ്ക്കറ്റിനകത്തും ഒന്ന് പായ്ക്കറ്റിനു പുറത്തു കാണത്തക്ക രീതിയിലും ഒട്ടിച്ച് ഉത്തരക്കടലാസ് പായ്ക്കറ്റ് സീൽ ചെയ്യുക.

j. ഉത്തരക്കടലാസ് പായ്ക്കറ്റ് പരീക്ഷാദിനത്തിൽ തന്നെ ഫൊറോനാ കേന്ദ്രത്തിലെത്തിക്കുക. ജനുവരി 27-ാം തീയതി ഉത്തരക്കടലാസുകൾ വിശ്വാസ പരിശീലന കേന്ദ്രത്തിലേക്ക് കൊണ്ടുപോകുന്നതാണ്.

k. പരീക്ഷയിൽ എന്തെങ്കിലും ക്രമക്കേടുകൾ നടന്നാൽ വിശ്വാസപരിശീലനകേന്ദ്രത്തിൽ അറിയിക്കുക. ഫോൺ : 9447952958

## 5. യാത്രയയപ്പ് മീറ്റിംഗ്

XII-ാം ക്ലാസ്സിലെ കുട്ടികൾ പഠനം പൂർത്തിയായി പോകുന്നതിന് മുൻപ് അവർക്ക് യാത്രയയപ്പ് കൊടുക്കുന്ന നല്ല പതിവ് സൺഡേസ്കൂളുകളിലുണ്ട്. സൺഡേസ്കൂൾ പഠനത്തിന്റെ ഓർമ്മ നിലനിർത്തുന്നതിനും ദൈവാനുഭവത്തിന്റെ മേഖലകൾ അയവിറക്കുന്നതിനുമായി അത്തരത്തിലുള്ള മീറ്റിംഗ് എല്ലാ

സൺഡേസ്കൂളുകളിലും ക്രമീകരിക്കേണ്ടതാണ്. ഹെഡ്മാസ്റ്ററും സ്റ്റാഫ് അംഗങ്ങളും ബഹു. വികാരിയച്ചനുമായി ആലോചിച്ച് വേണ്ട ക്രമീകരണങ്ങൾ നടത്തുമല്ലോ.

## 6. വിശ്വാസോത്സവം മാർച്ച് 31 - ഏപ്രിൽ 4

വിശ്വാസോത്സവം മാർച്ച് 31 മുതൽ ഏപ്രിൽ 4 വരെയാണ്. വിശ്വാസോത്സവ വർക്ക്ബുക്കിന്റെ ഓർഡർ ഫോം പൂരിപ്പിച്ച് ഓഫീസിലേക്ക് അയക്കേണ്ടതാണ്. വർക്കുബുക്കുകളുടെ വില ഫെബ്രുവരി മാസത്തെ ബുള്ളറ്റിനിൽ അറിയിക്കുന്നതായിരിക്കും.

**7. വാർഷികപരീക്ഷ I - XI :** അതിരൂപതാ മതബോധനകമ്മിറ്റിയുടെ തീരുമാനപ്രകാരം 1 മുതൽ 11 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ വാർഷിക പരീക്ഷ വിശ്വാസോത്സവത്തിനുശേഷം **ഏപ്രിൽ 6 തിങ്കളാഴ്ച** ആയിരിക്കും.

**8. ആസ്പെക്ട് 2019-2020:** 2019-2020 വിശ്വാസപരിശീലനവർഷത്തിൽ അധ്യാപകരുടെ തുടർപരി ശീലനത്തിനായി ഉപയോഗിക്കുന്നത് സീറോമലബാർ മതബോധന കമ്മീഷൻ പ്രസിദ്ധീകരിച്ചിരിക്കുന്ന **വിശ്വാസവഴിയിലെ സംശയങ്ങൾ** എന്ന പുസ്തകമാണ്.

**പഠിക്കേണ്ട പാഠഭാഗങ്ങൾ**: ഭാഗം 1, ഭാഗം 4 മുതൽ 10 വരെ (ഭാഗം 2, 3, 11 എന്നിവയിൽ നിന്നും പരീക്ഷയ്ക്ക് ചോദ്യങ്ങൾ ഉണ്ടായിരിക്കുന്നതല്ല).

**മോഡൽ ചോദ്യങ്ങൾ :** ആസ്പെക്ട് പരിക്ഷയ്ക്കുള്ള മോഡൽ ചോദ്യങ്ങൾ ജനുവരി 11 ശനിയാഴ്ച വെബ്സൈറ്റിലും വാട്സ് ആപ്പ് ഗ്രൂപ്പിലും നൽകുന്നതാണ്.

**മാർക്ക് വിഭജനം**

ഒറ്റ വാക്കിൽ ഉത്തരമെഴുതേണ്ട 15 ചോദ്യങ്ങൾ (15x2 = 30)
5 മാർക്കിന്റെ 6 ചോദ്യങ്ങൾ (6x5 = 30)
8 മാർക്കിന്റെ 5 ചോദ്യങ്ങൾ (5x8 = 40)

**ആസ്പെക്ട് പരീക്ഷ:** 2020 ഫെബ്രുവരി 16 ഞായറായ്ച ഉച്ചകഴിഞ്ഞ് 2.30-4.30 വരെയായി രിക്കും ആസ്പെക്ട് പരീക്ഷ. 60 വയസിനുതാഴെ പ്രായമുള്ള അദ്ധ്യാപ കരെല്ലാവരും പരീക്ഷ എഴുതുവാൻ ശ്രദ്ധിക്കുമല്ലോ. പരീക്ഷാ സംബന്ധമായ വിശദവിവരങ്ങൾ അടുത്തമാസത്തെ ഗിരിദീപത്തിൽ നല്കുന്നതാണ്.

## 9. സഭാവിജ്ഞാനീയ ക്വിസ്

അധ്യാപകർക്കു പഠിക്കാനുള്ള **'വിശ്വാസവഴിയിലെ സംശയങ്ങൾ'** എന്ന പുസ്തകത്തെ ആസ്പദമാക്കിയുള്ള സഭാവിജ്ഞാനീയ ക്വിസ് **ഫെബ്രുവരി 29 ശനിയാഴ്ച** തളിപ്പറമ്പ് ഇടവകയിൽവച്ച് രാവിലെ 10 മണി മുതൽ 12 മണിവരെ നടത്തുന്നു. പങ്കെടുക്കുന്നവർ ഫെബ്രുവരി 22 നുള്ളിൽ ഓഫീസിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

## 10. അവധിക്കാല വേദപാഠം ഏപ്രിൽ 20-24

സൺഡേസ്കൂളിൽ റഗുലറായി പഠിക്കാൻ സാധിക്കാത്ത 6 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന നവോദയ, സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്കുമാത്രമുള്ള അവധിക്കാല വിശ്വാസപരിശീലന ക്ലാസുകൾ ഏപ്രിൽ 20ന് രാവിലെ 9.30 മുതൽ 24-ാം തീയതി ഉച്ചക്ക് 1 മണിവരെ സന്ദേശഭവനിൽ വച്ച് നടത്തപ്പെടുന്നു. ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾ നിർബന്ധമായും വിശ്വാസോത്സവത്തിൽ പങ്കെടുക്കണം. കൂടാതെ ബഹു. വികാരിയച്ചന്റെ കത്ത്, പാഠപുസ്തകം, ബൈബിൾ, കുർബാന പുസ്തകം, പ്രോഗ്രസ് കാർഡ്, ബെഡ്ഷീറ്റ്, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്. 12-ാം ക്ലാസിലെ കുട്ടികൾ അസൈൻമെന്റ് എഴുതികൊണ്ടു വരണം. **ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾ ഏപ്രിൽ 6ന് മുമ്പായി ഹെഡ്മാസ്റ്റർ മുഖേന ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.** ക്യാമ്പ് ഫീസ് 1000 രൂപയായിരിക്കും.

## 11. ഹെഡ്മാസ്റ്റേഴ്സ് റീജണൽ കൂട്ടായ്മ

2019-20 വർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും വരുന്ന അധ്യയനവർഷത്തെക്കുറിച്ച് പ്ലാൻ ചെയ്യുന്നതിനുമായി മാർച്ച് മാസത്തിൽ ഹെഡ്മാസ്റ്റർമാരുടെ റീജണൽ കൂട്ടായ്മ നടത്തുവാൻ ആഗ്രഹിക്കുകയാണ്. എല്ലാ ഹെഡ്മാസ്റ്റർമാരും കൂട്ടായ്മയിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ. പ്രസ്തുത മീറ്റിംഗിൽ ഓഫീസിൽ അടയ്ക്കാനുള്ള വിവിധ തുകകൾ അടച്ച് സഹകരിക്കേണ്ടതാണ് (സ്റ്റുഡന്റ് ഫണ്ട്, ചോദ്യപേപ്പർ, ഗിരിദീപം, വിശ്വാസോത്സവം, ആസ്പെക്ട് ടെക്സ്റ്റ് ബുക്ക്....).

| സ്ഥലം | തീയ്യതി | സമയം | പങ്കെടുക്കേണ്ടഫൊറോനകൾ |
|---|---|---|---|
| കാഞ്ഞങ്ങാട് | മാർച്ച് 7 ശനി | 09.00 am | കാഞ്ഞങ്ങാട്, പനത്തടി |
| തോമാപുരം | മാർച്ച് 7 ശനി | 2.30 pm | വെള്ളരിക്കുണ്ട്, തോമാപുരം, ചെറുപുഴ |
| ആലക്കോട് | മാർച്ച് 8 ഞായർ | 2.30 pm | ആലക്കോട്, മേരിഗിരി, തളിപ്പറമ്പ്, വായാട്ടുപറമ്പ് |
| ചെമ്പേരി | മാർച്ച് 9 തിങ്കൾ | 09.00 am | ചെമ്പേരി, ചെമ്പന്തൊട്ടി, പൈസക്കരി |
| ഇരിട്ടി | മാർച്ച് 9 തിങ്കൾ | 2.30 pm | നെല്ലിക്കാംപൊയിൽ, എടൂർ, കുന്നോത്ത്, പേരാവൂർ |

## 12. XII -ാം ക്ലാസ്സിലെ കുട്ടികളുടെ ധ്യാനം...... നന്ദി

12-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കുള്ള ധ്യാനം 16 ഫൊറോനകളിലും പൂർത്തിയായി. ധ്യാനം ഭംഗിയായി ക്രമീകരിച്ച ബഹു. ഫൊറോനാ വികാരിയച്ചന്മാർക്കും ഫൊറോനാ കമ്മിറ്റി അംഗങ്ങൾക്കും കുട്ടികളെ പറഞ്ഞയച്ച ബഹു. വികാരിയച്ചന്മാർക്കും ധ്യാനസമയം മുഴുവനും കുട്ടികളോടൊപ്പമായിരുന്ന ക്ലാസ്സ് അധ്യാപകർക്കും ഹൃദയപൂർവ്വം നന്ദി.

## 13. അതിരൂപതാ വിസിറ്റേഴ്സ് സന്ദർശനം

2019-2020 അധ്യയനവർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടിയുള്ള അതിരൂപതാ വിസിറ്റേഴ്സിന്റെ സന്ദർശനം ഫെബ്രുവരി മാസത്തോടെ അവസാനിക്കുന്നതാണ്. വിസിറ്റർ വരുന്ന വിവരം തലേ ഞായറാഴ്ച്ച കുട്ടികളെ അറിയിക്കുകയും വി. കുർബ്ബാന കഴിഞ്ഞുള്ള പൊതുകൂട്ടായ്മയിലും സ്റ്റാഫ് മീറ്റിംഗിലും വിസിറ്ററിനു സ്വാഗതം പറയേണ്ടതും കുട്ടികളെ പൊതുവായി കാണുന്നതിനുള്ള അവസരം ക്രമീകരിക്കേണ്ടതുമാണ്. **സ്റ്റാഫ് മീറ്റിംഗിൽ മുഴുവൻ അധ്യാപകരുടേയും സാന്നിധ്യം ഉണ്ടായിരിക്കണം.** അവരുടെ യാത്രയ്ക്കാവശ്യമായ റ്റി.എ. സൺഡേ സ്കൂളിൽനിന്നും കൊടുക്കേണ്ടതാണ്. ബഹു. ഹെഡ്മാസ്റ്റർമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## 14. അതിരൂപതാ വിസിറ്റേഴ്സ് സമ്മേളനം

അതിരൂപതാ സൺഡേ സ്കൂൾ സന്ദർശകരുടെ സമ്മേളനം മാർച്ച് 14 ശനിയാഴ്ച രാവിലെ 10.30 മുതൽ 12.30 വരെ സന്ദേശഭവനിൽവച്ച് നടത്തപ്പെടുന്നു. ബന്ധപ്പെട്ടവർ റിപ്പോർട്ടുകൾ തയ്യാറാക്കികൊണ്ടുവരുമല്ലോ.

## 15. ബധിരരും മൂകരുമായവരുടെ വിശ്വാസപരിശീലനം

തലശ്ശേരി അതിരൂപതയിലെ ശ്രവണ-സംസാര വൈകല്യമുള്ള കുട്ടികൾക്കായുള്ള വിശ്വാസപരിശീലനം പരിയാരം മദർ ഹോമിൽ വെച്ച് അതിരൂപത വിശ്വാസപരിശീലന കേന്ദ്രവും ആദം മിനിസ്ട്രിയും സംയുക്തമായി നടത്തി. ഡിസംബർ 20, 21, 22 തീയ്യതികളിലായി നടത്തിയ ക്യാമ്പിൽ നൂറോളം പേർ പങ്കെടുത്തു. ആർച്ച്ബിഷപ്പ് മാർ ജോർജ് വലിയമറ്റം ക്രിസ്തുമസ് ആഘോഷങ്ങൾക്ക് നേതൃത്വം നല്കി. ക്യാമ്പ് അതിരൂപത വിശ്വാസപരിശീലന ഡയറക്ടർ ഉദ്ഘാടനം ചെയ്തു. ചെറുപുഷ്പ മിഷൻ ലീഗ് ഡയറക്ടർ റവ. ഫാ. ജോസഫ് വേങ്ങക്കുന്നേൽ കുട്ടികളെ ചെറുപുഷ്പ മിഷൻ ലീഗിലേക്ക് സ്വാഗതം ചെയ്തു. ക്യാമ്പിൽ ലോഗോസ് ബൈബിൾ ക്വിസ്സ് വിജയികൾക്ക് ക്യാഷ് അവാർഡും ഉപഹാരങ്ങളും വിതരണം ചെയ്തു. 3 ദിവസത്തെ ക്യാമ്പിന് റവ. ഫാ. ജോർജ് കളരിമുറിയിൽ, റവ. സി. ഷാരോൺ എംഎസ്എം ഐ എന്നിവർ നേതൃത്വം നൽകി.

## 16. തിരുവചന കളരി

കേരള കത്തോലിക്ക കരിസ്മാറ്റിക്ക് റിന്യൂവൽ ടീം (കെ.സി.സി.ആർ.എസ്.ടി) യുടെ ഭാഗമായ ക്രിസ്റ്റീൻ മിനിസ്ട്രി സംഘടിപ്പിക്കുന്ന ആത്മീയ വിരുന്നാണ് തിരുവചന കളരി. 1 മുതൽ +2 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി മാസത്തിലെ ഒരു ഞായറാഴ്ച്ച മൂന്നര മണിക്കൂർ നീണ്ടു നിൽക്കുന്ന ഈ കളരി കുട്ടികൾക്ക് വചനം പഠിക്കാനുള്ള തുടർപരിശീലന കളരിയാണ്.

ഗുരുകുല രീതിയിലുള്ള പഠന ക്ലാസുകൾ; ആത്മീയ ജീവിതത്തിൽ വളരാനുള്ള കർമ്മ പദ്ധതികൾ; പാട്ടുകൾ, കളികൾ, ഗ്രൂപ്പ് പ്രവർത്തനങ്ങൾ എന്നിവ

ഉൾപ്പെടുത്തി കുട്ടികൾക്ക് സ്വീകാര്യമായ രീതിയിലുള്ള ശുശ്രൂഷകൾ; തിരുവചന പഠന ക്ലാസുകൾ, ആന്തരീക സൗഖ്യം നല്കുന്ന ദിവ്യകാരുണ്യ ആരാധനകൾ, ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ ദൃശ്യ ധ്യാനങ്ങൾ, പ്രത്യേക പരിശീലനം നേടിയ അധ്യാപകരുടെ ആത്മീയ നേതൃത്വം.......

തിരുവചന കളരി എന്ന ആത്മീയ വിരുന്ന് സൺഡേ സ്കൂളുകളിൽ സംഘടിപ്പിക്കാൻ താത്പ്പര്യമുള്ളവർ ആനിമേറ്ററായ റവ. ഫാ. ജോൺ ബോസ്കോ OFM Cap - ആയി ബന്ധപ്പെടുമല്ലോ. Mob: 9447072047

## 17. വിവിധ കുടിശികകൾ

2018-2019 വർഷത്തെ കുട്ടികളുടെ ഫണ്ട്, ചോദ്യപേപ്പർ തുക, ഗിരിദീപം വരിസംഖ്യ എന്നിവ അടയ്ക്കാത്തവർ ജനുവരി 30ന് മുമ്പായി അടച്ചു സഹകരിക്കുമല്ലോ. ഓഫീസിൽ അടയ്ക്കുവാനുള്ള തുകകൾ ബാങ്കുവഴി ട്രാൻസ്ഫർ ചെയ്യാൻ സാധിക്കും. അപ്രകാരം ചെയ്യുന്നവർ പണം അടച്ചതിനുശേഷം ഓഫീസിൽ വിളിച്ച് അറിയിക്കേണ്ടതാണ്. രസീത് അയച്ചുതരുന്നതാണ് (ഫോൺ: 0490 2344430). താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുകകൾ അയക്കേണ്ടത്.

A/c Holder : Department of Catechesis
A/c No : 0078053000073503, IFSC : SIBL 0000078
Bank : South Indian Bank, Thalassery

## 18. Power Point Presentation മത്സരം

വിശ്വാസപരിശീലന ക്ലാസുകൾ കാലഘട്ടത്തിനനുസരിച്ച് മാധ്യമ സഹായത്തോടെ കൂടുതൽ ആകർഷകവും സജീവവുമാക്കുന്നതിനുവേണ്ടി 'Power Point Presentation' മത്സരം നടത്തുവാൻ ആഗ്രഹിക്കുന്നു. ഈ അവസരം പ്രയോജനപ്പെടുത്തി എല്ലാ ക്ലാസുകളുടെയും Power Point നിർമ്മിക്കുവാനും അതുവഴി ഇടവകയിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുവാനും ശ്രദ്ധിക്കുമല്ലോ. മത്സരത്തിന്റെ നിബന്ധനകൾ അടങ്ങിയ കത്ത് ക്രിസ്തുമസ് പരീക്ഷയുടെ ചോദ്യപേപ്പറിനൊപ്പം ബഹു. വികാരിയച്ചനും ഹെഡ്മാസ്റ്ററിനും നൽകിയിരുന്നു. സ്റ്റാഫ് മീറ്റിംഗിൽ ചർച്ചചെയ്ത് എല്ലാ ഇടവകകളും ഈ അവസരം പ്രയോജനപ്പെടുത്തുമല്ലോ.

## 19. ആദരാഞ്ജലികൾ

ലിസ്സിഗിരി സൺഡേ സ്കൂൾ അദ്ധ്യാപകനായിരുന്ന ശ്രീ. മാത്യു മടുക്കകുഴി, പൂപ്പറമ്പ് സൺഡേ സ്കൂളിൽ ആറാം ക്ലാസ്സ് വിദ്യാർത്ഥിയായിരുന്ന എർവിൻ ജേക്കബ് തോമസ് പുല്ലാട്ട് എന്നിവർ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. മാത്യു സാറിന്റെയും എർവിൻകുട്ടന്റെയും കുടുംബാംഗങ്ങളെ വിശ്വാസപരിശീലന കേന്ദ്രത്തിന്റെ അനുശോചനം അറിയിക്കുന്നു.

## 20. താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക

1. അതിരൂപതാ മതബോധനകമ്മിറ്റിയുടെ (2011 ജൂൺ 14) നിശ്ചയപ്രകാരം സൺഡേസ്കൂൾ മതാധ്യാപകരുടെ റിട്ടയർമെന്റ് പ്രായം 65 വയസ് ആണ്. റിട്ടയർ ചെയ്യുന്ന അധ്യാപകരെ ഇടവകാതലത്തിൽ ആദരിക്കേണ്ടതാണ്. ഇടവകാ തിരുനാളിനോടനുബന്ധിച്ചുള്ള സൺഡേസ്കൂൾ വാർഷികയോഗ ങ്ങൾ അതിനായി പ്രയോജനപ്പെടുത്തുമല്ലോ. കൂടാതെ ഹെഡ്മാസ്റ്റർമാരുടെ സേവനകാലം 15 വർഷമായിട്ടാണ് കമ്മിറ്റി നിശ്ചയി ച്ചിരിക്കുന്നത്. തുടർന്നും അവർക്ക് (65 വയസുവരെ) സൺഡേസ്കൂളിൽ പഠിപ്പിക്കാവുന്നതാണ്.
2. ഡിപ്ലോമ രജിസ്ട്രേഷൻ ഫോം തരാത്തവർ കുട്ടികളുടെ വിവരങ്ങൾ ചേർത്ത് ഫോമും വെബ്സൈറ്റിലെ പ്രിന്റും എത്രയും പെട്ടെന്ന് ഓഫീസിലേയ്ക്ക് അയച്ചുതരുമല്ലോ. വെബ്സൈറ്റിലെ റിപ്പോർട്ട് സെക്ഷനിൽ ഡിപ്ലോമ രജി സ്ട്രേഷൻ 2019-2020 ന്റെ പ്രിന്റെടുത്ത് അതേ ക്രമത്തിലാണ് കുട്ടികളുടെ വിവരങ്ങൾ ഡിപ്ലോമ രജിസ്ട്രേഷൻ ഫോമിൽ എഴുതി ചേർക്കേണ്ടത്.
3. ഡിപ്ലോമ ഇംപ്രൂവ്മെന്റ് എഴുതുന്നവരുടെയും നോൺ റെഗുലർ സ്റ്റുഡ ന്റായി പരീക്ഷ എഴുതുന്നവരുടെയും വിവരങ്ങൾ വെബ്സൈറ്റിലും രജി സ്ട്രേഷൻ ഫോമിലും ചേർക്കേണ്ടതില്ല. അവരുടെ പേരുവിവരങ്ങൾ ലെറ്റർ പാഡിൽ എഴുതി ഹെഡ്മാസ്റ്ററുടെ ഒപ്പോടുകൂടി രജിസ്ട്രേഷൻ ഫോമി നോടൊപ്പം അയച്ചുതരേണ്ടതാണ്.
4. വിശ്വാസോത്സവത്തിന്റെ വർക്കുബുക്കുകളുടെ എണ്ണം എഴുതിയ ഫോം ഡിപ്ലോമ രജിസ്ട്രേഷൻ ഫോമിന്റെകൂടെ അയക്കുക.
5. അധ്യാപകരുടെയും കുട്ടികളുടേയും (ക്ലാസ് I-XI വരെ) പേരുവിവരങ്ങളും മറ്റുകാര്യങ്ങളും ജനുവരി 30-നകം നിർബന്ധമായും വെബ്സൈറ്റിൽ ചേർത്ത് സഹകരിക്കുമല്ലോ.
6. ആസ്പെക്ട് പരീക്ഷ എഴുതുന്നവരുടെ എണ്ണം വിശ്വാസോത്സവ വർക്കു ബുക്കിന്റെ ഫോമിൽ ചേർക്കേണ്ടതാണ്. അതനുസരിച്ചായിരിക്കും ചോദ്യപേപ്പറുകൾ ഓരോ സൺഡേസ്കൂളിലും എത്തിക്കുക.

## 21. ഡയറക്ടറച്ചൻമാരുടെ സന്ദർശനം

ഡയറക്ടറച്ചൻ പുലിക്കുരുമ്പ, ഉളിക്കൽ, കച്ചേരിക്കടവ്, ആനപ്പന്തി എന്നീ ഇടവകകളിലും അസി. ഡയറക്ടറച്ചൻ കനകക്കുന്ന്, വിമലഗിരി (പരപ്പ), മേരി പുരം, പാലത്തിൻകടവ്, ഉദയപുരം, എന്നീ ഇടവകകളിലും വി. കുർബ്ബാന യർപ്പിച്ച് പ്രാർത്ഥിക്കുകയും മാതാപിതാക്കൾക്കും അധ്യാപകർക്കും കുട്ടികൾക്കും ക്ലാസ്സുകളെടുക്കുകയും ചെയ്തു.

സ്നേഹത്തോടെ,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അസി. ഡയറക്ടർ

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
ഡയറക്ടർ, 9447952958

# കുടുംബ കൂട്ടായ്മ
# തലശ്ശേരി അതിരൂപത

## FAMILY RENEWAL UNITS IN THALASSERY (FRUITS)

### കുടുംബ കൂട്ടായ്മ പ്രസിഡന്റുമാരുടെ യോഗം

കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുവാനും പുതിയ പദ്ധതികളെക്കുറിച്ച് പ്ലാൻ ചെയ്യുന്നതിനുമായി ജനുവരി മാസത്തിൽ വിവിധ സോണുകളായി കുടുംബ കൂട്ടായ്മകളുടെ പ്രസിഡന്റുമാരെ വിളിച്ച് ചേർക്കുകയാണ് താഴെ കൊടുത്തിരിക്കുന്ന വിധത്തിലാണ് യോഗങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. എല്ലാ ഇടവകകളിലെയും മുഴുവൻ യുണിറ്റ് പ്രസിഡന്റുമാരും ഇടവക കോർഡിനേറ്ററും ഈ യോഗത്തിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. (അസൗകര്യം ഉണ്ടാവുകയാണെങ്കിൽ പകരം ആളെ അയക്കണം. ഇതുവരെ എത്ര കൂട്ടായ്മകൾ നടന്നു, ഏതെങ്കിലും മാസം മുടങ്ങിയോ, കാരണമെന്ത്, ആവറേജ് എത്ര ശതമാനം ആളുകൾ വരുന്നുണ്ട്, സ്ഥിരമായി വരാതിരിക്കുന്ന ആളുകൾ ഉണ്ടോ, വാർഷികം നടത്തിയോ എന്നീ വിഷയങ്ങൾ വിവരിക്കുന്ന റിപ്പോർട്ട് പ്രസിഡന്റ് എഴുതി കൊണ്ടുവരണം.

**ജനുവരി** — **പങ്കെടുക്കേണ്ട ഫൊറോനകൾ**

18, ശനി-**കരുവൻചാൽ** (2.30 pm-4.30 pm) (ആലക്കോട്, വായാട്ടുപറമ്പ്, തളിപ്പറമ്പ്)
ഉദ്ഘാടനം : ആർച്ച്ബിഷപ് മാർ ജോർജ്ജ് ഞറളക്കാട്ട്

21, ചൊവ്വ-**ചെമ്പേരി** (2.30 pm-4.30 pm) (ചെമ്പേരി, പൈസക്കരി, ചെമ്പന്തൊട്ടി)
ഉദ്ഘാടനം : ബിഷപ് മാർ ജോസഫ് പാംപ്ലാനി

22, ബുധൻ-**പടന്നക്കാട്** (2.30 pm-4.30 pm) (കാഞ്ഞങ്ങാട്, പനത്തടി, വെള്ളരിക്കുണ്ട്)
ഉദ്ഘാടനം : ബിഷപ് മാർ ജോസഫ് പാംപ്ലാനി

24, വെള്ളി-**ചെറുപുഴ** (2.30 pm-4.30 pm) (തോമാപുരം, ചെറുപുഴ, മേരിഗിരി)
ഉദ്ഘാടനം : ആർച്ച്ബിഷപ് മാർ ജോർജ്ജ് ഞറളക്കാട്ട്

27, തിങ്കൾ-**ഇരിട്ടി** (2.30 pm - 4.30 pm) (നെല്ലിക്കാംപൊയിൽ, എടൂർ, കുന്നോത്ത്, പേരാവൂർ)
ഉദ്ഘാടനം : ബിഷപ് മാർ ജോസഫ് പാംപ്ലാനി

**NB:**
1. **പ്രാർത്ഥന പുസ്തകങ്ങൾ, റിപ്പോർട്ട് – ഹാജർ ബുക്ക് ആവശ്യമുള്ളവർ നേരത്തെ അറിയിച്ചാൽ അന്ന് ലഭ്യമാക്കുന്നതാണ്.**
2. **സാമ്പത്തിക ഇടപാടുകൾ തീർക്കാനുള്ളവർ തന്ന് സഹായിക്കുമല്ലോ.**

സ്നേഹപൂർവ്വം,

**ഫാ. മാത്യു ആശാരിപറമ്പിൽ**

ഡയറക്ടർ

# ബൈബിൾ അപ്പൊസ്തൊലേറ്റ്
# &
# ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

## 1. ബൈബിൾ മാസാചരണം

സീറോ മലബാർസഭ ബൈബിൾ മാസമായി നിർദ്ദേശിച്ച ഡിസംബർ മാസം അനേകം ഇടവകകൾ സമുചിതമായി ആചരിച്ചു. അഖണ്ഡ ബൈബിൾ പാരായണവും വാർഡുകൾ തോറും ബൈബിൾ ക്വിസ് സംഘടിപ്പിച്ച ഇടവക കളെയും വികാരിയച്ചന്മാരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

## 2. ലോഗോസ് ക്വിസ് - 2019

ലോഗോസ് ക്വിസ് 2019, ഓരോ വിഭാഗത്തിലും 70 ശതമാനത്തിലധികം മാർക്ക് കിട്ടിയവർക്കുള്ള സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും ക്രിസ്തുമസിന് മുൻപുള്ള ദിവസങ്ങളിൽ ഫൊറോന കേന്ദ്രത്തിൽ എത്തിക്കുന്നതാണ്. സർട്ടി ഫിക്കറ്റുകൾ എത്തിക്കുന്ന ദിവസം ഉത്തരവാദിത്വമുള്ള മതാദ്ധ്യാപകരെ നേരിട്ട് വിളിച്ചറിയിക്കുന്നതാണ്. അവർ അതാത് ഫൊറോനയുടെ കീഴിലുള്ള പള്ളി കളിലെ ഹെഡ്മാസ്റ്റേഴ്സിനെ വിളിച്ചോർമ്മിപ്പിക്കുകയും ഇടവകകളിൽ സർട്ടി ഫിക്കറ്റുകൾ വിതരണം ചെയ്തുവെന്ന് ഉറപ്പ് വരുത്തുകയും വേണം.

## 3. ദൈവശാസ്ത്ര കോൺടാക്റ്റ് ക്ലാസ്സുകൾ

| തീയതി | സ്ഥലം | സമയം |
|---|---|---|
| ജനുവരി 11 | ദീപ്തിഭവൻ, ദ്വാരക, നടവയൽ | 9.30am - 4.30pm |
| ജനുവരി 14, 15 | ബാബുസപാളയ, ബാംഗ്ലൂർ | 9.30am - 4.30pm |
| ജനുവരി 18 | അടിമാലി CMC, ഇടുക്കി SH, | 9.30am - 4.30pm |
| ജനുവരി 19 | അങ്കമാലി, മൂവാറ്റുപുഴ FCC | 9.30am - 4.30pm |
| ജനുവരി 25 | പുലരിക്കുന്ന് DSHJ, കാഞ്ഞിരപ്പള്ളി FCC | 9.30am - 4.30pm |

## 4. പുതുവർഷാശംസകൾ

2020 - പുതുവർഷത്തിന്റെ സമാരംഭത്തിൽ ആൽഫാ കുടുംബത്തിന്റെ ഭാഗ മായുള്ള എല്ലാവർക്കും അനുഗൃഹപ്രദമായ പുതുവത്സരാശംസകൾ നേരുന്നു. ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കഴിഞ്ഞ വർഷങ്ങളിലെ എല്ലാ പ്രവർത്തികളും വിജ യകരമാക്കുവാൻ പ്രയത്നിച്ച ഏവരെയും നന്ദിയോടെ ഓർക്കുന്നു.

സ്നേഹപൂർവ്വം,

**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻലീഗ്



സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

കടപ്പാടുകളുടെ കണക്കു പുസ്തകമാണല്ലോ നമ്മുടെ ഓരോരുത്തരുടെയും ജീവിതം. 2019 നമ്മോട് വിടപറയുമ്പോൾ ഇത്രയുംനാൾ കൈപിടിച്ച് നടത്തിയ നല്ല തമ്പുരാനോട് നന്ദിപറയാം. ഉപദേശത്താലും, മാതൃകയാലും, പ്രോത്സാഹനത്താലും, പ്രാർത്ഥനയാലും പ്രേഷിതവീഥികളിൽ കൈത്താങ്ങായ് നിന്നവരോട് നന്ദിയും കടപ്പാടും സർവ്വേശ്വര സന്നിധിയിൽ സമർപ്പിക്കാം. ഒപ്പം വളരാനും വളർത്താനും നമുക്ക് കിട്ടുന്ന സുവർണ്ണാവസരമായി കടന്നുവരുന്ന പുതുവർഷത്തെ തിരിച്ചറിഞ്ഞ് പുത്തൻപ്രതീക്ഷകളോടെ 2020-ാം ആണ്ടിനെ നമുക്ക് വരവേൽക്കാം.

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : ദനഹാതിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധർ | : വി. സെബസ്ത്യാനോസ്,<br>വി. ചാവറകുര്യാക്കോസ് ഏലിയാസച്ചൻ |
| പ്രാർത്ഥനാനിയോഗം | : നവവൈദികർക്ക് |
| വചനഭേരി | : ലോഗോസ് 2020 സുവിശേഷഭാഗം<br>മനഃപാഠമാക്കുക |
| സുകൃതം | : 72 കർത്താവിന്റെ മാലാഖ |
| ദിയാക്കോണിയ | : സമാധാനപ്രവർത്തനങ്ങൾ |

## ശാഖകൾ ശ്രദ്ധിക്കാൻ

| | |
|---|---|
| 1 ബുധൻ | : പുതുവർഷാരംഭം, ദിവ്യബലിയിൽ പങ്കെടുത്ത് ദൈവാനുഗ്രഹത്തിനായി പ്രാർത്ഥിക്കുക |
| 2 വെള്ളി | : വി. ചാവറയച്ചന്റെ തിരുനാൾ |
| 6 തിങ്കൾ | : ദനഹാ തിരുനാൾ |
| 11 ശനി | : എയ്ഞ്ചൽസ് ഫെസ്റ്റ്, അതിരൂപതാതല തിരുബാലസഖ്യ കലോത്സവം |
| 19 ഞായർ | : ജീവന്റെ മൂല്യം - പ്രസംഗമത്സരം |
| 25 ശനി | : വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ്, ടീംക്വിസ്, കൈയ്യെഴുത്ത് മാസിക അതിരൂപതയിൽ എത്തിക്കേണ്ട അവസാനദിവസം. |
| 30 വ്യാഴം | : ലോകസമാധാന ദിനം |

**മേഖലകൾ ശ്രദ്ധിക്കാൻ**: എക്സിക്യൂട്ടീവ്, മാനേജിംഗ് കമ്മിറ്റി, ഓർഗനൈസിംഗ് ടീം മീറ്റിംഗ്, എയ്ഞ്ചൽസ് ഫെസ്റ്റ്.

## വൈസ് ഡയറക്ടേഴ്സ് മീറ്റിംഗും ജീവകാരുണ്യകൂപ്പൺ സമ്മാന ദാനവും

മിഷൻലീഗ് - തിരുബാലസഖ്യപ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഈ വർഷത്തെ പ്രധാനകാര്യങ്ങൾ ചർച്ചചെയ്യുന്നതിനുമായി ജനുവരി 25-ാം തീയതി രാവിലെ 9.15 ന് ചെമ്പേരി ലൂർദ്ദ്മാതാ ഫൊറോന ദൈവാലയത്തിൽ വച്ച് നടക്കുന്ന വി. കുർബ്ബാനയ്ക്കുശേഷം ചെമ്പേരി നിർമ്മല ഓഡിറ്റോറിയത്തിൽ വച്ച് ആരംഭിക്കുന്ന വൈസ് ഡയറക്ടേഴ്സ് മീറ്റിംഗിൽ മിഷൻലീഗ്-തിരുബാലസഖ്യം ശാഖാ വൈസ് ഡയറക്ടേഴ്സ് എല്ലാവരും പങ്കെടുക്കുമല്ലോ. അന്നേദിവസം തന്നെ ജീവകാരുണ്യ കൂപ്പൺ സമ്മാനദാനവും വിവിധ മത്സരങ്ങളിൽ വിജയികളായവർക്കുള്ള സമ്മാനദാനവും മാർ ജോർജ് ഞറളക്കാട്ട് പിതാവ് ഈ മീറ്റിംഗിൽ വച്ച് നല്കുന്നതായിരിക്കും.

## ടീം ക്വിസ്

2020 ജനുവരി 25 ശനിയാഴ്ച രാവിലെ 10 മണിക്ക് ചെമ്പേരി ഹയർ സെക്കന്ററി സ്കൂളിൽ വച്ച് ഈ വർഷത്തെ അതിരൂപതാതല ടീം ക്വിസ് മത്സരം നടത്തുന്നു. മേഖലകളിൽ ഒന്നാംസ്ഥാനം ലഭിച്ച ടീം ആണ് മത്സരത്തിൽ പങ്കെടുക്കേണ്ടത് എന്ന കാര്യം ഓർമ്മിപ്പിക്കട്ടെ. മത്സരാർത്ഥികൾ 25-ാം തീയതി 9.45 ന് മത്സര ഹാളിൽ എത്തിച്ചേരാൻ ശ്രദ്ധിക്കുമല്ലോ. **ടീം ക്വിസ് പഠനഭാഗങ്ങൾ:** ലോഗോസ് ബൈബിൾ ഭാഗം 30%, മഹാമിഷണറി 30%, സംഘടന 20%, സഭ 20%.

## കൈയ്യെഴുത്ത് മാസിക

മേഖലയിൽ ഒന്നാംസ്ഥാനം ലഭിച്ച കൈയ്യെഴുത്ത് മാസിക രൂപതയിൽ എത്തിക്കേണ്ട അവസാന തീയതി 2020 ജനുവരി 25 ആണ്. 25-ാം തീയതി വൈസ് ഡയറക്ടേഴ്സ് മീറ്റിംഗിനായി ചെമ്പേരിക്ക് വരുമ്പോൾ അവ സ്വീകരിക്കുന്നതാണ്.

## ഉണ്ണീശോയ്ക്ക് ഒരു കട്ടിൽ

ഒറീസ്സായിലെ സാമ്പൽപൂർ രൂപതയിലെ ഗുദ്രാപാറ ഇടവക ബോർഡിങ്ങിൽ താമസിക്കുന്ന കുട്ടികൾക്ക് ആവശ്യമായ കട്ടിൽ വാങ്ങുക എന്ന നിയോഗത്തോടെ അഭിവന്ദ്യപിതാവിന്റെ നിർദ്ദേശപ്രകാരം 25 നോമ്പിൽ കുട്ടികൾ സമാഹരിച്ച തുക മിഷൻലീഗ് ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ. ഡബിൾഡക്കർ ഇരുമ്പ് കട്ടിലാണ് വാങ്ങി നല്കാൻ ആഗ്രഹിക്കുന്നത്. ഒരു കട്ടിലിന് 5000 രൂപ ചിലവാകും. എല്ലാവരും സഹകരിക്കുമല്ലോ.

## മേഖലാ സന്ദർശനങ്ങൾ

ഫെബ്രുവരി - മാർച്ച് മാസങ്ങളിൽ അതിരൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ എല്ലാ മേഖലകളും സന്ദർശിക്കുന്നതായിരിക്കും. മേഖലകളിലെ എല്ലാ റെക്കോഡുകളും കണക്കും പൂർത്തീകരിക്കാനും കൃത്യമായി എഴുതി വയ്ക്കാനും ശ്രദ്ധിക്കുമല്ലോ.

## ദിയാക്കോണിയ

ജനുവരി -ഫെബ്രുവരി മാസങ്ങളിൽ ശാഖാ തലത്തിൽ ചെയ്യേണ്ടവ:

1 സമാധാനപ്രവർത്തകരെ ആദരിക്കുക. (ശാഖാ-മേഖലാ-രൂപതാ തലത്തിൽ)
2 സമാധാന സന്ദേശങ്ങൾ ലഘുലേഖകളിലൂടെയും വാട്സ് ആപ്പിലൂടെയും പ്രചരിപ്പിക്കുക.
3. അനാഥാലയങ്ങൾ നടത്തുന്നവരെ ആദരിക്കുക.
4. സമാധാനസന്ദേശ യാത്രകൾ നടത്തുക.
5 ലോകസമാധാനത്തിനായി പ്രാർത്ഥനായജ്ഞം(ജപമാല, ആരാധന) നടത്തുക
6. കുട്ടികൾക്ക് സമാധാനത്തിനായുള്ള പ്രാർത്ഥനാ കാർഡുകൾ നല്കുക.
7. മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ കബറിടം സന്ദർശിക്കുക.

## പ്രേഷിതവാരം

2020 ജനുവരി 6 മുതൽ 12 വരെ സീറോമലബാർ സഭ പ്രേഷിതവാരമായി ആചരിക്കുകയാണല്ലോ. ഈ പ്രേഷിതവാരത്തിൽ ലോകത്തിൽ നടക്കുന്ന എല്ലാ പ്രേഷിതപ്രവർത്തനങ്ങളെയും ഓർക്കുകയും തീക്ഷ്ണതയോടെ പ്രേഷിത പ്രവർത്തനങ്ങൾ നടത്തുന്നവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യുമല്ലോ. ഈ പ്രേഷിതവാര ആഴ്ചയിൽ ചെയ്യേണ്ട പ്രേഷിതപ്രവർത്തനങ്ങൾ അടങ്ങുന്ന കാർഡ് ഫൊറോനകളിൽ എത്തിച്ചിട്ടുണ്ട്. അവയിൽ സൂചിപ്പിച്ചിരിക്കുന്നവ മേഖലാ-ശാഖാ തലങ്ങളിൽ ചെയ്യാൻ പ്രത്യേകം പരിശ്രമിക്കണം.

## ശാഖാസന്ദർശനങ്ങൾ - ജനുവരി

അതിരൂപതാ ഓർഗനൈസിംഗ് ടീം അംഗങ്ങൾ ജനുവരിമാസം പേരാവൂർ (ജനുവരി-5), തളിപ്പറമ്പ് (ജനുവരി 12) കുന്നോത്ത് (ജനുവരി 19) എന്നീ മേഖലകളിലെ ശാഖകൾ സന്ദർശിക്കുന്നതാണ്. അന്നേദിവസം ശാഖാ വൈസ് ഡയറക്ടേഴ്സ് ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ. വികാരിയച്ചനെയും സൺഡേസ്കൂൾ ഹെഡ്മാസ്റ്ററിനെയും സന്ദർശനത്തിനുവരുന്ന കാര്യം വൈസ് ഡയറക്ടർ സിസ്റ്റർ പ്രത്യേകം ഓർമ്മിപ്പിക്കുമല്ലോ. നിശ്ചിതദിവസം ഇടവകയിൽ വിസിറ്റ് നടത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിൽ അത് വിളിച്ചറിയിക്കുമല്ലോ.

## ദൈവവിളി ആൽബനിർമ്മാണ വിജയികൾ

I ഇതാ ഞാൻ (ചാവറഗിരി ശാഖ)
II ബസാലേൽ (പുളിങ്ങോം ശാഖ)
III വിളഭൂമിയിലേയ്ക്ക് (കുന്നോത്ത് ശാഖ)

## സുവർണ്ണജൂബിലി സ്മാരക പ്രബന്ധരചനാമത്സരവിജയികൾ

I റോസ്മേരി പാത്രപാങ്കൽ (തിരുമേനി ശാഖ)
II മരീറ്റ മുണ്ടമറ്റത്തിൽ (ചെങ്ങോം ശാഖ)
III മരിയ ചിട്ടാരക്കൽ (മേരിപുരം ശാഖ)

## നക്ഷത്രദൂത്

ക്രിസ്തുമസിനോടനുബന്ധിച്ച് ഡിസംബർ 1 മുതൽ 25 വരെ കുട്ടികളുടെ ക്രിസ്മസ് സന്ദേശങ്ങൾ 'നക്ഷത്രദൂത്' എന്ന പേരിൽ വാട്സ് ആപ്പിലൂടെയും യു ട്യൂബിലൂടെയും അയച്ചിരുന്നല്ലോ. ഈ പരിപാടികൾക്ക് വേണ്ട പ്രോത്സാഹനങ്ങളും നിർദ്ദേശങ്ങളും നല്കുകയും കുട്ടികളെ സന്ദേശം നല്കുന്നതിനായി ഒരുക്കുകയും ചെയ്ത എല്ലാ മാതാപിതാക്കൾക്കും അച്ചന്മാർക്കും സിസ്റ്റേഴ്സിനും മേഖലാ-ശാഖ ഭാരവാഹികൾക്കും അതിരൂപതാ കുടുംബത്തിന്റെ നന്ദിയും അഭിനന്ദനങ്ങളും. പ്രസംഗങ്ങൾ ഷൂട്ട് ചെയ്ത് ഭംഗിയായി എഡിറ്റ് ചെയ്ത മദർഹോമിലെ ജോസ് ചേട്ടനും ഡിവിനിസയ്ക്കും മറ്റ് ടീം അംഗങ്ങൾക്കും ഡയസ് അച്ചനും ഫാ. സെബാസ്റ്റ്യൻ പുതുപള്ളി അച്ചന്റെ നേതൃത്വത്തിലുള്ള മദർ ഹോമിലെ മറ്റ് അച്ചന്മാർക്കുംഹൃദയം നിറഞ്ഞ നന്ദി.

## ലഹരിവിരുദ്ധ ചിത്രരചനാ മത്സരം

28-ാം തീയതി വ്യാഴാഴ്ച ആലക്കോട് സെന്റ് മേരീസ് സ്കൂളിൽ വച്ച് ലഹരിവിരുദ്ധ ചിത്രരചനാ മത്സരം നടത്തി. യു.പി- ഹൈസ്കൂൾ വിഭാഗങ്ങളിൽ 82 കുട്ടികൾ പങ്കെടുത്തു. പങ്കെടുത്ത എല്ലാ കൊച്ചുകൂട്ടുകാർക്കും അവർക്ക് വേണ്ട പ്രോത്സാഹനങ്ങൾ നല്കിയ സെന്റ് മേരീസ് സ്കൂളിലെ സിസ്റ്റേഴ്സിനും എല്ലാ അധ്യാപകർക്കും നന്ദി.

## ക്രിസ്കാർഡ് മത്സരം

22-ാം തീയതി ഞായറാഴ്ച 5 സെന്ററുകളിലായി അതിരൂപതാതലത്തിൽ ക്രിസ്കാർഡ് മത്സരം നടത്തി. മത്സരങ്ങൾക്കായി കുട്ടികളെ പറഞ്ഞയച്ച എല്ലാ മേഖലാ-ശാഖാ ഡയറക്ടർമാർക്കും വൈസ് ഡയറക്ടേഴ്സിനും മത്സരങ്ങൾക്കുവേണ്ട ക്രമീകരണങ്ങൾ നടത്തിയ എല്ലാ അതിരൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

## അതിരൂപതാതല ക്രിസ്മസ് പുതുവത്സര ആഘോഷം-ശാന്തിഭവൻ

ചെറുപുഷ്പ മിഷൻലീഗ് അതിരൂപതാതല ക്രിസ്മസ് പുതുവത്സര ആഘോഷം ഡിസംബർ 23-ാം തീയതി രാവിലെ കരുവഞ്ചാൽ ശാന്തി ഭവനിലെ ബഹു. വൈദികർക്കൊപ്പം നടത്തി. വായാട്ടുപറമ്പ്, ആലക്കോട് മേഖലകളിലെ കുട്ടികളുടെ കലാപരിപാടികൾ ഗ്ലോറിയ 2019 നെ മനോഹരമാക്കി. അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെയും മാർ ജോസഫ് പാംപ്ലാനി പിതാവിന്റെയും സാന്നിദ്ധ്യം ചടങ്ങിന് മിഴിവേകി. ക്രിസ്മസ് പുതുവത്സര ആഘോഷ പരിപാടികൾ മനോഹരമായി ക്രമീകരിക്കാൻവേണ്ട എല്ലാസഹായ സഹകരണങ്ങളും ചെയ്ത പ്രീസ്റ്റ്ഹോം ഡയറക്ടർ ഫാ. ജോസഫ് ചാത്തനാട്ട്, & ടീം, വായാട്ടുപറമ്പ് മേഖല ഡയറക്ടർ ഫാ. മാത്യുവെട്ടുവയലിൽ, ആലക്കോട് മേഖല ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ, കരുവഞ്ചാൽ ശാഖാ ഡയറക്ടർ ഫാ. ഷൈൻ ഇനാച്ചേരിൽ, വായാട്ടുപറമ്പ്-ആലക്കോട് മേഖലകളിലെ വൈസ് ഡയറക്ടർ സിസ്റ്റേഴ്സ്, കലാപരിപാടികൾ അവതരിപ്പിച്ച കുഞ്ഞുമിഷനറിമാർ എന്നിവർക്ക് അതിരൂപതാകുടുംബത്തിന്റെ നന്ദി.

## മിഷൻപച്ചക്കറിത്തോട്ടം

മിഷൻപച്ചക്കറിത്തോട്ടം 2-ാംഘട്ട സന്ദർശനം ജനുവരി ആദ്യ ആഴ്ചതന്നെ നടത്തുന്നതായിരിക്കും.

## അതിരൂപതാ മാനേജിംഗ് കമ്മിറ്റി

ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപത മാനേജിംഗ് കമ്മിറ്റിയും 2020-2022 വർഷത്തേയ്ക്കുള്ള അതിരൂപതാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും ഡിസംബർ 14-ാം തീയതി തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോനപള്ളി ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. അതിരൂപതാ വികാരി ജനറാൾ മോൺ. ഡോ. അലക്സ് താരാമംഗലം ഉദ്ഘാടനം ചെയ്ത മാനേജിംഗ് കമ്മിറ്റിയിൽ അതിരൂപത പ്രസിഡന്റ് ശ്രീ. ബേബി പ്ലാശ്ശേരി അധ്യക്ഷത വഹിച്ചു. അതിരൂപതാ സെക്രട്ടറി സുനിൽ കല്ലിടുക്കിൽ കണക്കും, ജോ. സെക്രട്ടറി ഷേർളി പാമ്പനാൽ റിപ്പോർട്ടും അവതരിപ്പിച്ചു. തുടർന്ന് കഴിഞ്ഞ മൂന്നു വർഷങ്ങളിലെ പ്രവർത്തനങ്ങൾ സംക്ഷിപ്തമായി വിലയിരുത്തി. സംസ്ഥാന പ്രസിഡന്റ് ശ്രീ. ബിനു മാങ്കൂട്ടത്തിന്റെ നേതൃത്വത്തിൽ 2020-2022 വർഷത്തേയ്ക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടന്നു. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വേങ്ങക്കുന്നേൽ സ്വാഗതവും ജനറൽ ഓർഗനൈസർ ബിജു മണ്ണനാൽ നന്ദിയും പറഞ്ഞു.

## ഹൃദ്യമായ സ്വാഗതം

**2020-2022 പ്രവർത്തനവർഷത്തെ അതിരൂപതാഭാരവാഹികൾ:** പ്രസിഡന്റ് -സുനിൽ കല്ലിടുക്കിൽ, വൈ.പ്രസിഡന്റ്- ഷേർളി പാമ്പനാൽ, സെക്രട്ടറി- ജെയ്സൺ പുളിച്ചമാക്കൽ, ജോ. സെക്രട്ടറി-ഏലിക്കുട്ടി എടാട്ട്, ജനറൽ ഓർഗനൈസർ-സുനിൽ ചെന്നിക്കര.

**റീജിയണൽ ഓർഗനൈസേഴ്സ്:** സണ്ണി പടിഞ്ഞാറേചിറ്റേടത്ത്, ജിന്റോ പാലക്കത്തടത്തിൽ, ജോബി പനച്ചിക്കൽകരോട്ട്, ബെന്നി മാടപ്പാട്ട്, ബിജു കൊച്ചുപൂവ്വക്കോട്ട്, ഷിജോ സ്രായിൽ.

**സംസ്ഥാനപ്രതിനിധികൾ:** ബേബി പ്ലാശ്ശേരി, ഷിജോ പുതുപ്പറമ്പിൽ, മിനി ആശാരിപറമ്പിൽ, സിസി പുതുക്കരി, മെൽബി കാവുകാട്ട്.

**ഓഡിറ്റേഴ്സ്:** ടോണി ഇരുപ്പക്കാട്ട്, മാണി കണിയാരോലിക്കൽ, ബിജു മണ്ണനാൽ.

## കർഷകപ്രക്ഷോഭം

ഉത്തരമലബാർ കർഷകപ്രക്ഷോഭത്തിന്റെ ഭാഗമായി കണ്ണൂർ കലക്ട്രേറ്റ് മൈതാനിയിൽ നടത്തിയ കർഷകസംഗമവും റാലിയും ഏറ്റവും മനോഹര മാക്കാൻ അധ്വാനിച്ച എല്ലാ മിഷനറിമാർക്കും ഹൃദയം നിറഞ്ഞ നന്ദി. വിവിധ കമ്മിറ്റികളിൽ തീഷ്ണമായി അധ്വാനിക്കുകയും സമ്മേളനത്തിലേക്ക് ആളുകളെ കൊണ്ടുവരികയും സമ്മേളന നഗരി തയ്യാറാക്കാനും ക്ലീനിംഗിനും മറ്റ് എല്ലാ പ്രവർത്തനങ്ങൾക്കും സഹായിച്ചവരെ നന്ദിപൂർവ്വം അനുസ്മരിക്കുന്നു.

## ശാഖാ സന്ദർശനങ്ങൾ

**1.12.19 ഞായർ:** തോമാപുരം മേഖലയിലെ 13 ശാഖകളും വായാട്ടുപറമ്പ് മേഖലയിലെ 1 ശാഖയും ചെമ്പന്തൊട്ടി മേഖലയിലെ 1 ശാഖയും വെള്ളരിക്കുണ്ട് മേഖലയിലെ 1 ശാഖയും ചെറുപുഴമേഖലയിലെ 4 ശാഖകളും അതിരൂപതാ ഓർഗനൈസിംഗ് ടീം സന്ദർശിച്ചു. കാവുന്തല-സജി കുന്നത്ത്, കണ്ണിവയൽ-മാണി കണിയാരോലിക്കൽ, അതിരുമാവ്,ചട്ടമല - ജോയൽ കൈച്ചിറമറ്റത്തിൽ, വരക്കാട്, പുളിങ്ങോം-സി. റോഷ്നി എഫ്.സി.സി, തോമാപുരം-സി.ടെർസിറ്റ എൻ.എസ്., കുന്നുംകൈ-ജെറിൻ ചേമ്പാല ക്കുന്നേൽ, ആയന്നൂർ-ഷിജോ സ്രായിൽ, ചാവറഗിരി-സി.അലീന, കമ്പല്ലൂർ -ഷിജോ പുത്തൻപുര, പാലാവയൽ- സി. മരിയറ്റ്, തയ്യേനി,കുളിനീർ-ജോണി കൊന്നയിൽ, വെള്ളാട് - സജി കുളങ്ങരമുറി, വെണ്ണക്കല്ല്-സുനിൽ കല്ലിടുക്കിൽ, ഭീമനടി-ഫാ. ജോസഫ് വേങ്ങക്കുന്നേൽ, തിരുമേനി-സി.ലിസ്ബിൻ സി.എച്ച്. എഫ്, താബോർ-സുനിൽ ചെന്നിക്കര, മുളപ്ര-സിസി പുതുക്കരി.

**15.12.19 ഞായർ:** വെള്ളരിക്കുണ്ട് മേഖലയിലെ 12 ശാഖകളും തോമാപുരം മേഖലയിലെ 3 ശാഖകളും സന്ദർശിച്ചു. ആനമഞ്ഞൾ-വിൽസൺ ഈരൂരിക്കൽ, അട്ടക്കണ്ടം-സി. റോഷ്നി എഫ്.സി.സി, അട്ടേങ്ങാനം-സി.ടെർസിറ്റ, ബളാൽ-സിസി പുതുക്കരി, ബിരിക്കുളം-സി.മരിയറ്റ്, ചുള്ളി-മാണി കണിയാ രോലിക്കൽ, കാലിച്ചാമരം- സഖറിയാസ് തേക്കുംകാട്ടിൽ, പുന്നക്കുന്ന്-ജെയ്സൺ പുളിച്ചമാക്കൽ, വെള്ളരിക്കുണ്ട്-ബേബി പ്ലാശ്ശേരി, വിമലഗിരി, കനകപള്ളി-ഫാ. ജോസഫ് വേങ്ങക്കുന്നേൽ, പറമ്പ -ജോയൽ കൈച്ചിറമറ്റം, മണ്ഡപം-സി.അർച്ചന എഫ്.സി.സി., ബേഡൂർ-ജോബി കുര്യൻ പാണ്ട്യാം പറമ്പിൽ, കടുമേനി-റോസിലി എഫ്.സി.സി.

## ആദരാഞ്ജലികൾ

ആലക്കോട് മേഖല ജോ. സെക്രട്ടറിയും അതിരൂപതാ സംസ്ഥാന പ്രതിനിധിയുമായ ജെസ്സി വട്ടക്കാട്ടിന്റെ ഭർതൃമാതാവ് മറിയക്കുട്ടിയുടെ ആത്മശാന്തിക്കായി അതിരൂപതാ കുടുംബത്തിന്റെ പ്രാർത്ഥനകളും ആദാരജ്ഞലികളും.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അതിരൂപതാ ഡയറക്ടർ

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

ധാരാളം കൃപകൾ നമുക്ക് സമ്മാനിച്ച 2019 യവനികയ്ക്കുള്ളിലേയ്ക്ക് പിൻവാങ്ങി. ഉണ്ണീശോയുടെ സുകൃതങ്ങൾ ജീവിതത്തിൽ സ്വന്തമാക്കി ഉണ്ണീശോയുടെ കൂട്ടുകാർ 2020 ലേയ്ക്ക് പ്രവേശിച്ചിരിക്കുന്ന ഈ അവസരത്തിൽ കൂടുതൽ വിശുദ്ധിയോടെ വളർന്നുവരാൻ കുഞ്ഞുങ്ങളായ നിങ്ങളെ ഓരോരുത്തരെയും ഉണ്ണീശോ അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. എല്ലാ കൊച്ചുകൂട്ടുകാർക്കും ദൈവാനുഗ്രഹം നിറഞ്ഞ പുതുവത്സരാശംസകൾ.....

## 'നിറം കൊടുക്കാമോ' ഡിസംബർ മാസത്തെ വിജയികൾ

| | | |
|---|---|---|
| I | ടിനു | - ബദിയഡുക്ക |
| II | കുര്യൻ നെല്ലുവേലിൽ | - കനകക്കുന്ന് |
| III | മരിയ ചെറുതോട്ടിൽ | - നെടുംപുറംചാൽ |

## 'നിങ്ങൾക്കറിയാമോ'? വിജയികൾ

| | | |
|---|---|---|
| I | അന്നമ്മ ആക്കൽ | - പയ്യാവൂർ |
| II | എയ്ഞ്ചൽ കുറ്റിക്കാട്ട് | - വെള്ളാട് |
| III | മരിയ കോട്ടയിൽ | - പനത്തടി |

## ഈശോയെപ്പോലെ ദേവാലയത്തിലായിരിക്കാം

കൂട്ടുകാരേ, ഈ മാസം ഈശോയെപ്പാലോ ദൈവാലയത്തിലായിരിക്കാം എന്ന ഏഴാം അധ്യായം പഠിക്കാം. കുഞ്ഞുമക്കളേ, ബാലനായ ഈശോ ദൈവാലയത്തിൽ മാതാപിതാക്കളോടൊപ്പം പോയി പ്രാർത്ഥിച്ചിരുന്നു. ദൈവം വസിക്കുന്ന ആലയമാണല്ലോ നമ്മുടെ ദൈവാലയം. ദേവാലയത്തിൽ നമ്മൾ ഭക്തിയോടെ പെരുമാറണം. സാധിക്കുന്ന ദിവസങ്ങളിലെല്ലാം വി. കുർബ്ബാനയിൽ പങ്കെടുക്കുകയും ഈശോയോട് തീക്ഷ്ണതയോടെ പ്രാർത്ഥിക്കുകയും ചെയ്യുമല്ലോ. കൂട്ടുകാരേ, ഇനി നിങ്ങൾ ദൈവാലയത്തിൽ ബഹുമാനത്തോടെ, ആദരവോടെ പെരുമാറുമല്ലോ. നല്ല തമ്പുരാൻ കുഞ്ഞുമക്കളെ അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.... ആശംസിക്കുന്നു.

## അതിരൂപതാകലോത്സവം

തിരുബാലസഖ്യം അതിരൂപതാകലോത്സവം ജനുവരി 11-ാം തീയതി രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടുകൂടി ചെമ്പേരി നിർമ്മല ഹയർസെക്കന്ററി സ്കൂളിൽവച്ച് നടക്കുന്നതാണ്. മേഖലാതലത്തിൽ വ്യക്തിഗത

ഇനത്തിൽ ഒന്നാംസ്ഥാനം ലഭിച്ച ആൺകുട്ടിയെയും പെൺകുട്ടിയെയും ഗ്രൂപ്പ് ഇനത്തിൽ ഒന്നാംസ്ഥാനം ലഭിച്ച ടീമിനെയും അതിരൂപതാ മത്സരത്തിൽ പങ്കെടുപ്പിക്കാൻ ആനിമേറ്റേഴ്സ് ശ്രദ്ധിക്കുമല്ലോ.

## ആനിമേറ്റേഴ്സ് മീറ്റിംഗ്

തിരുബാലസഖ്യം ആനിമേറ്റേഴ്സ് മീറ്റിംഗ് ജനുവരി 25-ാം തീയതി രാവിലെ 9.15 ന് വി. കുർബ്ബാനയോടുകൂടി ചെമ്പേരി നിർമ്മല ഓഡിറ്റോറിയത്തിൽ വച്ച് നടക്കുന്നു. ബഹു. ആനിമേറ്റേഴ്സ് എല്ലാവരും മീറ്റിംഗിൽ പങ്കെടുക്കുമല്ലോ.

## ഉണ്ണീശോയ്ക്ക് ഒരു കട്ടിൽ

ഒറിസ്സായിലെ സാമ്പൽപൂർ രൂപതയിലെ ഗുദ്രാപാറ ഇടവകയിലെ ബോർഡിങ്ങിൽ പഠിക്കുന്ന കുട്ടികൾക്കാവശ്യമായ കട്ടിൽവാങ്ങുക എന്ന നിയോഗത്തോടെ 25 നോമ്പിൽ കുട്ടികൾ സമാഹരിച്ച തുക അതിരൂപത തിരുബാലസഖ്യ ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## അതിരൂപതാ സെൻട്രൽ ടീം മീറ്റിംഗ്

18.12.19 ബുധനാഴ്ച സന്ദേശഭവനിൽ വച്ച് അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വേങ്ങക്കുന്നേലിന്റെ അധ്യക്ഷതയിൽ അതിരൂപതാ സെൻട്രൽ ടീമിന്റെ മീറ്റിംഗ് നടത്തി.

## ആനിമേറ്റേഴ്സിന്റെ ശ്രദ്ധയ്ക്ക്

അവധിക്കാലങ്ങളിലോ അവധി ദിവസങ്ങളിലോ തിരുബാലസഖ്യ കുട്ടികൾക്കായി ധ്യാനങ്ങളും സെമിനാറുകളും നടത്താൻ ആഗ്രഹിക്കുന്നവർ നേരത്തെ അറിയിച്ചാൽ അവർക്കായി ടീം ക്രമീകരിച്ച് തരാൻ പരിശ്രമി ക്കുന്നതാണ്.

തിരുബാലസഖ്യം കുട്ടികളെ ജപമാല ധരിക്കാൻ ശീലിപ്പിക്കുകയും കാണാതെ ജപമാല ചൊല്ലാൻ പഠിപ്പിക്കുകയും ചെയ്യുമല്ലോ.

അടുത്ത വർഷത്തേയ്ക്ക് ആവശ്യമായ തിരുബാലസഖ്യ വർക്ക് ബുക്കിന്റെ ഓർഡർ സാധിക്കുന്നത്ര നേരത്തെ നല്കുമല്ലോ.

കുട്ടികൾക്ക് വായിക്കാൻ ചിത്രകഥകൾ ആവശ്യമുള്ളവർ അറിയിച്ചാൽ വാങ്ങാൻ അവസരം ക്രമീകരിക്കുന്നതാണ്.

## സെമിനാറുകൾ-ക്യാമ്പുകൾ

1.12.19ന് പുളിങ്ങോം ശാഖയിലെ തിരുബാലസഖ്യം കുട്ടികൾക്ക് സി. റോഷ്നി ക്ലാസ്സ് എടുത്തു.

15.12.19ന് അട്ടേങ്ങാനം ശാഖയിലെ കുട്ടികൾക്ക് സി-.ടെർസിറ്റ ക്ലാസ്സ് എടുത്തു.

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അതിരൂപതാ ഡയറക്ടർ

# യുവജനശുശ്രൂഷ



**" Go MAD " - Make A Difference**

നിങ്ങളുടെ യൗവ്വനം ഒരു ഇടവേളയല്ല.
നിങ്ങൾ ദൈവത്തിന്റെ ഇപ്പോൾ ആണ് (ക്രിസ്തൂസ് വിവിദ് 5:178).

പ്രിയ വികാരിയച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

## സംസ്ഥാന വാർഷിക സെനറ്റ്

42 –ാം മത് കെ സി വൈ എം, എസ് എം വൈ എം സംസ്ഥാന സെനറ്റ് 2020 ജനുവരി 17,18,19 തിയ്യതികളിൽ തൃശ്ശൂർ രൂപതയുടെ ആതിഥേയത്വത്തിൽ നടത്തപ്പെടുന്നു.

## കർഷക പ്രക്ഷോഭം വാഹന പ്രചരണ ജാഥ

തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ നടക്കുന്ന ഉത്തര മലബാർ കർഷക പ്രക്ഷോഭത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് തലശ്ശേരി അതിരൂപത കെ സി വൈ എം നേതൃത്വം നല്കുന്ന വാഹന പ്രചരണ ജാഥ 29.11.2019–ന് പത്ത് മണിക്ക് കാസർഗോഡ് ടൗണിൽ കാസർഗോഡ് ജില്ല പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശാന്തമ്മ ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. മോൺ. ജോസഫ് ഒറ്റപ്ലാക്കൽ അദ്ധ്യക്ഷനായിരുന്ന മീറ്റിംഗിൽ ഫാ. തോമസ്സ് തയ്യിൽ ജാഥ ഫ്ളാഗ് ഓഫ് ചെയ്തു. ജാഥ ക്യാപ്റ്റൻ ശ്രീ. ജോർജ് തയ്യിൽ, ( പാസ്റ്ററൽ കൗൺസിൽ – സെക്രട്ടറി ) വൈസ് ക്യാപ്റ്റൻസ് – ശ്രീ. സിജോ കണ്ണേഴത്ത് (കെ.സി.വൈ.എം രൂപതാ പ്രസിഡന്റ്) എബിൻ ഷാജു (കെ.സി. വൈ.എം.കാഞ്ഞങ്ങാട് ഫൊറോന പ്രസിഡന്റ്) അമൽ കെ ജോയി കൊന്നക്കൽ (കെ.,സി. വൈ. എം. തളിപ്പറമ്പ് ഫൊറോന പ്രസിഡന്റ് ) എന്നിവരുടെ നേതൃത്വത്തിൽ, നാല്പ്പത്തഞ്ചോളം യുവാക്കളും ചേർന്ന് ചെർക്കള, പൊയ്നാച്ചി, പെരിയ, മാവുങ്കാൽ, കാഞ്ഞങ്ങാട്, എന്നീ ടൗണുകളിലൂടെ കടന്ന് നീലേശ്വരത്ത് 6.30 ന് സമാപിച്ചു. ഓരോ ടൗണിൽ എത്തുമ്പോഴും കരിക്കോട്ടക്കരി, പുലിക്കുരുമ്പ എന്നീ ഇടവകയിൽ നിന്നും വന്ന യുവജനങ്ങളുടെ ഫ്ളാഷ് മോബ്, യുവജനങ്ങളുടെ പ്രസംഗങ്ങൾ എന്നിവയെല്ലാം ജാഥക്ക് ആവേശവും കരുത്തും പ്രദാനംചെയ്തു.

രണ്ടാം ദിനത്തിൽ ഒൻപത് മണിക്ക് ചെറുവത്തൂർ ആരംഭിച്ച വാഹന പ്രചരണ ജാഥ പയ്യന്നൂര് വച്ച് എകെസിസി ഗ്ലോബൽ സെക്രട്ടറി അഡ്വ.ടോണി പുഞ്ചക്കുന്നേൽ ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. ഫാ. ജോൺ മുല്ലക്കര അദ്ധ്യക്ഷത വഹിച്ചു. പഴയങ്ങാടി, പരിയാരം, തളിപ്പറമ്പ്, ഈ സ്ഥലങ്ങളിലൂടെ കടന്ന് കണ്ണൂർ ടൗണിൽ സമാപിച്ചു. സമാപന സമ്മേളനം കണ്ണൂർ കോർപറേഷൻ മേയർ സുമ ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. കർഷകരുടെ ദുരവസ്ഥയിൽ കക്ഷി രാഷ്ട്രീയം മറന്ന് എല്ലാവരും ഒന്നിക്കണമെന്ന് മേയർ പറഞ്ഞു. ഫാ. ഫിലിപ്പ്

കവിയിൽ അദ്ധ്യക്ഷനായിരുന്ന സമ്മേളനം തുടർന്ന് തലശ്ശേരിയിൽ എത്തി 7.30 ന് സമാപിച്ചു. വിവിധ സ്ഥലങ്ങളിൽ ജാഥക്ക് സ്വീകരണം ഒരുക്കിയ ബഹു. വൈദീകർക്കും സഹകരിച്ച ഇടവകാസമൂഹങ്ങൾക്കും, രണ്ട് ദിവസം ജാഥ യോടൊപ്പമായിരുന്ന ബഹുമാനപ്പെട്ട ആശാരിപ്പറമ്പിലച്ചനും, അതിരൂപത ഭാര വാഹികൾക്കും, ഫൊറോന പ്രസിഡന്റുമാർക്കും, യൂണിറ്റ് ഭാരവാഹികൾക്കും യുവജന സുഹൃത്തുക്കൾക്കും ഫ്ളാഷ് മോബുമായി എത്തിയ കരിക്കോട്ടക്ക രി, പുലിക്കുരുമ്പ യൂണിറ്റുകളിലെ യുവജനങ്ങൾക്കും, വികാരിയച്ചൻമാർക്കും സ്ഥലവും സാഹചര്യങ്ങളും ഒരുക്കി എല്ലാം മനോഹരമായി ക്രമീകരിച്ച് വാഹന ജാഥ വിജയകരമാക്കാൻ സഹകരിച്ച എല്ലാവർക്കും നന്ദി.

## പിന്തുണയുമായി കെ സി വൈ എം

തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ നടത്തുന്ന ഉത്തര മലബാർ കർഷക പ്രക്ഷോഭത്തിന്റെ ഭാഗമായി അതിരൂപതയിലെ പിതാക്കൻമാരും വൈദീ കരും കണ്ണൂർ കലക്ട്രേറ്റ് പടിക്കൽ നടത്തിയ ഉപവാസ സമരത്തിന് പിന്തുണയ റിച്ചുകൊണ്ട് കെസിവൈഎം സംസ്ഥാന പ്രസിഡന്റ് സിറിയക് ചാഴിക്കാടൻ, സെക്രട്ടറി തേജസ്സ് കറുകയിൽ എന്നിവർ പിതാക്കൻമാരെയും, കെ സി വൈ എം ഡയറക്ടർ ഫാ. സോണി വടശ്ശേരിയെയും ഷോൾ അണിയിച്ചു. സംസ്ഥാന സമിതി അംഗങ്ങൾക്കും, അതിരൂപതാ ഭാരവാഹികൾക്കും, വിവിധ ഇടവകയിൽ നിന്നും എത്തിയ പ്രസിഡന്റുമാർക്കും, യുവജനങ്ങൾ എല്ലാവർക്കും നന്ദി.

## ന്യൂനപക്ഷ വിഭാഗങ്ങളുടെ അവകാശങ്ങളും ആനുകൂല്യങ്ങളും സെമിനാർ

കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ - ന്യൂനപക്ഷ വിഭാഗത്തിലുള്ള വർക്കായി കണ്ണൂരിൽ വച്ച് 7.12.2019 ന് പത്ത് മണി മുതൽ രണ്ട് മണി വരെ നട ത്തിയ ബോധവത്ക്കരണ സെമിനാറിൽ കെ സി വൈ എം അതിരൂപതാ സമിതി അംഗങ്ങളും യുവജനങ്ങളുമായി 12 പേർ പങ്കെടുത്തു.

## ഉത്തരമലബാർ കർഷക പ്രക്ഷോഭം

തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ നടന്ന കർഷക മഹാസംഗമ ത്തിന് കെ സി വൈ എം യുവജനങ്ങളുടെ സാന്നിധ്യം ഏറെ സഹായകരമായി രുന്നു. കർഷക പ്രക്ഷോഭത്തിന്റെ എറ്റവും അടുത്ത മൂന്ന് ദിവസങ്ങളിലായി കണ്ണൂര് എല്ലാ ക്രമീകരണങ്ങളും നടത്തുവാനായി രൂപതാ നേതൃത്വത്തോ ടൊപ്പം യുവജനങ്ങൾ എത്തിയിരുന്നു. പ്രക്ഷോഭ നഗരിയിൽ 200 വോളണ്ടിയേ ഴ്സിന്റെ സേവനം കെ സി വൈ എം സജ്ജീകരിച്ചിരുന്നു. യുവജനങ്ങൾക്ക് ഹൃദയം നിറഞ്ഞ നന്ദി.

## ലൂസി കളപ്പുരയുടെ അശ്ലീല പുസ്തകത്തിനെതിരെ പ്രതിഷേധം

ക്രൈസ്തവ സഭയെയും സ്യാസത്തെയും അവഹേളിക്കുകയും കരി വാരിത്തേക്കുകയും ചെയ്ത ലൂസി കളപ്പുരയുടെ പുസ്തകം ഡിസി ബുക്സ് പ്രദർശിപ്പിക്കുന്നതിനെതിരെ പ്രതിഷേധവുമായി കെ സി വൈ എം യുവജന ങ്ങൾ എത്തുകയും പ്രസ്തുത പുസ്തകം വിൽക്കുന്നതിനെ തടയുകയും ചെയ്തു. പോലീസ് ഇടപെടലിനെ തുടർന്ന് അറസ്റ്റിലായ യുവനേതാക്കൻമാർക്ക് അഭിന ന്ദനങ്ങൾ.

**Roots** : വേരുകളിലേക്ക് മടങ്ങുക എന്ന ഫ്രാൻസ്സീസ് മാർപ്പാപ്പയുടെ ആഹ്വാന പ്രകാരം വേരുകളെ ശക്തിപ്പെടുത്താനായി കെ സി വൈ എം നട ത്തി വരുന്ന റൂട്ട്സ് വളരെ മനോഹരമായി ക്രമീകരിച്ച് നടത്തികൊണ്ടിരിക്കുന്ന എല്ലാവരെയും അഭിനന്ദിക്കുന്നു.

**കാഞ്ഞങ്ങാട് ഫൊറോന:** Roots 2k19 **എണ്ണപ്പാറ** ഇടവകയിൽ വച്ച് 30.11.2019 ന് കാഞ്ഞിരടുക്കം, ഉദയപുരം, കാലിച്ചാനടുക്കം, എന്നീ യൂണിറ്റു കൾ ചേർന്ന് Roots 2k19 നടത്തി. കാഞ്ഞങ്ങാട് ഫൊറോന ഡയറക്ടർ ഫാ. തോമസ്സ് പുള്ളോലി ഉദ്ഘാടനം ചെയ്ത പ്രോഗ്രാമിൽ സിജോ അമ്പാട്ട് യുവ ജനങ്ങളോട് സംസാരിച്ചു.120 യുവജനങ്ങൾ പങ്കെടുത്ത Roots 4.45 ന് ആരം ഭിച്ച് 9.30 ന് സമാപിച്ചപ്പോൾ കൾച്ചറൾ പ്രോഗ്രാം, ഗെയിംസ്, ആക്റ്റിവിറ്റീസ്, പ്രയർ സെഷൻ എല്ലാം ചേർന്ന് മനോഹരമാക്കിയ എല്ലാവർക്കും നന്ദി.

**പൈസക്കരി ഫൊറോന:** Roots 2k19 **ചന്ദനക്കാംപാറ** യൂണിറ്റിൽ വച്ച് തലശ്ശേരി അതിരൂപത സഹായ മെത്രാൻ മാർ ജോസഫ് പാംപ്ലാനി ഉദ്ഘാ ടനം ചെയ്തു. അതിരൂപത ഡയറക്ടർ ഫാ. സോണി വടശ്ശേരി ക്ലാസ്സെടുത്തു. 250 യുവജനങ്ങൾ പങ്കെടുത്ത പ്രോഗ്രാം 5.30 ആരംഭിച്ച് 9.45 ന് അവസാനിച്ചു. കൾച്ചറൾ പ്രോഗ്രാം, ഗെയിംസ്, ആക്റ്റിവിറ്റീസ്, പ്രയർ സെഷൻ എന്നിവ ഉൾച്ചേർത്ത് ക്രമീകരണങ്ങൾ ചെയ്ത് ഈ ദിനം മനോഹരമാക്കിയ എല്ലാ വർക്കും നന്ദി. കെ സി വൈ എം ആനിമേറ്റർ സി. പ്രീതി മരിയ സി എം സി, അതിരൂപത ഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു.

**സിൻഡിക്കേയ്റ്റ്** : സംസ്ഥാന വാർഷിക സെനറ്റിന് മുന്നോടിയായി ചേർന്ന അതിരൂപത സിൻഡിക്കേയ്റ്റിൽ ഡിസംബർ - 12 വരെയുള്ള കണക്കുകളും റിപ്പോർട്ടും ഐക കണ്ഠേ്യന പാസാക്കി.

**കരോൾ ഗാന മത്സരം** : കെ സി വൈ എം, എസ് എം വൈ എം തലശ്ശേരി അതിരുപതയുടെ നേതൃത്വത്തിൽ പേരാവൂർ ഫൊറോനയുടെ ആതിഥേയത്വ ത്തിൽ കരോൾഗാന മത്സരം (ജിങ്കിൾ ബെൽസ്) കല്ലുമുതിരക്കുന്ന് ദേവാലാ യഅങ്കണത്തിൽ മനോഹരമായി നടത്തപ്പെട്ടു. മത്സരത്തിൽ 1 -ാം സമ്മാനം (5001 രൂപ) നെല്ലിക്കാംപൊയിൽ ഫൊറോന, 2-ാം സമ്മാനം (3001 രൂപ) നെല്ലിക്കാംപൊയിൽ ഫൊറോന, 3-ാം സമ്മാനം (1001 രൂപ) ചെമ്പൻതൊട്ടി ഫൊറോനയും കരസ്ഥമാക്കി. പങ്കെടുത്ത എല്ലാ ഫൊറോനകൾക്കും, സമ്മാ നാർഹരായ ടീമുകൾക്കും അഭിനന്ദനങ്ങൾ.

കരോൾഗാന മത്സരം മനോഹരമായി ക്രമീകരിച്ച് കെ സി വൈ എം പേരാ വൂർ ഫൊറോന ഡയറക്ടർ ഫാ. സന്തോഷ് നെടുംങ്ങാട്ടിനും, കല്ലുമുതിരക്കുന്ന് പള്ളിവികാരി ഫാ. ജോജോ പന്തമാക്കലിനും, പേരാവൂർ ഫൊറോന, യൂണിറ്റ് ഭാരവാഹികൾക്കും, യുവജന സുഹൃത്തുക്കൾക്കും നന്ദി അറിയിക്കുന്നു.

സ്നേഹപൂർവ്വം,

**ഫാ. സോണി സ്കറിയ വടശ്ശേരിൽ**
ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

പ്രിയമുള്ള വൈദികരെ, സിസ്റ്റേഴ്സ്, മാതാപിതാക്കളെ,

## I. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

862, 863, 864 എം.പി.സി കോഴ്സ് നവംബർ 26 – 28, ഡിസംബർ 10–12, 17–19 എന്നീ തീയ്യതികളിൽ പേരാവൂർ മൗണ്ട് കാർമ്മൽ ആശ്രമം, തലശ്ശേരി സന്ദേശഭവൻ, പടന്നക്കാട് ഗുഡ് ഷെപ്പേർഡ് ചർച്ച് എന്നീ സെന്ററുകളിൽ വച്ച് നടക്കുകയുണ്ടായി. കോഴ്സിൽ 171 ആൺകുട്ടികളും, 190 പെൺകുട്ടികളും ഉൾപ്പെടെ 361 പേർ കോഴ്സിൽ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി. അവരുടെ മാതാപിതാക്കൾക്കുവേണ്ടി നടത്തിയ ക്ലാസിൽ 421 പേർ സംബന്ധിച്ചു. ആവശ്യമുള്ളവർക്കുവേണ്ടി പ്രീ–മാരിറ്റൽ കൗൺസലിംഗ് നടത്തി വിവാഹത്തിനായി ഒരുക്കി.

**MPC - 2020**

| MONTH | SANDESABHAVAN | PADANNAKKAD | PERAVOOR |
|---|---|---|---|
| JANUARY | 7 – 9 | Nil | 21- 23 |
| FEBRUARY | 4 - 6 | 11-13 | Nil |
| MARCH | 3 – 5 | 17 – 19 | 24 - 26 |
| APRIL | 14 – 16 | 28 – 30 | Nil |
| MAY | 5 – 7, 22 - 24 | Nil | Nil |
| JUNE | 16 – 18 | 2 – 4 | Nil |
| JULY | 21 – 23 | Nil | 7 – 9 |
| AUGUST | 11 – 13 | 25 – 27 | Nil |
| SEPTEMBER | 15 – 17 | 29 – oct 1 | Nil |
| OCTOBER | 27 – 29 | Nil | 13 – 15 |
| NOVEMBER | 10 – 12 | 24 – 26 | Nil |
| DECEMBER | 1 – 3 | 29 – 31 | 15 - 17 |

**II. അനുഗ്രഹ മാര്യേജ് ബ്യൂറോ : - www.anugrahamarry.com**

**III. മാതൃവേദി**

**1. തൂവാനീസ നിയോഗം –** ഈ മാസത്തെ തൂവാനീസ നിയോഗത്തിൽ ജപമാലയിൽ നമുക്ക് യുവജനങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കാം.

**2. യൂണിറ്റ്തല പ്രവർത്തനം –** യൂണിറ്റിലെ രോഗികളെ സന്ദർശിക്കുക.

**3. ദിയാക്കോണിയ പ്രവർത്തനം – ഡിസംബർ, ജനുവരി**

**സമാധാനം സമൂഹത്തിലും കുടുംബത്തിലും –** പ്രോലൈഫ് മെസ്സേജ് ഇടവകാതലത്തിൽ നൽകുക. മദ്യം, മയക്കുമരുന്ന് ഇവയ്ക്കെതിരായി നൃത്ത സംഗീത ശില്പം അവതരിപ്പിച്ച് കുട്ടികൾക്കും മുതിർന്നവർക്കും അവബോധം നൽകുക. കാരുണ്യ പ്രവർത്തകരെ ആദരിക്കുക, വയോജനസംഗമങ്ങൾ നടത്തുക, എല്ലാ യൂണിറ്റിലും സമാധാന പ്രാർത്ഥന നടത്തുക.

**4. അതിരൂപതാ ജനറൽബോഡി – ഇലക്ഷൻ**

ഡിസംബർ 14-ാം തീയ്യതി തലശ്ശേരി സന്ദേശഭവനിൽ വച്ച് മാതൃവേദി ജനറൽ ബോഡി മീറ്റിംഗും 2020-21 വർഷത്തേക്കുള്ള അതിരൂപതാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും നടന്നു. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ആനിമേറ്റർ സി. പൗളിൻ സി.എച്ച്.എഫ് സ്വാഗതമാശംസിച്ച ചടങ്ങിൽ മാതൃവേദി മുൻ പ്രസിഡണ്ട് ശ്രീമതി റെജി പോത്തനാമുഴി അദ്ധ്യക്ഷത വഹിച്ചു. തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോർജ്ജ് ഞറളക്കാട്ട് ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. തുടർന്ന് മാതൃവേദി മുൻ സെക്രട്ടറി ശ്രീമതി തങ്കമ്മ കൊച്ചുവേലിക്കകത്ത് റിപ്പോർട്ടും മുൻ ട്രഷറർ ശ്രീമതി ഡെയ്സി മച്ചിയാനിക്കൽ കണക്കും അവതരിപ്പിച്ചു. തുടർന്ന് സംസ്ഥാനതല മരിയൻ ക്വിസ് മത്സരവിജയികളെയും മാതൃവേദി മുൻ ഭാരവാഹികളെയും ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ ആദരിക്കുകയും നന്ദിയർപ്പിക്കുകയും ചെയ്തു. തുടർന്ന് മുൻ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടറും ബളാൽ ഇടവക വികാരിയുമായ ഫാ. അബ്രാഹം പുതുശ്ശേരി അമ്മമാർക്കു വേണ്ടി ക്ലാസ് നയിച്ചു. തലശ്ശേരി അതിരൂപത സഹായ മെത്രാൻ മാർ ജോസഫ് പാംപ്ലാനി ആശംസകളർപ്പിച്ച് സംസാരിക്കുകയും ചെയ്തു. അതിരൂപതാ മാതൃവേദി ഇലക്ഷനിൽ വച്ച് 2020-21 വർഷത്തേക്കുള്ള മാതൃവേദി രൂപതാ ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു.

അതിരൂപതാ ഭാരവാഹികൾ :

പ്രസിഡണ്ട് : ശ്രീമതി തങ്കമ്മ കൊച്ചുവേലിക്കകത്ത്

വൈസ് പ്രസിഡണ്ട് : ശ്രീമതി സിസമ്മ പഴേപറമ്പിൽ

സെക്രട്ടറി : ശ്രീമതി സിസിലി പുഷ്പക്കുന്നേൽ

ജോ.സെക്രട്ടറി : ശ്രീമതി മോളി ചെറുവള്ളിപ്പാറക്കൽ

ട്രഷറർ : ശ്രീമതി ഷീബ തെക്കേടത്ത്
സെനറ്റ് മെമ്പേഴ്സ് : ശ്രീമതി സെലിൻ കളരിക്കൽ, ശ്രീമതി ലാലിമ്മ പറമ്പിൽ

**5. ജ്വാല**

2019 നവംബർ 25-ാം തീയ്യതി ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ പനത്തടി മേഖലയുടെ ജ്വാല പ്രോഗ്രാം പനത്തടി സെന്റ് ജോസഫ് ഫൊറോനാ പള്ളിയിൽ വച്ച് നടന്നു.

2019 ഡിസംബർ 7-ാം തീയ്യതി ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ പേരാവൂർ മേഖലയുടെ ജ്വാല പ്രോഗ്രാം കല്ലുമുതിരക്കുന്ന് സെന്റ് ജൂഡ് പള്ളിയിൽ വച്ച് നടന്നു.

## IV. അമലാ പ്രോലൈഫ്

### (1) പ്രോലൈഫ് സംഗമം

ഒക്ടോബർ 17-ാം തീയ്യതി തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന പള്ളിയിൽ വച്ച് ബഹു. സെബാസ്റ്റ്യൻ ഇട്ടിയപ്പാറയച്ചന്റെ നേതൃത്വത്തിൽ പ്രോലൈഫ് അതിരൂപതാ സമ്മേളനം നടന്നു. ബഹു. ഫൊറോന വികാരി ഫാ. എബ്രാഹം പോണാട്ട് ക്രിസ്മസ് സന്ദേശം നൽകി. തുടർന്ന് ക്രിസ്തുമസ് ആഘോഷ പരിപാടികൾ നടത്തി. ആരാധന, ഗ്രൂപ്പ് ചർച്ച എന്നിവ നടത്തി. പുതിയ വർഷത്തേക്കു വേണ്ട പ്രോലൈഫ് പദ്ധതികൾ ആവിഷ്ക്കരിച്ചു.

**2) ജീവോത്സവം 2019**

2019 ഡിസംബർ 21-ാം തീയ്യതി ശനിയാഴ്ച സന്ദേശഭവനിൽ വച്ച് വലിയ കുടുംബങ്ങളെ ആദരിക്കുന്ന ചടങ്ങായ ജീവോത്സവം പരിപാടി നടന്നു. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറ സ്വാഗതം ആശംസിച്ച ചടങ്ങിൽ സന്ദേശഭവൻ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ അദ്ധ്യക്ഷ പ്രസംഗം നടത്തി. ചടങ്ങ് തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോർജ്ജ് ഞറളക്കാട്ട് ഉദ്ഘാടനം ചെയ്തു. അമല പ്രോലൈഫ് കോർഡിനേറ്റർ ശ്രീ സണ്ണി കാര്യാടിയിൽ, മാതൃവേദി പ്രസിഡന്റ് തങ്കമ്മ കൊച്ചുവേലിക്കകത്ത് എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. തുടർന്ന് പങ്കെടുത്തവരുടെ പ്രതിനിധിയായി ഷിബു ചെമ്മരപ്പള്ളി അനുഭവം പങ്കുവച്ചു. സമ്മാനദാനത്തിന് ശേഷം പ്രോലൈഫ് ആനിമേറ്റർ സി. സ്റ്റെല്ല എം.എസ്.എം.ഐ ഏവർക്കും നന്ദിയർപ്പിച്ചു. പരിപാടികളിൽ സഹകരിച്ച കുടുംബാംഗങ്ങൾക്കും പ്രോലൈഫ് സമിതിക്കും മാതൃവേദി ഭാരവാഹികൾക്കും ഹൃദ്യമായ നന്ദി.

## V. അഭിനന്ദനങ്ങൾ

അതിരൂപതയുടെ നേതൃത്വത്തിൽ നടത്തിയ കർഷക പ്രക്ഷോഭത്തിന് മാതൃവേദി അംഗങ്ങൾ നൽകിയ ശക്തമായ പിന്തുണയ്ക്ക് നന്ദിയർപ്പിക്കുന്നു. കണ്ണീർ ചങ്ങല, കോണർ യോഗങ്ങൾ, കണ്ണീർ കഞ്ഞി, കർഷകകോട്ട എന്നിവയുടെ

വിജയത്തിനായി ത്യാഗപൂർവ്വം അണിചേർന്ന എല്ലാ അമ്മമാരെയും അഭിനന്ദിക്കുന്നു.

## VI. ബിബ്ലിയ 2020

☞ തിരുവചന വാക്യങ്ങൾ പഠിക്കാൻ ഒരു ക്വിസ്സ് മത്സരം.

☞ മാതൃവേദി അംഗങ്ങൾക്ക് പ്രായഭേദമന്യേ പങ്കെടുക്കാം.

☞ ഓരോ യൂണിറ്റിൽ നിന്നും എത്ര പേർക്ക് വേണമെങ്കിലും പങ്കെടുക്കാം.

☞ അതിരൂപതാ മത്സരം റീജിണൽ തലത്തിൽ.

☞ വചനവാക്യങ്ങൾ കൃത്യമായി ഉദ്ധരിക്കുന്നവർക്ക് സമ്മാനങ്ങൾ
ഉദാ: ലൂക്ക8, 15 ഉദ്ധരിക്കുക.

പഠനഭാഗങ്ങൾ 1) ലൂക്ക 1 – 24 അദ്ധ്യായങ്ങൾ
2) മാതൃദീപ്തി –2019, ജൂൺ – ഡിസംബർ വരെ 3 ലക്കങ്ങൾ
ബൈബിൾ ഭാഗത്തുനിന്നും വാക്യങ്ങൾ മാത്രം ഉദ്ധരിക്കുക
മാതൃദീപ്തിയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും.

തീയ്യതി 2020 മെയ് 4

ഏപ്രിൽ 10 ന് മുമ്പ് പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്.
1,2,3 സമ്മാനങ്ങൾ ക്യാഷ് അവാർഡ്
5 പ്രോത്സാഹന സമ്മാനങ്ങൾ

സ്നേഹപൂർവ്വം,

**ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ**
ഡയറക്ടർ

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

## അധ്യാപക/അനധ്യാപക അവാർഡുകൾ

നമ്മുടെ കോർപ്പറേറ്റ് ഏജ്യുക്കേഷണൽ ഏജൻസിയുടെ കീഴിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങളിലെ അധ്യാപക അനധ്യാപക പ്രവർത്തനങ്ങളെ വിലയിരുത്തി എല്ലാ വർഷവും വിവിധ പേരുകളിൽ അവാർഡുകൾ നൽകി പ്രോത്സാഹിപ്പിക്കാറുണ്ട്. ഈ വർഷവും അവാർഡുകൾ നൽകാൻ ആഗ്രഹിക്കുന്നു.

നമ്മുടെ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിൽ ജോലി ചെയ്യുന്ന അധ്യാപക അനധ്യാപകരുടെ സേവനങ്ങളെ സഭയും സമൂഹവും നന്ദിയോടെ സ്മരിക്കുന്നു. കോർപ്പറേറ്റ് തലത്തിൽ മൂന്നു തരത്തിലുള്ള അവാർഡുകൾ അധ്യാപകർക്കും അനധ്യാപകർക്കും നൽകുന്നു. ഈ വർഷത്തെ അവാർഡുകൾക്ക് ശുപാർശ ചെയ്യുന്നവരുടെ പേരുകൾ ബഹു. വികാരിയച്ചന്മാരും മറ്റ് സ്റ്റാഫ് അംഗങ്ങളും വിശദമായ റിപ്പോർട്ടുകളോടെ ജനുവരി 30-ാം തീയതിക്കു മുമ്പായി കോർപ്പറേറ്റ് ഓഫീസിലേക്ക് അയച്ചു തരണം. ലഭിക്കുന്ന അപേക്ഷകളിൽ നിന്ന് വിശദമായ പഠനം നടത്തി അവാർഡുകൾ നൽകുന്നതാണ്. അവാർഡുകളെ കുറിച്ചുള്ള വിശദീകരണങ്ങൾ താഴെ ചേർക്കുന്നു.

**(1) മാതൃകാധ്യാപകർക്കുള്ള മോൺ. പഴേപറമ്പിൽ ജൂബിലി അവാർഡ്**

ഏറ്റവും മാതൃകാപരവും അനുകരണീയവുമായ സേവനമനുഷ്ഠിക്കുന്ന സ്റ്റാഫ് മെമ്പേഴ്സിനു നൽകുന്ന അവാർഡ്. വ്യക്തിവൈശിഷ്ട്യം, സ്വഭാവശ്രേഷ്ഠത, ആത്മാർത്ഥത, അധ്യാപന നൈപുണ്യം, നേതൃത്വവാസന, വിദ്യാലയത്തിനും സഭയ്ക്കും പൊതുസമൂഹത്തിനും നൽകുന്ന സേവനം, കർമ്മോത്സുകത, ആദർശധീരത, സാമൂഹികാംഗീകാരം തുടങ്ങിയവയെല്ലാം കണക്കിലെടുക്കണം. ലഘുചരിത്രം, അർഹതയ്ക്കുള്ള തെളിവുകൾ എന്നിവയും അയച്ചു തരണം.

**(2) പ്രത്യേകരംഗത്ത് പ്രശസ്ത സേവനം അനുഷ്ഠിക്കുന്ന സ്റ്റാഫിനുള്ള ബിഷപ് വള്ളോപ്പിള്ളി ജൂബിലി അവാർഡ്**

അധ്യാപനം, ശാസ്ത്രം, കല, സാഹിത്യം, കായിക, സാംസ്കാരിക സാമൂഹിക ആദ്ധ്യാത്മിക രംഗങ്ങൾ (പാഠ്യാപാഠ്യാനുബന്ധ പ്രവർത്തനങ്ങൾ) എന്നിവയിലേതെങ്കിലുമൊന്നിൽ സുദീർഘവും പ്രശസ്തവും, ശ്രദ്ധേയവുമായ സേവനങ്ങൾ അനുഷ്ഠിക്കുകയും നേട്ടങ്ങൾ കൈവരിക്കുകയും ചെയ്തിട്ടുള്ള സ്റ്റാഫംഗങ്ങൾക്ക് നൽകുന്ന അവാർഡ്. തെളിവുകളും ലഘുചരിത്രവുംകൂടി അയയ്ക്കണം.

**(3)മെറിറ്റ് സർട്ടിഫിക്കറ്റ് (ടോക്കൺ ഓഫ് അപ്രിസിയേഷൻ)**

ഓരോ അധ്യയന വർഷവും ശ്രദ്ധേയവും അഭിനന്ദനീയവും ത്യാഗപൂർണ്ണവുമായ സേവനം ഏതെങ്കിലും രംഗത്ത് അനുഷ്ഠിക്കുകയും

നേട്ടങ്ങൾ കൈവരിക്കുകയും ചെയ്തിട്ടുള്ള അനധ്യാപകർക്ക് നൽകുന്ന അവാർഡാണിത്. അനധ്യാപകരുടെ പേരുകൾ തെളിവ് സഹിതം അയയ്ക്കുക,

## വിദ്യാലയ വിലയിരുത്തൽ

ഏതൊരു പദ്ധതിയുടെയും കാര്യക്ഷമമായ തുടർ പ്രവർത്തനത്തിനും മികവിനും വിലയിരുത്തൽ ആവശ്യമാണ്. വിദ്യാർത്ഥികളുടെ അക്കാദമിക് മികവുകൾ പരിശോധിക്കുന്നതിനാണ് പരീക്ഷകൾ സംഘടിപ്പിക്കുന്നത്. നിരന്തരമായ വിലയിരുത്തലിലൂടെ മാത്രമേ വിദ്യാലയ പ്രവർത്തനങ്ങൾ മികവോടെ മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. പരീക്ഷയുടെ റിസൾട്ടിനെ മാത്രം അടിസ്ഥാനമാക്കി ഒരു വിദ്യാലയത്തിന്റെ മികവ് നിർണ്ണയിക്കാനാവില്ല. സമഗ്രമായ വിലയിരുത്തൽ ആവശ്യമാണ്. കലാലയങ്ങളെ വിലയിരുത്തുന്ന സർക്കാറിന്റെ ഔദ്യോഗിക സംവിധാനങ്ങൾ ഇപ്രകാരം സമഗ്രമായ ഒരു വിലയിരുത്തൽ നടത്താറുണ്ട്.

സ്കൂൾ വാർഷിക റിപ്പോർട്ട് കൃത്യമായ ഒരു വിലയിരുത്തലിന്റെ ബാക്കി പത്രമാകണം. എന്നാൽ സ്കൂൾ വാർഷികങ്ങളിൽ അവതരിപ്പിക്കാൻ തയ്യാറാക്കുന്ന പല റിപ്പോർട്ടുകളും സമഗ്രവും സമ്പൂർണ്ണവും അല്ല. വിദ്യാലയ പ്രവർത്തനങ്ങളെ വിലയിരുത്തി കൃത്യമായ ഒരു റിപ്പോർട്ട് തയ്യാറാക്കാൻ ഒരു മാർഗ്ഗരേഖ എല്ലാ വർഷവും കോർപ്പറേറ്റിൽ നിന്ന് അയക്കാറുണ്ട്. ഈ ഫോർമാറ്റ് അവാർഡ് ലഭിക്കുന്നതിനുവേണ്ടി മാത്രമല്ല, വിദ്യാലയത്തിന്റെ തുടർ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്നതിനുംവേണ്ടിയാണ്. അതുകൊണ്ട് കോർപ്പറേറ്റ് ഓഫീസിൽ നിന്നയക്കുന്ന സ്കൂൾ പെർഫോമയെ അടിസ്ഥാനമാക്കി പ്രധാനധ്യാപകരുടെ നേതൃത്വത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ യഥാവിധി വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കി കോർപ്പറേറ്റ് ഓഫീസിലേക്ക് അയച്ചു തരണം. മുൻ വർഷങ്ങളിലെ പെർഫോമയിൽ നിന്ന് വലിയ വ്യത്യാസം ഇല്ലാത്ത പെർഫോമയാണ് ഈ വർഷം അയച്ചു തരുന്നത്.

നിങ്ങൾ എല്ലാവർഷവും ഇത്തരമൊരു സർക്കുലറിനു കാത്തു നിൽക്കാതെ വർഷാരംഭം മുതൽ ഡോക്യുമെന്റേഷൻ ആരംഭിക്കണം. പെർഫോമ ഒരു മാനദണ്ഡം മാത്രമാണ്. ഇതു കൂടാതെയുള്ള ഇതര വിദ്യാലയ പ്രവർത്തനങ്ങളും റിപ്പോർട്ടിൽ ഉൾപ്പെടുത്താവുന്നതാണ്.

ഇപ്രകാരം അയച്ചു തരുന്ന വാർഷിക വിലയിരുത്തൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഈ അധ്യയന വർഷം കോർപ്പറേറ്റ് മാനേജരുടെ നേതൃത്വത്തിൽ സ്കൂൾ സന്ദർശിച്ച് നടത്തിയ വിലയിരുത്തലിനെ അടിസ്ഥാനമാക്കിയും ഈ അധ്യയന വർഷവും മികച്ച വിദ്യാലയങ്ങൾക്ക് അവാർഡ് നൽകുന്നതാണ്.

ജനുവരി 30-ാം തീയതിക്കു മുമ്പായി വാർഷിക വിലയിരുത്തൽ റിപ്പോർട്ട് കോർപ്പറേറ്റ് ഓഫീസിൽ എത്തിക്കേണ്ടതാണ്. നിർബന്ധമായും എല്ലാ വിദ്യാലയങ്ങളിൽ നിന്നും റിപ്പോർട്ട് അയച്ചു തരേണ്ടതാണ്. ഈ റിപ്പോർട്ടിന്റെ ഒരു കോപ്പി വിദ്യാലയ ഡോക്യുമെന്റേഷന്റെ ഭാഗമായി സ്കൂളിൽ സൂക്ഷിക്കേണ്ടതാണ്. വിലയിരുത്തൽ പെർഫോമയുടെ കോപ്പി എല്ലാ സ്കൂളുകളിലേക്കും ഇ-മെയിൽ ചെയ്തിട്ടുണ്ട്.

## കാഞ്ഞങ്ങാട് സംസ്ഥാന സ്കൂൾ കലോത്സവ നഗരിയിലെ പ്രതിഷേധ പ്രകടനം

ജോലിചെയ്യുന്നവൻ കൂലിക്കർഹനാണ്. ഇത് ഏതൊരു മനുഷ്യന്റെയും അവകാശമാണ്. മറ്റേതൊരു മേഖലയിലും കാണാത്ത വിധം കൂലിയില്ലാതെ ജോലി ചെയ്യുന്ന അദ്ധ്യാപകർ നമുക്കു ചുറ്റിലുമുണ്ട്. പൗരന്റെ അവകാശങ്ങൾ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം സർക്കാരിന്റേതാണ്. സർക്കാർ ഈ ഉത്തരവാദിത്വത്തിൽ നിന്നും മാറിനിൽക്കുമ്പോൾ ബന്ധപ്പെട്ടരുടെ ശ്രദ്ധക്ഷണിക്കുന്നതിന് ജനാധിപത്യരീതിയിലുള്ള പ്രക്ഷോഭങ്ങൾ സംഘടിപ്പിച്ചേ മതിയാകൂ.

അതിന്റെ ഭാഗമായി 2019 നവംബർ 28 ന് കാഞ്ഞങ്ങാട് സംസ്ഥാന സ്കൂൾ കലോത്സവ നഗരിയിൽ നോൺ അപ്രൂവ്ഡ് ടീച്ചേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ നടത്തിയ സമരത്തിൽ നമ്മുടെ കോർപ്പറേറ്റിലെ 2016 മുതൽ നിയമനം പാസാകാത്ത അധ്യാപകരും-അനധ്യാപകരുമടക്കം 200 പേർ പങ്കെടുത്തു. കലോത്സവം വർണ്ണാഭമായപ്പോൾ ഒരുകൂട്ടം അധ്യാപകർക്കിത് ജീവിത സമരത്തിന്റെ വേദി കൂടിയായി ആരേയും ആകർഷിക്കത്തക്ക രീതിയിലാണ് സമരം നടത്തിയത്. അധ്യാപകരിൽ ഭിന്നശേഷിക്കാരും പിഞ്ചുകുഞ്ഞുങ്ങളുമായെത്തിയവരുമുണ്ടായിരുന്നു. വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി തസ്തികകൾ സൃഷ്ടിക്കുക, അനുവദിക്കപ്പെട്ടവയിൽ നിയമിക്കപ്പെട്ട 2016-17 വർഷം അഡീഷണൽ പോസ്റ്റിൽ നിയമിതരായ അധ്യാപകർക്ക് നിയമനാംഗീകാരം നൽകുക, സ്കൂളുകൾ 1979 ന് മുമ്പ് ആരംഭിച്ചതും അതിനുശേഷമുള്ളവയും എന്ന വേർതിരിവ് ഒഴിവാക്കുക, 1979ന് ശേഷം ആരംഭിച്ചവ അപ്പ്ഡേറ്റ് ചെയ്തവ എന്നിവിടങ്ങളിൽ ഉണ്ടാകുന്ന 100 % തസ്തികകളിലും സംരക്ഷിത അധ്യാപകരെ നിയമിക്കണമെന്ന കെ.ഇ.ആർ ഭേദഗതി പിൻവലിക്കുക. മതിയായ എണ്ണം വിദ്യാർത്ഥികൾ ഇല്ലാത്ത സ്കൂളുകളിലെ ഓരോ ക്ലാസിലും സ്ഥിരം അധ്യാപകരെ നിയമിക്കുക തുടങ്ങിയ നിരവധി ആവശ്യങ്ങളുമായാണ് കലോത്സവ വേദിക്കരികിൽ അധ്യാപകരുടെ സമരം നടന്നത്. പ്രതീകാത്മക മരണം വരിക്കലിന് നൈലോൺ കുരുക്കുകൾ ഉണ്ടാക്കി കഴുത്തിലിട്ടും ഭിക്ഷാപാത്രങ്ങളിൽ ഭിക്ഷയാചിച്ചും ശമ്പളം ലഭിക്കാത്ത അധ്യാപകർ നടത്തിയ സമരം കലോത്സവത്തിനെത്തിയ ആയിരങ്ങളെ ആകർഷിച്ചു.

രാജ്മോഹൻ ഉണ്ണിത്താൻ എം.പി, എം. കെ മുനീർ എം.എൽ.എ, എം. സി കമറുദ്ദീൻ എം.എൽ.എ എന്നിവർ സമരം നടത്തുന്ന അധ്യാപകർക്കരികിലെത്തി സംസാരിച്ചു. നിയമസഭയിൽ അധ്യാപകരുടെ പ്രശ്നങ്ങൾ ഉന്നയിക്കുമെന്ന് എം.എൽ.എമാർ ഉറപ്പ് നൽകി. ഭിക്ഷാപാത്രങ്ങൾ വഴി ലഭിച്ച 2810 രൂപ വൈകുന്നേരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് അധ്യാപകർ അയച്ചു. സമരത്തിന് കോർപ്പറേറ്റ് മാനേജർ ഫാ. മാത്യു ശാസ്താംപടവിൽ, കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് ഭാരവാഹികളായ സജീവ് സി.ഡി, ബെന്നി പുത്തൻ നടയിൽ, ജോബി ജോൺ, സിജോ കാഞ്ഞിര

ത്തുമൂട്ടിൽ, ബെന്നി ജോസഫ്, ബിജു കുറുമുട്ടം, ടിറ്റോ മാത്യു, ബിനുമോൻ ജോക്കബ്, അനു തോമസ് എന്നിവർ നേതൃത്വം നൽകി.

## പി. ടി. എ. അവാർഡ്

നമ്മുടെ വിദ്യാലയത്തിൽ പി.ടി.എ ചെയ്യുന്ന സേവനങ്ങളെ നന്ദിയോടെ ഓർക്കുന്നു. രക്ഷാകർത്താക്കളുടെയും പൊതുസമൂഹത്തിന്റെയും പിൻതുണയോടു കൂടിയാണ് ചില വിദ്യാലയങ്ങളിൽ പി.ടി.എ വളരെ മികച്ച രീതിയിൽ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഈ പ്രവർത്തനങ്ങളെ അംഗീകരിക്കുന്നതിനും ആദരിക്കുന്നതിനുമായി ബെസ്റ്റ് പി.ടി.എ അവാർഡ് നൽകുന്നു. അപേക്ഷകൾ ഫെബ്രുവരി 2-ാം തീയതിക്കു മുമ്പായി കോർപ്പറേറ്റ് ഓഫീസിലേക്ക് അയക്കേണ്ടതാണ്.

## മൈനോറിറ്റി കമ്മീഷൻ

കണ്ണൂർ ജില്ല ബാങ്ക് ഓഡിറ്റോറിയത്തിൽ ഡിസംബർ 07 നു നടന്ന മൈനോറിറ്റി കമ്മീഷൻ സെമിനാറിറിൽ കോർപ്പറേറ്റ് മാനേജർ ഫാ. മാത്യു ശാസ്താംപടവിനോടൊപ്പം വിവിധ വിദ്യാലയങ്ങളിൽ നിന്നായി 30 അധ്യാപകരും പങ്കെടുത്തു.

## ഉത്തര മലബാർ കർഷക പ്രക്ഷോഭം

ഡിസംബർ 09 നു കണ്ണൂർവച്ചു നടന്ന കർഷക പ്രക്ഷോഭത്തിൽ വളരെയധികം അധ്യാപകർ പങ്കെടുത്തു. നമ്മുടെ സാന്നിധ്യവും സഹകരണവും വളരെ പ്രശംസനീയമായിരുന്നു. സമ്മേളന വിജയത്തിനായി ഏറെ ത്യാഗങ്ങൾ ഏറ്റെടുത്ത എല്ലാവർക്കും ഹൃദ്യമായ നന്ദി അറിയിക്കുന്നു.

## കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാന സമ്മേളനം

കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ സംസ്ഥാന സമ്മേളനം 2020 ജനുവരി 17,18 തീയതികളിലായി തൊടുപ്പുഴ ന്യൂമാൻ കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടക്കുന്നു. ന്യൂനപക്ഷ വിദ്യാഭ്യാസ അവകാശങ്ങൾ സംരക്ഷിക്കുക, കലാലയ രാഷ്ട്രീയം ബിൽ പിൻവലിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് സമ്മേളനം നടത്തുന്നത്.

സ്നേഹപൂർവ്വം,

**ഫാ. മാത്യു ശാസ്താംപടവിൽ**
കോർപ്പറേറ്റ് മാനേജർ

## സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

ഫോൺ : 8281750777, 8281730777

E-mail: sanjoseacademytly@gmail.com, sanjoactly@gmail.com

**സാൻജോസ് അക്കാഡമിയിൽ നിന്നും പുതുവത്സരാശംസകൾ.......**

മധ്യവേനൽ അവധിക്കാലങ്ങളിൽ നടക്കാനിരിക്കുന്ന വിവിധ എൻട്രൻസ് പരീക്ഷകൾക്ക് ഒരുക്കമായിട്ടുള്ള അപേക്ഷകൾ സമർപ്പിക്കേണ്ട സമയമാണ് ജനുവരി - ഫെബ്രുവരി മാസങ്ങൾ. K.A.S / L.D.C തുടങ്ങിയ ഗവൺമെന്റ് തൊഴിൽസംബന്ധമായ പരീക്ഷാവിജ്ഞാപനങ്ങളും പ്ലസ് ടു കഴിയുന്ന കുട്ടികൾക്ക് ഉപരിപഠനത്തിനാവശ്യമായ നിരവധി പരീക്ഷാവിജ്ഞാപനങ്ങളും ഇപ്പോൾത്തന്നെ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഇടവകകളിലുമുള്ള കുട്ടികളെയും യുവജനങ്ങളെയും ഇത്തരം പരീക്ഷകളെഴുതാൻ പ്രേരിപ്പിക്കുകയും ഇതിനുവേണ്ടിയുള്ള പരിശീലനങ്ങളിൽ ഏർപ്പെടാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. ജനുവരി മാസത്തെ പരിശീലനങ്ങൾ ചുവടെ ചേർക്കുന്നു.

## I. K.A.S / L.D.C Exam Coaching

### i. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

കേരള സിവിൽ സർവീസെന്നു വിശേഷിപ്പിക്കാവുന്ന കെ.എ.എസ്. പരീക്ഷയുടെ വിജ്ഞാപനം (204/2019 )പ്രസിദ്ധീകരിക്കപ്പെട്ടു കഴിഞ്ഞു. ബിരുദധാരികളായ 21 നും 32 നും ഇടയിൽ പ്രായമുള്ള വ്യക്തികൾക്ക് ഈ പരീക്ഷ എഴുതാനാവും. ഐ.എ.എസിനു തൊട്ടുതാഴെയുള്ള ഗവൺമെന്റ് പദവിയാണിത്. സിവിൽ സർവ്വീസ് പരീക്ഷാ പാറ്റേണിലുള്ള പരീക്ഷ തന്നെയാണിത്. നമ്മുടെ ഇടവകയിലെ യുവജനങ്ങൾക്ക് ബഹുമാനപ്പെട്ട വികാരിയച്ചൻമാർ ആവശ്യമായ ഓറിയന്റേഷൻ നൽകുമല്ലോ.

സാൻജോസ് അക്കാഡമിയുടെ നേതൃത്വത്തിൽ **2020 ജനുവരി 10 മുതൽ 30 വരെ** നീണ്ടുനിൽക്കുന്ന ക്രാഷ്കോഴ്സ് സംഘടിപ്പിക്കാൻ ആഗ്രഹിക്കുന്നു. കേരളത്തിലെ പ്രഗത്ഭരായ അധ്യാപകർ നേതൃത്വം നൽകുന്ന റസിഡൻഷ്യൽ ക്യാമ്പായിരിക്കും ഇത്. രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്കാണ് അവസരം ലഭിക്കുക. താൽപര്യം ഉള്ളവർ **8281 750 777, 8281 730 777** എന്നീ നമ്പരുകളിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾക്ക്: www.keralapsc.gov.in

### ii. ലോവർ ഡിവിഷൻ ക്ലാർക്ക്

കേരള ഗവൺമെന്റിന്റെ നൂറിലേറെ വരുന്ന വകുപ്പുകളിലേക്കും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേക്കുമുള്ള പരീക്ഷാ വിജ്ഞാപനങ്ങൾ പുറ

പ്പെടുവിച്ചിരിക്കുന്നു. യുവജനങ്ങൾക്ക് ജോലി സംബന്ധമായ വലിയ സാധ്യത തെളിഞ്ഞു വരുകയാണിതിലൂടെ. നമ്മുടെ ഇടവകയിലെ യുവജനങ്ങളെ ഇട വക കേന്ദ്രീകരിച്ചുള്ള പരിശീലനങ്ങൾ ക്രമപ്പെടുത്തി, പങ്കെടുക്കാൻ പ്രോത്സാ ഹിപ്പിക്കയും വേണം. നമ്മുടെ ഇടവകയിലെ സർക്കാർ സർവ്വീസിൽ ഉള്ളവരോ, സർക്കാർ സർവ്വീസിൽ നിന്നു വിരമിച്ചവരോ ആയ വ്യക്തികളെ ഒരുമിപ്പിച്ചു കൊണ്ട് ഇടവകയുടെ നേതൃത്വത്തിൽ പരിശീലനം നൽകാൻ ശ്രദ്ധിക്കുമല്ലോ. 18നും 35നും ഇടയിൽ പ്രായമുള്ള 10-ാം ക്ലാസും ഉപരിവിദ്യാഭ്യാസ യോഗ്യത യുമുള്ള വ്യക്തികൾക്ക് വിവിധ വകുപ്പുകളിലേക്ക് ക്ഷണിക്കപ്പെടുന്ന പരീക്ഷാ വിജ്ഞാപനങ്ങളോട് പ്രതികരിക്കാവുന്നതാണ്.

## II. K-TET Coaching

എൽ.പി.സ്കൂൾതലം മുതൽ ഹൈസ്ക്കൂൾതലംവരെയുള്ള അദ്ധ്യാപക രാകാനുള്ള ഗവൺമെന്റ് എൻട്രൻസ് പരീക്ഷയായ K-TET അഞ്ചാം ബാച്ചിന്റെ പരിശീലനം വിജയകരമായി പൂർത്തിയായി. അടുത്ത ബാച്ച് ജനുവരി 4 മുതൽ ആരംഭിക്കുന്നതാണ്. ഈ ബാച്ചിലേക്ക് പ്രവേശനം ആഗ്രഹിക്കുന്നവർക്ക് **8281 750 777, 8281 730 777** എന്നീ നമ്പറുകളിൽ വിളിച്ച് സീറ്റ് ബുക്ക് ചെയ്യാവു ന്നതാണ്. ഇരിട്ടി - സെന്റ് ജോസഫ് ചർച്ച് ഓഡിറ്റോറിയം, തളിപ്പറമ്പ് - സെന്റ് മേരീസ് ചർച്ച് ഓഡിറ്റോറിയം, പടന്നക്കാട് - ഗുഡ് ഷെപ്പേർഡ് പാസ്റ്ററൽ സെന്റർ എന്നിവിടങ്ങളിൽവച്ച് പുതിയ ബാച്ചുകൾ ആരംഭിക്കുന്നതാണ്.

## III. Bridge +1

2019 - 2020 അധ്യയന വർഷത്തിൽ S.S.L.C പരീക്ഷ എഴുതി സയൻസ് വിഷയങ്ങൾ എടുത്ത് Plus One ക്ലാസ്സുകളിലേക്ക് പ്രവേശനം ലഭിക്കുന്ന കുട്ടികൾക്ക് ഒരു വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന Integrated Tuition + Entrance Coaching നൽകുന്ന വിദ്യാഭ്യാസ പദ്ധതിയായ Bridge +1 അതി രൂപതയുടെ വിവിധ ഭാഗങ്ങളിൽ അടുത്ത വർഷവും വിജയകരമായി നട ത്തുന്നതാണ്. കുന്നോത്ത്-ഹയർസെക്കണ്ടറി സ്ക്കൂൾ, മേരിമാതാ കോളേജ് ആലക്കോട് എന്നിവയാണ് പരിശീലന കേന്ദ്രങ്ങൾ. ഒരു വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന പരിശീലന പദ്ധതിയാണിത്. Plus One വിദ്യാർത്ഥികൾക്ക് ഏപ്രിൽ ആദ്യവാരമാണ് ക്ലാസ്സുകൾ ആരംഭിക്കുക. ഓരോ സെന്ററുകളിലും 50 വീതം കുട്ടികൾക്കാണ് അഡ്മിഷൻ ലഭിക്കുക. സയൻസ് വിഷയങ്ങൾ എടുക്കുമെന്ന് പ്രതീക്ഷിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്ക് സാൻജോസ് അക്കാഡമിയിൽ നേരത്തെത്തന്നെ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

## IV. Bridge +2

2020 - 2021 അധ്യയന വർഷത്തിൽ Plus Two ക്ലാസ്സുകളിലേക്ക് പ്രവേശി ക്കുന്ന വിദ്യാർത്ഥികൾക്ക് 2021-ലെ Entrance പരീക്ഷകൾ ലക്ഷ്യമാക്കി കാര്യ ക്ഷമമായ പരിശീലനങ്ങൾ മലബാറിന്റെ വിവിധ ഭാഗങ്ങളിൽ സാൻജോസ് അക്കാഡമിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുകയാണ്. കുന്നോത്ത്

ഹയർസെക്കണ്ടറി സ്ക്കൂളും, മേരിമാതാ കോളേജ് ആലക്കോടും കേന്ദ്രമാക്കി രണ്ടു സ്ഥലങ്ങളിലായി ഒരു വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന ഈ പരിശീലന പദ്ധതി ഏപ്രിൽ ആദ്യവാരംതന്നെ ആരംഭിക്കും. ആദ്യം അഡ്മിഷൻ എടുക്കുന്ന 50 കുട്ടികൾക്ക് മാത്രമേ ഈ പരിശീലന പരിപാടിയിൽ അവസരം ലഭിക്കുകയുള്ളു. അതോടൊപ്പം 2021 ഏപ്രിൽ മാസത്തോടെ മലബാറിന്റെ വിവിധ ഭാഗങ്ങളിൽ Entrance Crash Coaching കളും ലഭ്യമാക്കുന്നതാണ്. താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് മാതാപിതാക്കളോടൊപ്പം സാൻജോസ് അക്കാഡമിയുടെ ഓഫീസുകളിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

## V. NEET / JEE / KEAM

2020 ഏപ്രിൽ–മെയ് മാസങ്ങളിൽ നടക്കുന്ന മെഡിക്കൽ – എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷകളായ NEET / JEE / KEAM എൻട്രൻസ് പരീക്ഷകൾക്ക് വേണ്ടിയുള്ള ഒരു മാസം നീണ്ടുനിൽക്കുന്ന ക്രാഷ് കോച്ചിംഗ് 2020 മാർച്ച് 28 മുതൽ ആരംഭിക്കുകയാണ്. ബഹു. അച്ചൻമാർ ഇടവകയിലെ സമർത്ഥരായ കുട്ടികളെ ക്രാഷ് കോഴ്സുകളിലേക്ക് പറഞ്ഞുവിടുമല്ലോ.

## VI. Higher Studies Help Desk

കേരളത്തിനകത്തും പുറത്തും വിദേശത്തും വിവിധ കലാലയങ്ങളിലേക്ക് വിവിധ കോഴ്സുകൾ പഠിക്കാനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും സഹായസഹകരണവും സാൻജോസ് അക്കാഡമിയുടെ നേതൃത്വത്തിൽ ചെയ്തുകൊടുക്കുന്നതാണ്. സഹായം ആവശ്യമുള്ളവർ സാൻജോസ് അക്കാഡമിയിൽ നേരിട്ട് വന്ന് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. സാൻജോസ് അക്കാഡമിയുടെ പേരിൽ മറ്റ് അപരൻമാർ മുതലെടുപ്പ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ സാൻജോസ് അക്കാഡമിയുടെ ഫോൺ നമ്പറിൽ വിളിച്ച് നേരിട്ട് കാര്യങ്ങൾ അന്വേഷിക്കേണ്ടതാണ്.

## VII. NET Exam Crash Coaching

കോളേജ് അധ്യാപകരാകാനും റിസേർച്ച് ഫെലോസ് ആകാനുമുള്ള യോഗ്യതാ പരീക്ഷയായ യു.ജി.സി. നെറ്റ് പരീക്ഷയ്ക്ക് വേണ്ടിയുള്ള ബാച്ചിന്റെ പരിശീലനം വിജയകരമായി പൂർത്തിയാക്കി. വിവിധ യൂണിവേഴ്സിറ്റികളിലെ പ്രഗല്ഭരായ അദ്ധ്യാപകർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. അടുത്ത ബാച്ച് മെയ് മാസത്തിൽ ആരംഭിക്കുന്നതാണ്. പി.ജി. രണ്ടാം വർഷം പഠിച്ചുകൊണ്ടിരിക്കുന്നവർക്കും പൂർത്തിയാക്കിയവർക്കും പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്. ഈ ബാച്ചിലേക്ക് പ്രവേശനം ആഗ്രഹിക്കുന്നവർക്ക് 8281750777, 8281730777 എന്നീ നമ്പറുകളിൽ വിളിച്ച് സീറ്റ് ബുക്ക് ചെയ്യാവുന്നതാണ്.

## VIII. IELTS പരിശീലനം

ഇംഗ്ലീഷ് ഭാഷ ലോകഭാഷയായി മാറിയ ഈ കാലഘട്ടത്തിൽ നമ്മുടെ കുട്ടികൾക്ക് വിവിധ കോഴ്സുകളിൽ അഡ്മിഷൻ നേടുവാനും വിജയിക്കുവാനും വിവിധ രാജ്യങ്ങളിൽ പഠനത്തിനും ജോലിക്കും IELTS, OET തുടങ്ങിയ സർട്ടിഫിക്കറ്റുകൾ അത്യന്താപേക്ഷിതമാണ്. നമ്മുടെ കുട്ടികൾക്ക് നല്ല പരിശീലനം നൽകി

വിജയികളാക്കുവാൻ സാൻജോസ് അക്കാഡമിയുടെ നേതൃത്വത്തിൽ തലശ്ശേരി മാതാ സെന്റർ കേന്ദ്രീകരിച്ച് ആരംഭിച്ചിരിക്കുന്ന IELTS പരിശീലനം വളരെ വിജയകരമായി മുന്നോട്ടുപോകുന്നു. നാളിതുവരെ നിരവധി വിദ്യാർത്ഥികൾക്ക് അവരവർക്കാവശ്യമായ സ്കോർ നേടിയെടുത്ത് ഭാവി കാര്യങ്ങൾ ക്രമപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. കോഴ്സ് ഫീസ് രണ്ട് മാസത്തേക്ക് 12000 രൂപയും + ഹോസ്റ്റൽ ഫീസും ഒരു മാസത്തേക്ക് 8000 രൂപയും ഹോസ്റ്റൽ ഫീസുമാണ് നിശ്ചയിച്ചിരിക്കുന്നത്. വിജയികൾക്ക് UKയിൽ നേഴ്സിംഗ് സംബന്ധമായ ജോലികൾക്ക് പ്രത്യേക സഹായസഹകരണങ്ങൾ സൗജന്യമായി സാൻജോസ് അക്കാഡമി നൽകുന്നതാണ്. ഏത് ദിവസവും വിദ്യാർത്ഥികൾക്ക് അഡ്മിഷൻ എടുക്കാവുന്നതാണ്. അഡ്മിഷൻ ആവശ്യമുള്ളവർ 8281 750 777, 8281 730 777 എന്നീ നമ്പരുകളിൽ ബന്ധപ്പെടേണ്ടതാണ്. കേരളത്തിലെ പ്രമുഖ അദ്ധ്യാപകർ കോഴ്സുകൾക്ക് നേതൃത്വം നൽകിക്കൊണ്ടിരിക്കുന്നു.

## IX. LEADERSHIP TRAINING CAMP

V-ാം ക്ലാസ്സ് മുതൽ X വരെ പഠിക്കുന്ന കുട്ടികൾക്കു വേണ്ടി നേതൃത്വ പരിശീലന ശിൽപശാല 2020 മെയ് മാസത്തിൽ സന്ദേശഭവനിൽ വച്ചും പടന്നക്കാട് പാസ്റ്ററൽ സെന്ററിൽ വച്ചും നടത്തപ്പെടുന്നു. വിശദാംശങ്ങൾക്കായി CML ഓഫീസിലോ സാൻജോസ് അക്കാഡമിയിലോ ബന്ധപ്പെടുക.

## സെമിനാറുകൾ - ക്ലാസ്സുകൾ

01.12.2019-ന് പേരട്ട ഇടവകയിൽ ബഹു. പയസ് പടിഞ്ഞാറെമുറിയിൽ അച്ചൻ വി.കുർബാന അർപ്പിക്കുകയും സാൻജോസ് അക്കാഡമിയുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു.

15.12.2019-ന് മണിപ്പാറ ഇടവകയിൽ ബഹു. ഡയറക്ടർ അച്ചൻ വി. കുർബാന അർപ്പിക്കുകയും സാൻജോസ് അക്കാഡമിയുടെ പ്രവർത്തനങ്ങൾ വിശദീകരികരിക്കുകയും ചെയ്തു.

ഇത്തരത്തിൽ വേദി ഒരുക്കിതന്ന ബഹു. വികാരിയച്ചൻമാർക്കും ഹെഡ്മാസ്റ്റേഴ്സിനും പ്രത്യേകമായി നന്ദി രേഖപ്പെടുത്തുന്നു.

**ഫാ. പയസ് പടിഞ്ഞാറെമുറിയിൽ**
ഡയറക്ടർ

# എ.കെ.സി.സി.

പ്രിയ ബഹുമാനപ്പെട്ട അച്ചാ, സുഹൃത്തെ,

കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത കാര്യാലയത്തിൽ നിന്നും സ്നേഹാന്വേഷണങ്ങൾ! 2020 ശാന്തിയുടെയും സമാധാനത്തിന്റെയും സാഹോദര്യത്തിന്റെയും നന്മയുടെയും കൂട്ടായ്മയുടെയും വർഷമായിരിക്കട്ടെയന്നു ആശംസിക്കുന്നു.

## ഉത്തരമലബാർ കർഷകപ്രക്ഷോഭം

തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ നടന്ന ഉത്തരമലബാർ കർഷകപ്രക്ഷോഭം വിജയിപ്പിക്കുവാൻ പരിശ്രമിച്ച എല്ലാവരെയും കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത കമ്മിറ്റി അഭിനന്ദിക്കുന്നു. പ്രക്ഷോഭത്തിന്റെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്ത് പ്രവർത്തിച്ച എല്ലാ കത്തോലിക്കാകേൺഗ്രസ് നേതാക്കന്മാർക്കും പ്രവർത്തകർക്കും അഭിനന്ദനങ്ങൾ! നമ്മുടെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാകണം. ഉത്തരമലബാർ കർഷകപ്രക്ഷോഭത്തിന്റെ ചുക്കാൻപിടിച്ച ജനറൽകൺവീനറായി പ്രവർത്തിച്ച കത്തോലിക്കാ കോൺഗ്രസ് അതിരൂപത ഡയറക്ടർ ഫാ. മാത്യു ആശാരിപറമ്പിലിനെ പ്രത്യേകമായി അഭിനന്ദിക്കുന്നു.

കർഷകയോഗത്തിന്റെ തുടർ നടപടികൾ പ്രായോഗിക തലത്തിൽ നാം നടപ്പിൽ വരുത്തണം.

1. ഇടവകയുടെ പരിധിയിൽ ആരുടെയെങ്കിലും വീടോ, സ്ഥലമോ സർക്കാരോ, ബാങ്ക് അധികാരികളോ ജപ്തിക്ക് മുതിർന്നാൽ ജനങ്ങൾ പ്രതിരോധിക്കണം. ജാതിയോ, മതമോ നോക്കാതെ എല്ലാവരുടെയും പ്രശ്നത്തിൽ സകല മനുഷ്യരെയും വിളിച്ചു ചേർത്ത് ഇടപെടണം. ബാങ്ക് ഉപരോധിക്കുവാനും അധികാരികളോട് സംസാരിച്ച് പ്രശ്നം പരിഹരിക്കുവാനും നേതാക്കന്മാർ മുന്നോട്ട് വരണം.
2. വന്യമൃഗ ശല്യമോ ആക്രമണമോ ഉണ്ടായാൽ ഇതുപോലെ ജനകീയ പ്രതിരോധം തീർക്കണം. അധികാരികളുടെ ശ്രദ്ധയിൽ പെടുത്തണം.
3. ദുരന്തങ്ങളും പ്രതിസന്ധികളും ഉണ്ടാകുമ്പോൾ ഓടിയെത്തുന്ന കർമ്മ സേന ഓരോ ഇടവകയിലും രൂപപ്പെടുത്തണം. വാഹനാപകടം, ആത്മഹത്യ, പ്രകൃതിക്ഷോഭം, പോലീസ് അതിക്രമം തുടങ്ങിയ അവസരങ്ങളിൽ ജനപക്ഷത്തുനിന്ന് ഇടപെടണം.
4. പരസ്പരം സാമ്പത്തികമായി സഹായിക്കാൻ കഴിയുന്ന സ്വയം സഹായ സംഘങ്ങളായി രൂപപ്പെടണം. (ചിട്ടി, അയൽക്കൂട്ടം etc. തുടങ്ങണം).
5. സഭക്കും സഭാധികാരികൾക്കുമെതിരായി ആരോപണങ്ങൾ ഉണ്ടാകുമ്പോൾ പ്രതിഷേധം പ്രകടിപ്പിക്കണം.
6. പൊതുവിഷയങ്ങളിൽ ഇടപെട്ട് പ്രതികരിക്കുക. സർക്കാരിന്റെ അവഗണന, അനാസ്ഥ, ഉദ്യോഗസ്ഥന്മാരുടെ അധികാര ദുർവിനിയോഗം, സർക്കാർ ധൂർത്ത്, രാഷ്ട്രീയ കൊലപാതകം തുടങ്ങിയ അവസരങ്ങളിൽ ബാനറുകളിലൂടെയും പ്രകടനങ്ങളിലൂടെയും പ്രതിഷേധം അറിയിക്കണം.

## അതിരൂപത ഭാരവാഹികളുടെ യോഗം

കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത ഭാരവാഹികളുടെ യോഗം 14.12.2019 ശനിയാഴ്ച രാവിലെ 10 മണിക്കു സന്ദേശഭവനിൽ അതിരൂപത പ്രസിഡണ്ട് ദേവസ്യ കൊങ്ങോലയുടെ അധ്യക്ഷതയിൽ ചേർന്നു. അതിരൂപത ഡയറക്ടർ ഫാ. മാത്യു ആശാരിപറമ്പിൽ വിഷയാവതരണം നടത്തി. കർഷക പ്രക്ഷോഭത്തിന്റെ മുന്നണിപോരാളികളായി പ്രവർത്തിച്ച മുഴുവൻ നേതാക്കന്മാരെയും പ്രവർത്തകരെയും യോഗം അഭിനന്ദിച്ചു. ഡിസംബർ, ജനുവരി മാസങ്ങളിൽ യൂണിറ്റ്, ഫൊറോന കമ്മിറ്റികൾ ചേരുന്നതാണ്. ഉത്തരമലബാർ കർഷകപ്രക്ഷോഭം റിപ്പോർട്ടുചെയ്യാത്ത ഏഷ്യനെറ്റ്, മാതൃഭൂമി ചാനലുകൾ ബഹിഷ്കരിക്കണമെന്ന് യോഗം തീരുമാനിച്ചു. ഉത്തരമലബാർ കർഷക പ്രക്ഷോഭം ആവശ്യങ്ങൾ അനുവദിച്ചുകിട്ടുന്നതുവരെ തുടരണമെന്ന് യോഗം ആവശ്യപ്പെട്ടു.

## കേന്ദ്രപ്രതിനിധിസഭാംഗങ്ങളുടെ യോഗം ഇരിങ്ങാലക്കുട

ഡിസംബർ 21-ന് രാവിലെ 10 മണിമുതൽ 4 മണിവരെ കേന്ദ്രപ്രതിനിധിസഭാ സമ്മേളനം ഇരിങ്ങാലക്കുട പാസ്റ്ററൽ സെന്ററിൽ നടന്നു. അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി സമ്മേളനം ഉദ്ഘാടനം ചെയ്തു. നമ്മുടെ അതിരൂപതയിൽനിന്ന് അതിരൂപതാ ഡയറക്ടർ ഫാ. മാത്യു ആശാരിപറമ്പിൽ, അതിരൂപതാ പ്രസിഡന്റ് ദേവസ്യ കൊങ്ങോല, ജോണി തോമസ് വടക്കേക്കര, ചാക്കോച്ചൻ കാരാമയിൽ, ബെന്നി പുതിയാപുറം, ഡേവീസ് ആലങ്ങാടൻ, വർഗ്ഗീസ് പള്ളിച്ചിറ, അൽഫോൻസ് കളപ്പുര, ജോർജ് ജോസഫ് വലിയമുറഞ്ഞാങ്കൽ, അബ്രാഹം ഈറ്റക്കൽ, മൈക്കിൾ ചാണ്ടിക്കൊല്ലി, ബെന്നിച്ചൻ മഠത്തിനകം, ജോയി പൂവത്തിങ്കൽ എന്നിവർ പങ്കെടുത്തു. ബൈലോഭേദഗതി നിർദ്ദേശം യോഗം അംഗീകരിച്ചു. 2020 വർഷത്തേക്കുള്ള വിഷൻ 2020 കർമ്മപദ്ധതി അവതരണം, പഞ്ചായത്ത് സമിതികളുടെ രൂപീകരണം, ഹെൽപ്പ് ഡെസ്ക് പ്രവർത്തനം, കാർഷിക മേഖലയുടെ പുനരുദ്ധാരണം, സഭയും സമുദായവും നേരിടുന്ന പ്രതിസന്ധികൾ, സമുദായത്തിന്റെ രാഷ്ട്രീയ നിലപാടുകൾ സഭയും മാധ്യമരംഗവും തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്തു. മാർ പോളി കണ്ണൂക്കാടൻ, മാർ റെമജീയൂസ് ഇഞ്ചനാനിയിൽ, ജസ്റ്റീസ് കുര്യൻ ജോസഫ്, റവ. ഫാ. മാത്യു ചന്ദ്രൻകുന്നേൽ, ഫാ. ജിയോ കടവി മുതലായവർ പങ്കെടുത്തു. അഡ്വ. ബിജു പറയന്നിലം അധ്യക്ഷം വഹിച്ചു. പൗരത്വഭേദഗതി നിയമം മതത്തിന് ഭീഷണിയാകുമെന്ന് കത്തോലിക്കാ കോൺഗ്രസ് സമ്മേളനം വിലയിരുത്തി.

**ആദരവ്** : ഉത്തരമലബാർ കർഷക പ്രക്ഷോഭത്തിന്റെ മുഖ്യ സംഘാടകൻ ആയിരുന്ന കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതി രൂപത ഡയറക്ടർ റവ. ഫാ. മാത്യു ആശാരിപറമ്പിലിനെ ഇരിങ്ങാലക്കുടയിൽ നടന്ന കത്തോലിക്കാകോൺഗ്രസ് ഗ്ലോബൽ സമ്മേളനം ആദരിച്ചു.

സ്നേഹപൂർവ്വം,

**ദേവസ്യ കൊങ്ങോല**
അതിരൂപതാപ്രസിഡന്റ്

**ഫാ. മാത്യു ആശാരിപറമ്പിൽ**
ഡയറക്ടർ

# വിമൽ ജ്യോതി വാർത്തകൾ

*വിമൽ ജ്യോതിയിൽ നിന്നും പുതുവത്സരാശംസകൾ*

പ്ലസ്ടു ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾ പരീക്ഷകൾക്കുള്ള തയ്യാറെടുപ്പിലാണല്ലോ. തുടർന്ന് ഉപരിപഠനത്തിന് ഏത് മേഖല തിരഞ്ഞെടുക്കണമെന്ന് കുട്ടികളും മാതാപിതാക്കളും ചിന്തിക്കുന്ന ഒരു സമയവുമാണിത്. ഈ അവസരത്തിൽ എൻജിനീയറിംഗ് മേഖലയെക്കുറിച്ച് ഏതാനും കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുന്നു.

## വിമൽ ജ്യോതിയിൽ നിലവിലുള്ള കോഴ്സുകൾ :

**B.Tech / B.Tech Honours**

1. Applied Electronics & Instrumentation
2. Civil Engineering
3. Computer Science & Engineering
4. Electrical & Electronics Engineering
5. Electronics & Communication Engineering
6. Mechanical Engineering

**M.Tech**

1. Control & Instrumentation
2. Stuctural Engineering & Construction Management
3. Computer Science & Engineering
4. Power Electronics
5. Communication Engineering & Signal Processing
6. Thermal Engineering

**Ph.D** in all 6 branches

**MBA**

Dual specialisation in : Marketing, Finance & HRM

അഡ്മിഷൻ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് കോളേജിൽ നേരിട്ട് വരികയോ താഴെ കൊടുത്തിരിക്കുന്ന ഫോൺ നമ്പരിൽ വിളിക്കുകയോ ചെയ്യുക : 0460 2212240, 2213399, 9645408161, 8943615547, 9447683082

## എൻജിനീയറിംഗ് & മെഡിക്കൽ എൻട്രൻസ് ക്രാഷ് കോഴ്സ്

2020 ഏപ്രിൽ 20,21 തീയതികളിൽ നടത്തപ്പെടുന്ന എൻട്രൻസ് പരീക്ഷയ്ക്ക് (KEAM) രജിസ്റ്റർ ചെയ്തിട്ടുള്ള പ്ലസ്ടു കുട്ടികളെയും, 2020 മെയ് ആദ്യവാരത്തിൽ നടക്കുന്ന NEET പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിട്ടുള്ള കുട്ടികളെയും പ്രസ്തുത പരീക്ഷകൾക്ക് ഒരുക്കുന്നതിനായി മാർച്ച് 27 മുതൽ ഏപ്രിൽ 18 വരെ വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ വച്ച് നടത്തുന്ന റെസിഡൻഷ്യൽ ക്രാഷ് കോഴ്സിൽ പങ്കെടുപ്പിക്കാവുന്നതാണ്. ഒരേസമയം രണ്ട്

പ്രവേശന പരീക്ഷയ്ക്കും പരിശീലനം ലഭിക്കുന്ന ഈ അവസരം പ്രയോജന പ്പെടുത്തണമെന്ന് താല്പര്യപ്പെടുന്നു. പങ്കെടുക്കാനാഗ്രഹിക്കുന്ന കുട്ടികൾക്ക് കോളേജ് ഓഫീസിൽ നേരിട്ടോ, ഫോൺ മുഖേനയോ പേര് രജിസ്റ്റർ ചെയ്യാ വുന്നതാണ്. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും : 0460 2212240, 9645408161, 9447683082, 9846423448

## വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജ് – അഡ്മിഷൻ 2020

വിമൽ ജ്യോതിയിൽ പ്ലസ്ടു (ഫിസ്ക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്) മാർക്കി ന്റെയും എൻട്രൻസ് സ്കോറിന്റെയും അടിസ്ഥാനത്തിലാണ് അഡ്മിഷൻ ലഭി ക്കുന്നത്. NRI സീറ്റുകളിൽ മാത്രമായിരിക്കും നേരിട്ട് അഡ്മിഷൻ ലഭിക്കുക. നിങ്ങൾക്ക് ഇഷ്ടപ്പെട്ട ബ്രാഞ്ചിൽ മുൻകൂട്ടി സീറ്റ് ബുക്ക് ചെയ്യാവുന്നതാണ്.

തലശ്ശേരി അതിരൂപത രണ്ട് പതിറ്റാണ്ട് മുമ്പ് ആരംഭിച്ച വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജ് രാഷ്ട്രീയപ്രവർത്തനങ്ങളോ, റാഗിംങ്ങോ ഇല്ലാ തെ, തികഞ്ഞ അച്ചടക്കത്തോടെ, സാമൂഹ്യ പ്രതിബദ്ധതയോടെ വിജയകര മായി മുന്നേറിക്കൊണ്ടിരിക്കുന്നു. കേരള ടെക്നോളജിക്കൽ യൂണിവേ ഴ്സിറ്റിയുടെ ആദ്യ റിസൾട്ട് (2019) വന്നപ്പോൾ വിമൽ ജ്യോതിക്ക് മെച്ചപ്പെട്ട സ്ഥാനം നിലനിർത്താൻ കഴിഞ്ഞു എന്നത് ചാരിതാർത്ഥ്യജനകമാണ്. നില വിൽ 6 ബ്രാഞ്ചുകളിൽ ബി.ടെക്കും, 6 ബ്രാഞ്ചുകളിൽ എം.ടെക്കും, എല്ലാ ബ്രാഞ്ചുകളിലും ബി.ടെക് ഹോണേഴ്സും, Ph.D ചെയ്യുന്നതിനുള്ള സൗകര്യ ങ്ങളുമുണ്ട്. നന്നായി പ്രവർത്തിച്ചുവരുന്ന MBA കോളേജും വിമൽ ജ്യോതി യുടെ ഭാഗമാണ്. NBA അക്രഡിറ്റേഷനും NAAC അക്രഡിറ്റേഷനും ലഭിച്ചി ട്ടുള്ള മലബാറിലെ ഏക എൻജിനീയറിംഗ് കോളേജാണ് വിമൽ ജ്യോതി. 2000–ത്തോളം വിദ്യാർത്ഥികൾ ഈ സ്ഥാപനത്തിൽ പഠിച്ചുകൊണ്ടിരിക്കുന്നു. ഏറ്റവും മനോഹരമായി രൂപകല്പന ചെയ്ത് എല്ലാ ഭൗതിക സൗകര്യങ്ങളും ഒരുക്കിയിട്ടുള്ള 50 ഏക്കർ കാമ്പസാണ് വിമൽ ജ്യോതിയുടേത്.

അക്കാദമിക മികവ്, അച്ചടക്കം, പ്രൊഫഷണൽ സംഘടനാ പ്രവർത്തന ങ്ങൾ എന്നിവയിലൂടെ യോഗ്യരായ മുഴുവൻ വിദ്യാർത്ഥികൾക്കും പഠനശേഷം പ്ലേസ്മെന്റ് ഉറപ്പുവരുത്തുക എന്നത് വിമൽ ജ്യോതിയുടെ പ്രഖ്യാപിത ലക്ഷ്യ മാണ്. ബഹുമാനപ്പെട്ട വൈദികരുടെയും, സിസ്റ്റേഴ്സിന്റെയും നേതൃത്വത്തിൽ ഹോസ്റ്റൽ സൗകര്യവും ക്രമീകരിച്ചിട്ടുണ്ട്. അർഹരായ വിദ്യാർത്ഥികൾക്ക് വിവിധ സ്കോളർഷിപ്പുകളും നൽകിവരുന്നു.

അടുത്തകാലത്തായി ബി.ടെക് ബിരുദധാരികൾക്ക് ജോലി സാദ്ധ്യതകൾ കുറവാണെന്ന് ഒരു തെറ്റായ ധാരണ പ്രചരിക്കുന്നുണ്ട്. എന്നാൽ എൻജിനീയ റിംഗ് മേഖലക്ക് പുറമേ ബാങ്കിംഗ്, സിവിൽ സർവ്വീസ്, കേന്ദ്ര, സംസ്ഥാന സർക്കാർ മേഖലകളിലും ധാരാളം സാദ്ധ്യതകൾ നിലവിലുണ്ട്. സ്വദേശത്തും

വിദേശത്തുമായി ധാരാളം ജോലി സാദ്ധ്യതകളുള്ള ബി.ടെക്കിന് തുല്ല്യമായി മറ്റൊരു കോഴ്സ് ഇല്ല എന്നതാണ് യാഥാർത്ഥ്യം.

മൂല്യബോധവും, കർമ്മശേഷിയുമുള്ള യുവ എൻജിനീയർമാരെ വാർത്തെടുക്കുവാൻ നിരന്തരം പരിശ്രമിച്ചുകൊണ്ടിരിക്കുന്ന വിമൽ ജ്യോതിയിലേയ്ക്ക് നിങ്ങളുടെ മകനെ/മകളെ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു. ഇതുവരെയുള്ള എല്ലാ സഹകരണങ്ങൾക്കും ഹൃദയപൂർവ്വം നന്ദി പറയുന്നു.

## പ്ലേസ്മെന്റ് വാർത്തകൾ

- WIPRO ഒക്ടോബർ 18, 19, 20 തീയ്യതികളിൽ നടത്തിയ NATIONAL TALENT HUNT EXAMINATION-ൽ പങ്കെടുത്ത 2 കുട്ടികൾക്ക് ജോലി ലഭിച്ചു.
- സ്റ്റാർട്ട് അപ്പ് കമ്പനിയായ BVOY TECH SOLUTIONS ഒക്ടോബർ 14നു നടത്തിയ ക്യാമ്പസ് റിക്രൂട്ട്മെന്റിൽ 50ഓളം കുട്ടികൾ പങ്കെടുക്കുകയും 11 കുട്ടികൾക്ക് ജോലി ലഭിക്കുകയും ചെയ്തു.
- UAE ആസ്ഥാനമായി പ്രവർത്തിക്കുന്ന AGILE BUSINESS CONSULTING മെക്കാനിക്കൽ & സിവിൽ എൻജിനീയറിംഗ് വിദ്യാർത്ഥികൾക്കായി നടത്തിയ ക്യാമ്പസ് റിക്രൂട്ട്മെന്റിൽ 85 കുട്ടികൾ പങ്കെടുത്തു. 7 കുട്ടികൾ ഫൈനൽ റൗണ്ടിലേക്ക് സെലക്റ്റ് ചെയ്യപ്പെട്ടു. ഫൈനൽ ഇന്റർവ്യൂ മാർച്ച് ആദ്യ ആഴ്ചയിൽ നടക്കും.
- കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന IT കമ്പനി ആയ INFINIZ IT SOLUTIONS നവംബർ 15നു നടത്തിയ ക്യാമ്പസ് റിക്രൂട്ട്മെന്റിൽ വിമൽ ജ്യോതിയിൽ നിന്നും 15 കുട്ടികൾക്ക് ജോലി ലഭിച്ചു.
- എഡ്യൂക്കേഷൻ മേഖലയിൽ പ്രവർത്തിക്കുന്ന പ്രമുഖ സ്ഥാപനമായ ACCENTA EDUCATION നടത്തിയ ക്യാമ്പസ് റിക്രൂട്ട്മെന്റിൽ 100ഓളം കുട്ടികൾ പങ്കെടുക്കുകയും 58 കുട്ടികൾക്ക് ജോലി ലഭിക്കുകയും ചെയ്തു.
- ECE, EEE & AEI എൻജിനീയറിംഗ് കോർ കമ്പനിയായ ഡിജിറ്റൽ കോർ ടെക്നോളജീസ് സംഘടിപ്പിച്ച Pool Campus റിക്രൂട്ട്മെന്റിൽ പങ്കെടുത്ത 2 വിദ്യാർത്ഥികൾ ഫൈനൽ റൗണ്ടിലേക്ക് യോഗ്യത നേടി. ഫൈനൽ ഇന്റർവ്യൂ ഫെബ്രുവരി 15 ഓടെ നടക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## വിമൽ ജ്യോതി സിവിൽ സർവ്വീസ് അക്കാദമിയിൽ പുതിയ ബാച്ച്

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ ഇന്ത്യയിലെ പ്രശസ്ത സിവിൽ സർവ്വീസ് പരിശീലന സ്ഥാപനമായ ഡൽഹി ALSന്റെ സഹകരണത്തോടെ പ്രവർത്തിക്കുന്ന സിവിൽ സർവ്വീസ് അക്കാദമിയിൽ UPSC, PSC, IAS, KAS പരീക്ഷകൾക്ക് തയ്യാറെടുക്കുന്നവർക്കുള്ള പുതിയ ബാച്ച് ഡിസംബർ 10ന് ആരംഭിച്ചു. ഒന്നര വർഷം നീളുന്ന പരിശീലനത്തിൽ സ്റ്റഡി മെറ്റീരിയൽസ്, ടെസ്റ്റ് സീരീസ്, പ്രത്യേക മെന്റൽ എബിലിറ്റി

ക്ലാസ്സുകൾ, ഇംഗ്ലീഷ് ഇംപ്രൂവ്മെന്റ് ക്ലാസ്സുകൾ, ഓൺലൈൻ ടെസ്റ്റ് സീരീസ് പോർട്ടൽ എന്നിവയെല്ലാം ഉൾപ്പെടുന്നു. ഡൽഹിയിലെ പ്രശസ്ത IAS, UPSC പരീക്ഷാ പരിശീലകരായ ജോജോ മാത്യൂസ്, മനീഷ് ഗൗതം, ശശാങ്ക് ആറ്റം, സച്ചിൻ അറോറ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്യം നല്കുന്നു. ഏതെങ്കിലും വിഷയത്തിൽ ഡിഗ്രിയാണ് യോഗ്യത. ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്.

## യൂത്ത് കൺവെൻഷൻ വിമൽ ജ്യോതിയിൽ

ജീസസ് യൂത്തിന്റെ കണ്ണൂർ, കാസർഗോഡ്, തലശ്ശേരി സോണുകളുടെ ആഭിമുഖ്യത്തിൽ 2019 ഡിസംബർ 26 മുതൽ 29 വരെ ചെമ്പേരി വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് യുവജന കൺവെൻഷൻ നടത്തി. 18നും, 30നും ഇടയിൽ പ്രായമുള്ള കത്തോലിക്കാ യുവജനങ്ങൾക്കുവേണ്ടിയാണ് കൺവെൻഷൻ സംഘടിപ്പിച്ചത്. കണ്ണൂർ രൂപതാദ്ധ്യക്ഷനും ജീസസ് യൂത്ത് നാഷണൽ എപ്പിസ്കോപ്പൽ അഡ്വൈസറുമായ റൈറ്റ്.റവ.ഡോ. അലക്സ് വടക്കുംതല, തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോർജ്ജ് ഞരളക്കാട്ട്, അതിരൂപതാ സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി, കോട്ടയം രൂപതാ സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരി എന്നീ അഭിവന്ദ്യ പിതാക്കന്മാരുടെ സാന്നിദ്ധ്യം കൺവെൻഷനിൽ ഉണ്ടായിരുന്നു.

## വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & റിസർച്ച്

- ലോക എയ്ഡ്സ് ദിനത്തോടനുബന്ധിച്ച് ഒരു ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. Awareness on Hygiene and Healthy life style എന്ന വിഷയത്തെ ആസ്പദമാക്കി ശ്രീകണ്ഠാപുരം നിവിൽ ഹോസ്പിറ്റലിലെ ഡോ.മനു ജോസഫ് ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.
- കണ്ണൂർ ജില്ലാ ഹോസ്പിറ്റലുമായി സഹകരിച്ച് ഡിസംബർ 3-ാം തീയതി ഒരു Blood Donors ക്യാമ്പ് നടത്തി.
- എം.ബി.എ കോളേജിലെ 2019-20 വർഷത്തെ മാനേജ്മെന്റ് ഫെസ്റ്റ് കർമ്മാന്ത - 2020, ജനുവരി 9-ാം തീയതി നടത്തുന്നു. ദേശീയതലത്തിൽ നടത്തപ്പെടുന്ന ഈ മാനേജ്മെന്റ് ഫെസ്റ്റിൽ സംസ്ഥാനത്തിനകത്തും പുറത്തും നിന്നായി 60 ഓളം കോളേജുകളിലെ പ്രതിനിധികൾ പങ്കെടുക്കുന്നു.

**അഡ്മിഷൻ 2020 :** വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & റിസേർച്ചിൽ അഡ്മിഷൻ ആഗ്രഹിക്കുന്നവർ നേരിട്ട് കോളേജ് ഓഫീസുമായി ബന്ധപ്പെടുക. കൂടുതൽ വിവരങ്ങൾക്ക് : 8943615547

സ്നേഹാശംസകളോടെ,

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
മാനേജർ

# നിർമ്മലഗിരി വാർത്തകൾ

## 1. Faculty Development Programme

നിർമലഗിരി കോളേജ് കൊമേഴ്സ് ഡിപ്പാർട്ട്മെന്റിന്റെയും Acumen Markets Ltd. -ന്റെയും നേതൃത്വത്തിൽ Faculty Development Programme സംഘടിപ്പിച്ചു. National Securities Depository Limited (NSDL) ആണ് പ്രസ്തുത പരിപാടി സ്പോൺസർ ചെയ്തത്. Acumen Markets Ltd.-ന്റെ മാനേജിങ്ങ് ഡയറക്ടർ അക്ഷയ് അഗർവാൾ ക്ലാസുകൾക്ക് നേതൃത്വം നൽകി.

## 2. ഡോക്ടറേറ്റ് നേടി

നിർമലഗിരി കോളേജ് കെമിസ്ട്രി വിഭാഗത്തിലെ അതിഥി അദ്ധ്യാപിക Mrs.Avis Tresa Babu ഡോക്ടറേറ്റ് നേടി. Metal oxide nanocomposites for catalytic, antibacterial and environmental applications എന്നതാണ് വിഷയം.

## 3. ചരിത്രപ്രദർശനം സംഘടിപ്പിച്ചു

നിർമലഗിരി കോളേജ് ചരിത്രവിഭാഗവും കോഴിക്കോട് റീജണൽ ആർക്കൈവ്സ് സെന്ററും സംയുക്തമായി നിർമലഗിരി കോളേജിൽ ചരിത്രപ്രദർശനവും സെമിനാറും സംഘടിപ്പിച്ചു. കോളേജ് ബർസാർ ഫാ.ഷാജി തെക്കേമുറിയിൽ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പാൾ ഡോ.കെ.വി. ഔസേപ്പച്ചൻ അധ്യക്ഷത വഹിച്ചു. കോഴിക്കോട് റീജണൽ ആർക്കൈവ്സ് അസിസ്റ്റന്റ് ആർക്കിവിസ്റ്റ് ടി.എ.ജോൺ മുഖ്യപ്രഭാഷണം നടത്തി.

## 4. കണ്ണൂർ യൂണിവേഴ്സിറ്റി ഫെൻസിങ്ങ് ചാമ്പ്യൻഷിപ്പ്

നിർമലഗിരി കോളേജിന്റെ ആഭിമുഖ്യത്തിൽ സായി തലശ്ശേരിയിൽ വച്ച് കണ്ണൂർ യൂണിവേഴ്സിറ്റി ഇന്റർ കോളേജ് ഫെൻസിങ്ങ് ചാമ്പ്യൻഷിപ്പ് സംഘടിപ്പിച്ചു. പുരുഷ വിഭാഗത്തിൽ നിർമലഗിരി കോളേജ് മൂന്നാം സ്ഥാനം നേടി.

## 5. ഇന്റർനാഷണൽ കോൺഫറൻസ്

നിർമലഗിരി കോളേജ് ഭാഷാവിഭാഗങ്ങളും കേരള ചലച്ചിത്ര അക്കാദമിയും IRISH-ഉം സംയുക്തമായി ഇന്റർനാഷണൽ കോൺഫറൻസ് സംഘടിപ്പിച്ചു. ഡിസംബർ 17,18,19 തീയ്യതികളിലായി സിനിമ: സംസ്കാരം സാഹിത്യം (Crossing borders: Film & Literature) എന്ന വിഷയത്തെ ആസ്പദമാക്കിയാണ് കോൺഫറൻസ് നടന്നത്. സെമിനാറിൽ 130 ഓളം പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

17-ന് രാവിലെ പത്മശ്രീ അടൂർ ഗോപാലകൃഷ്ണൻ സെമിനാർ ഉദ്ഘാടനം ചെയ്തു. കോളേജ് മാനേജരും തലശ്ശേരി അതിരൂപത സഹായമെത്രാനുമായ മാർ ജോസഫ് പാംബ്ലാനി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ നിർമലഗിരി കോളേജിലെ ഗവേഷണ സ്ഥാപനമായ ഐറിഷ്-ന്റെ ഡയറക്ടർ റവ.

ഡോ.എം.ജെ.മാണി, കോളേജ് പ്രിൻസിപ്പാൾ ഡോ.ഔസേപ്പച്ചൻ കെ.വി., സെമിനാർ കോ-ഓർഡിനേറ്റർ ഡോ.ടെസ്സി ജോർജ് എന്നിവർ പ്രസംഗിച്ചു.

ക്രൊയേഷ്യയിലെ സെഗ്രാബ് യൂണിവേഴ്സിറ്റി പ്രൊഫസറും ചലച്ചിത്ര നിരൂപകയുമായ ഇറ്റാമി ബോർജൻ, ഇന്റർ നാഷണൽ ഫെഡറേഷൻ ഓഫ് ഫിലിം ക്രിട്ടിക്സ് സെക്രട്ടറി കൽക്കത്ത സ്വദേശി പ്രേമേന്ദ്രമജുംദാർ, കേരള ചലച്ചിത്ര അക്കാദമി മുൻ വൈസ് ചെയർമാനും ചലച്ചിത്ര നിരൂപകനുമായ വി.കെ.ജോസഫ്, ഫിലിം ക്രിട്ടിക്കും ഡോക്യുമെന്ററി നിർമാതാവുമായ ഡോ. സി.എസ്.വെങ്കിടേശ്വരൻ, പൂന ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് കോഴ്സ് ഡയറക്ടർ ഡോ. ദേവേന്ദ്രനാഥശങ്കരനാരായണൻ, ഹൈദരാബാദ് സെൻട്രൽ യൂണിവേഴ്സിറ്റി ഹിന്ദി പ്രൊഫസർ ഡോ.അലോക് പാണ്ഡെ, വാർധാ യൂണിവേഴ്സിറ്റി മുൻ പി.വി.സി. ഡോ.എ.അരവിന്ദാക്ഷൻ, ബാംഗ്ലൂർ നിന്നുള്ള സിനിമാ നിർമാതാവ് ഡോ. ഉണ്ണി വിജയൻ, ഡോ. സജി മാത്യു, ഡോ. ലതാ നായർ, സിനിമാ നിർമാതാക്കളായ മിധുൻ മാനുവൽ തോമസ്, ഗിരീഷ് മക്രേരി, ടൈംസ് ഓഫ് ഇൻഡ്യ സീനിയർ കറസ്പോണ്ടന്റ് അഞ്ജന ജോർജ്, ഡോ. ഉഷ നായർ, ഡോ. സൗമ്യ ബേബി, ഡോ. മിനി സെബാസ്റ്റ്യൻ, ഡോ. പ്രജിത പി., ഡോ. ജിസ്സ ജോസ്, കാലടി യൂണിവേഴ്സിറ്റി പ്രൊഫസർ ഡോ. ശാന്തി നായർ തുടങ്ങിയവരായിരുന്നു പ്രമുഖ പ്രബന്ധ അവതാരകർ.

## 6. ക്രിസ്തുമസ് ആഘോഷം

നിർമലഗിരി കോളേജിൽ 20.12.2019-ന് ക്രിസ്തുമസ് ആഘോഷങ്ങൾ നടന്നു. കോളേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ നടത്തിയ ക്രിസ്തുമസ് ആഘോഷത്തോടനുബന്ധിച്ച് ഡിപ്പാർട്ട്മെന്റ് തല കരോൾഗാന മത്സരവും നക്ഷത്ര മത്സരവും ക്രിസ്തുമസ് കാർഡ് നിർമ്മാണ മത്സരവും സാന്താക്ലോസ് മത്സരവും നടത്തി.

## 7. എൻ.എസ്.എസ്. സപ്തദിന ക്യാമ്പ്

നിർമലഗിരി കോളേജ് നാഷണൽ സർവ്വീസ് സ്കീം പ്രവർത്തകരുടെ സപ്തദിന സഹവാസ ക്യാമ്പ് ഡിസംബർ 20-ാം തിയതി മുതൽ 26-ാം തീയതി വരെ പൂളക്കുറ്റി എൽ.പി.സ്കൂൾ, പൂളക്കുറ്റിയിൽ നടന്നു.

**പി.ആർ.ഒ., നിർമലഗിരി കോളേജ്**

# ഫ്രാൻസിസ്കൻ അൽമായസഭ
## (എസ്.എഫ്.ഒ.)

### ഏവർക്കും സമാധാനവും സൗഭാഗ്യവും!!!

സ്വയം ശൂന്യവത്ക്കരിക്കപ്പെട്ടുകൊണ്ട് എളിമയുടെ പുൽത്തൊട്ടിയിൽ പിറന്ന ഉണ്ണിയേശുവിന്റെ ദിവ്യാനുഭവം മനുഷ്യർക്ക് സാധ്യമാകുവാൻ ലോകത്താദ്യമായി ഒരു പുൽക്കൂട് നിർമ്മിക്കുകയും അതിൽ ദിവ്യപൈതലിനെ ആരാധിക്കുകയും ചെയ്ത വി. ഫ്രാൻസിസിന്റെ ചൈതന്യത്തിൽ ഏവർക്കും ക്രിസ്തുമസിന്റെയും പുതുവത്സരത്തിന്റെയും ആശംസകൾ.

01.12.2019 കണ്ണൂർ പാവനാത്മ കപ്പൂച്ചിൻ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് SFO റീജിയൺ ആത്മീയസഹായികളുടെയും, പ്രതിനിധികളുടെയും യോഗം നടന്നു. റവ. ഫാ. ജോൺ ബോസ്കോ കപ്പൂച്ചിൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ബ്ര.ജോയി മൂങ്ങാമാക്കൽ സ്വാഗതം ആശംസിച്ചു. ബഹു. പ്രൊവിൻഷ്യൽ റവ. ഫാ. സ്റ്റീഫൻ ജയരാജ് കപ്പൂച്ചിൻ മുഖ്യപ്രഭാഷണം നടത്തി. SFO-യുടെ പ്രാർത്ഥനകൾ, നിയമാവലി, അനുഷ്ഠാനക്രമം, ജീവിതശൈലി, പുണ്യങ്ങൾ, ഫ്രാൻസിസ്കൻ വായനകൾ എല്ലാം ക്രോഡീകരിച്ച് റവ. ഫാ. ജോൺ ബോസ്കോ തയ്യാർ ചെയ്ത ഹാൻഡ് ബുക്ക്: SFO വളരാൻ വളർത്താൻ ബഹു. പ്രൊവിൻഷ്യൽ ബ്ര. അപ്പച്ചൻ പഴുക്കാക്കുളത്തിന് നൽകി പ്രകാശനകർമ്മം നിർവ്വഹിച്ചു. ബ്രദർ മാത്യു പുല്ലാട്ട് പുസ്തകാവലോകനം നടത്തി.

ചെമ്പേരി റീജിയൺ ആത്മീയ സഹായി ഫാ. ശ്രുതിൻ കളപ്പുരയ്ക്കൽ, ചെറുപുഴ റീജിയൺ ആത്മീയസഹായി റവ. ഫാ. ജോജോ മണിമല, പേരാമ്പ്ര റീജിയൺ ആത്മീയ സഹായി റവ. ഫാ. ജോസ്കുട്ടി കരിങ്ങിടയിൽ എന്നിവർ ആത്മീയ സന്ദേശം നൽകി സംസാരിച്ചു. SFO തലശ്ശേരി അതിരൂപതാ വാർഷികവും വന്ദ്യവൈദികനായിരുന്ന ആർമണ്ടച്ചന്റെ അനുസ്മരണ ദിനവും ജനുവരി 10,11 തീയതികളിലായി പട്ടാരം വിമലഗിരി ധ്യാനകേന്ദ്രത്തിൽ വെച്ചു നടത്തുവാൻ തീരുമാനിച്ചു. സഭയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു മുഖപത്രം പ്രസിദ്ധീകരിക്കുവാൻ തീരുമാനിച്ചു. ഇതിനായി ബ്ര. എബി കാരാമയിൽ, ബ്ര. ജോയി മൂങ്ങാമാക്കൽ, ബ്ര. മാത്യു പുല്ലാട്ട്, ബ്ര. ജോഷി ചക്കുളിക്കൽ, ബ്ര. തങ്കച്ചൻ താന്നിക്കാപ്പാറ, സി. സ്വീറ്റാമ്മ എന്നിവരെ ചുമതലപ്പെടുത്തി. സി. മറിയാമ്മ മലയാറ്റൂർ ഏവർക്കും നന്ദി ആശംസിച്ചു.

ചെമ്പേരി റീജിയൺ പനമ്പ് സമ്മേളനം 05.11.19-ന് ചെമ്പേരി ലൂർദ് മാതാ ഫൊറോന ദേവാലയത്തിൽ വെച്ച് നടന്നു. ബഹു. റീജിയൺ പ്രസി. സി. മേരി അഴകത്ത് സ്വാഗതം ആശംസിച്ചു. റവ. ഫാ. ജോൺ ബോസ്കോ അദ്ധ്യക്ഷത വഹിച്ച സമ്മേളനം ഫൊറോന വികാരി റവ. ഫാ. ജോർജ്ജ് കാഞ്ഞിരക്കാട്ട് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ബ്രദർ ഇ.കെ. ജോസഫ് കപ്പൂച്ചിൻ ഫ്രാൻസിസ്കൻ ആത്മീയതയെപ്പറ്റി പ്രഭാഷണം നടത്തി. റീജിയൺ ആത്മീയസഹായി വെ. ഫാ. ശ്രുതിൻ കളപ്പുരയ്ക്കൻ അനുഗ്രഹപ്രഭാഷണം നടത്തി. ബ്ര. മാത്യു പുല്ലാട്ട് സമ്മേളനത്തിന് ആശംസകൾ നേർന്നു. ബ്ര. ജോർജ് മേലേമുറി എല്ലാവർക്കും നന്ദി പറഞ്ഞു.

**ഫാ. ജോൺ ബോസ്കോ താന്നിക്കപ്പാറ, കപ്പൂച്ചിൻ**
അതിരൂപതാ ആത്മീയ സഹായി

# കെ. സി. ബി. സി.
# മദ്യവിരുദ്ധ സമിതി, മുക്തിശ്രീ

## സെനറ്റ് സമ്മേളനം

നവംബർ 28 ന് വ്യാഴാഴ്ച രാവിലെ 10.30 മുതൽ 2.30 വരെ വാർഷിക സെനറ്റ് സമ്മേളനം തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെട്ടു. വാർഷിക സെനറ്റ് മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. മേഖലാ ഡയറക്ടർമാർ, ആനിമേറ്റേഴ്സ്, മേഖലാ ഭാരവാഹികൾ, അതിരൂപതാ ഭാരവാഹികൾ എന്നിവർ പങ്കെടുത്ത സമ്മേളനത്തിൽ വച്ച് നടന്ന ചർച്ചകൾക്കൊടുവിൽ മാർ പാംപ്ലാനി പിതാവ് ഭാവി പരിപാടികൾക്കായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നല്കി. സമ്മേളനത്തിൽ അതിരൂപതാ ആനിമേറ്റർ സി. ലൂസിനാ പൊരുന്നേടം എസ്.എച്ച്. സ്വാഗതം പറഞ്ഞു. മുക്തിശ്രീ അതിരൂപതാ പ്രസിഡന്റ് ശ്രീമതി മാർഗരറ്റ് ചാമക്കാലായിൽ അദ്ധ്യക്ഷത വഹിച്ചു. ഫാ. സന്തോഷ് ചാരംതൊട്ടിയിൽ, ഫാ. മാത്യു എടാട്ട്, ഫാ. ആന്റണി പുതുമന, ഫാ. ജോയ്സ് കാരിക്കാത്തടം, റോസിലി കാരിക്കൊമ്പിൽ, ഐ.സി.മേരി, ഷിനോ പാറയ്ക്കേൽ, എന്നിവർ ചർച്ചകൾക്ക് നേതൃത്വം നല്കി. തളിപ്പറമ്പ് ഫൊറോന വികാരി ഫാ. അബ്രാഹം പോണാട്ട് ക്രമീകരണങ്ങൾക്ക് നേതൃത്വം നല്കി.

മാർ ജോസഫ് പാംപ്ലാനി പിതാവ് താഴെ പറയുന്ന നിർദ്ദേശങ്ങൾ നല്കി

1. ഡിസംബർ 20നകം മേഖലാ പ്രവർത്തന രേഖ ഉണ്ടാക്കി അതിരൂപതാ ഓഫീസിൽ എത്തിക്കണം.
2. പിതാവിന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളുംകൂടി ഉൾക്കൊണ്ട് (മേഖലാ പ്രവർത്തനരേഖപഠിച്ചശേഷം) ജനുവരിയിൽ മാർഗ്ഗരേഖ അതിരൂപതയിൽ നിന്നും നല്കേണ്ടതാണ്.
3. ഫെബ്രുവരി -ഏപ്രിൽ മാസങ്ങളിൽ മേഖലാ കൺവെൻഷനുകൾ നടത്തണം.
4. ഇടവകയിലെ യൂണിറ്റ്, മേഖലാതലത്തിലും, അതിരൂപതാതലത്തിലും ഏക്സിക്യൂട്ടീവ് മീറ്റിംഗുകൾ കൂടി മാർഗ്ഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും വിലയിരുത്തുകയും ചെയ്യണം.
5. ഒരു വർഷം 5 മദ്യപാനികളെയെങ്കിലും യൂണിറ്റ് അടിസ്ഥാനത്തിൽ ചികിത്സാ കേന്ദ്രത്തിൽ എത്തിക്കണം.
6. ഇടവക ഏകോപന സമിതിയിൽ നമ്മുടെ പദ്ധതികൾ അവതരിപ്പിക്കുകയും സഹായ സഹകരണങ്ങൾ നേടുകയും ചെയ്യുക.

## 25 നോമ്പ് ഒരുക്ക ആരാധന തയ്യേനിയിൽ

നവംബർ 30ന് വൈകുന്നേരം 5 മണിമുതൽ 8 മണിവരെ ക്രിസ്മസ് ഒരുക്ക ദിവ്യകാരുണ്യ ശുശ്രൂഷ തയ്യേനി പള്ളിയിൽ നടത്തി. ഡയറക്ടറച്ചൻ നേതൃത്വം നല്കി.

**ഡിസംബർ 3 തോമാപുരം ഫൊറോന കർഷക പ്രക്ഷോഭം ചർച്ച**

നവംബർ 3 ചൊവ്വ തോമാപുരം ഫൊറോനയുടെ മാസധ്യാനത്തിൽ പങ്കുചേർന്ന്, ഡിസംബർ 9നുള്ള കലക്ട്രേറ്റ് മാർച്ച് സംബന്ധമായ അടിയന്തര ചർച്ചയിൽ പങ്കെടുത്ത് ക്രമീകരണങ്ങൾ വിലയിരുത്തുകയും ചെയ്തു.

**ഏകദിന സെമിനാർ അരീക്കമല :** ഡിസംബർ 6 വെള്ളി വൈകുന്നേരം 4.30 മുതൽ രാത്രി 9 മണിവരെ അരീക്കമല സെന്റ് ജോസഫ് ഇടവകയിൽ പ്രകാശിതമായ കുടുംബവും ഇടവകയും എന്ന ഏകദിന സെമിനാർ നടന്നു. വി. കുർബ്ബാന വചനപ്രഘോഷണം, ദിവ്യകാരുണ്യാരാധന എന്നിവയ്ക്ക് ഡയറക്ടറച്ചൻ നേതൃത്വം നല്കി.

**തളിപ്പറമ്പ് ദർശനയിൽ ലഹരിമുക്ത സെമിനാർ**

ഡിസംബർ 7 ശനി രാവിലെ 10 മണിമുതൽ ഉച്ചയ്ക്ക് 1 മണിവരെ ഏകദിന സെമിനാർ നടന്നു. ലഹരിമുക്ത ജീവിതത്തെക്കുറിച്ച് ഡയറക്ടർ അച്ചൻ സെമിനാർ നയിച്ചു.

**ഡിസംബർ 7 ശനി സായാഹ്ന ധർണ്ണ പെരുമ്പടവിൽ**

ഡിസംബർ 7ന് ശനിയാഴ്ച വൈകുന്നേരം 4 മണിമുതൽ 6.30 വരെ മേരിഗിരി മേഖലാ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെയും ആഭിമുഖ്യത്തിൽ പെരുമ്പടവിൽ ടൗണിൽ സായാഹ്ന ധർണ്ണ നടന്നു. ധർണ്ണയിൽ പെരുമ്പടവ് വികാരിയും കർഷകപ്രക്ഷോഭത്തിന്റെ ചെയർമാനുമായ ഫാ. ജോസഫ് പൂവത്തോലിൽ അധ്യക്ഷതവഹിച്ചു. ഫാ. ചാക്കോ കുടിപ്പറമ്പിൽ ധർണ്ണ ഉദ്ഘാടനം ചെയ്തു. മേരിഗിരി മേഖലാ പ്രസിഡന്റ് ശ്രീ ജോസ് ചാലിശ്ശേരി സി. എൽസി എസ്.എച്ച്, ശ്രീ പ്രകാശ് മൂന്നുപീടികയിൽ എന്നിവർ നേതൃത്വം നല്കി.

**ഞായർ സന്ദർശനവും മദ്യവിരുദ്ധസന്ദേശവും**

ഡിസംബർ 1ന് തയ്യേനി സെന്റ് മേരീസ് ഇടവകയിലും ഡിസംബർ 8ന് പെരുമ്പടവ് സെന്റ് ജോസഫ് ഇടവകയിലും ഡിസംബർ 15ന് സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിലും ഞായർ സന്ദർശനം നടത്തി. വി. കുർബ്ബാനയർപ്പിച്ച് മദ്യവിരുദ്ധ സന്ദേശം നല്കി. ഫാ. മാത്യു ഓലിക്കൽ, ഫാ. ജോസഫ് പൂവത്തോലിൽ, ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറ എന്നിവർക്ക് നന്ദിയർപ്പിക്കുന്നു.

**കൃതജ്ഞതയും സ്വാഗതവും**

ഇത്രയും നാൾ കാഞ്ഞങ്ങാട് മേഖലയെ നയിച്ച ലൂക്കോസ് മാടശ്ശേരി അച്ചന് ഹൃദയംഗമമായ നന്ദിയും പുതിയ മേഖലാ ഡയറക്ടറായി ചാർജ്ജ് എടുത്ത ഫാ. ബിബിൻ തെക്കേടത്തിന് കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി യുടെ ഹൃദ്യമായ സ്വാഗതവും ആശംസിക്കുന്നു.

സ്നേഹാദരങ്ങളോടെ,

**ഫാ. ചാക്കോ കുടിപ്പറമ്പിൽ**

ഡയറക്ടർ

# സാമൂഹ്യസേവനവേദി

**തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി**
**(ടി.എസ്.എസ്.എസ്.)**

തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയിൽ നിന്നും കർഷക പ്രക്ഷോഭത്തിൽ പങ്കെടുത്തു വിജയിപ്പിച്ച യൂണിറ്റ് മെമ്പേഴ്സിനും അഭിനന്ദനങ്ങൾ നേരുന്നു.

**2. ഓഡിറ്റേഴ്സ് മീറ്റിംഗ് നടത്തി.**

ഡിസംബർ പത്താം തീയതി ആലക്കോട് ക്രെഡിറ്റ് യൂണിയൻ ഓഫീസിൽ വച്ച് ഓഡിറ്റ് മീറ്റിംഗ് സംഘടിപ്പിച്ചു. പുതിയ ഓഡിറ്റർമാരെ തെരഞ്ഞെടുക്കുകയും അവർക്കുവേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ജനുവരി 15 മുതൽ മാർച്ച് 15ന് ഉള്ളിൽ എല്ലാ മേഖലകളുടെയും ഓഡിറ്റ് തീർക്കണമെന്നും അതനുസരിച്ചുള്ള ലിസ്റ്റ് ഓഡിറ്റർമാർ കൈമാറുകയും ചെയ്തു. നൽകിയിരിക്കുന്ന ലിസ്റ്റ് അനുസരിച്ചുള്ള ഡേറ്റ് ഓഡിറ്റർ ഒരുകാരണവശാലും യൂണിറ്റുകൾ മാറ്റം ചെയ്യാൻ പാടുള്ളതല്ല. അഥവാ മാറ്റം വരുത്തേണ്ടതുണ്ട് എങ്കിൽ ഡയറക്ടർ ഫാ. ബെന്നി നിരപ്പേലിന്റെ കൈവശം നിന്നും അനുവാദം വാങ്ങേണ്ടതാണ്.

## 3. ബോധവൽക്കരണ സെമിനാർ നടത്തി

ഡിസംബർ 7 ന് കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷന്റെ നേതൃത്വത്തിൽ കണ്ണൂർ ജില്ലയിലെ മുസ്ലിം ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്കായി ന്യൂനപക്ഷ വിഭാഗങ്ങളുടെ അവകാശങ്ങളും ആനുകൂല്യങ്ങളും സംബന്ധിച്ച് കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തിയ ബോധവൽക്കരണ സെമിനാറിൽ തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ ഫാ. ബെന്നി നിരപ്പേലും സ്റ്റാഫ് പ്രതിനിധികളും പങ്കെടുത്തു.

## 4. സംഘടനാ സന്ദർശനം നടത്തി

നെല്ലിക്കാംപൊയിൽ മേഖലയിലെ പുറവയൽ യൂണിറ്റ് തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദർശനം നടത്തി. സന്ദർശനത്തിനായി സഹകരിച്ച ബഹു. മാത്യു കായംമ്മാക്കൽ അച്ചനും യൂണിറ്റ് ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ.

**5. മീറ്റിംഗിൽ പങ്കെടുത്തു** : പ്രളയ ദുരന്ത നിവാരണത്തോടനുബന്ധിച്ച് ഡിസംബർ 11-ന് എറണാകുളത്ത് വച്ച് നടത്തിയ മീറ്റിംഗിൽ ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ പങ്കെടുത്തു.

## 6. സേവ് എ ഫാമിലി പ്ലാൻ

ഡിസംബർ 14-ാം തീയതി കരുവഞ്ചാലിൽ വെച്ചു സേവ് എ ഫാമിലി പ്ലാൻ പ്രോജക്ടിലേ പുതിയ അംഗങ്ങൾക്ക് സ്വയംതൊഴിൽ പരിശീലന ക്ലാസ്സ് സംഘടിപ്പിച്ചു. ഈ പരിപാടിക്ക് പ്രോജക്ട് കോർഡിനേറ്റർ സി. ആഷാ ജോർജ് എം.എം. സ്വാഗതം പറഞ്ഞു. ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ പരിപാടി ഉദ്ഘാടനം ചെയ്തു. റീജണൽ സെൻട്രൽ പ്രോഗ്രാം ഓഫീസർ ശ്രീ ആൾട്ടോ ആന്റണി പരിപാടിയിൽ മുഖ്യ അതിഥിയായിരുന്നു. അദ്ദേഹം പ്രൊജക്ടിന്റെ പ്രവർത്തനങ്ങളെപ്പറ്റിയും പ്രവർത്തന ലക്ഷ്യങ്ങളെപ്പറ്റിയും ബോധവത്ക്കരണം നടത്തി. ശ്രീമതി ചന്ദ്രവല്ലി സ്പെഷ്യൽ എഡ്യുക്കേറ്റർ, പയ്യന്നൂർ അംഗങ്ങൾക്ക് സ്വയം തൊഴിൽ പരിശീലനക്ലാസ്സ് നല്കി.

ഡിസംബർ 19-ന് തലശ്ശേരി ഓഫീസിൽ വെച്ച് സേവ് എ ഫാമിലി പ്ലാൻ പ്രൊജക്റ്റ് ഫണ്ട് വിതരണം നടത്തി. ജീവിത നിലവാരം മെച്ചപ്പെടുത്തു ന്നതിനായി സ്വയംതൊഴിൽ ചെയ്യണമെന്നും സാമ്പത്തിക സഹായം കൃത്യമായി വിനിയോഗിക്കുവാൻ ബഹുമാനപ്പെട്ട ഡയറക്ടർ അച്ചനും യൂണിറ്റ് മെമ്പേഴ്സും ഇവരെ സഹായിക്കണമെന്നും അവരോടു സഹകരിക്കണമെന്നും ഫാ. ബെന്നി നിരപ്പേൽ പറഞ്ഞു

## 7. പൊതുയോഗത്തിൽ പങ്കെടുത്തു

ഡിസംബർ 14 ആം തീയതി നെല്ലിക്കാംപൊയിൽ മേഖല യൂണിറ്റ് പൊതുയോഗത്തിൽ തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ പങ്കെടുത്തു. ഡിസംബർ പതിനെട്ടാം തീയതി പനത്തടി മേഖലയുടെ ആർസിസി മീറ്റിംഗിൽ ഫാ. ബെന്നി നിരപ്പേൽ പങ്കെടുത്തു.

## 8. ഇൻഷുറൻസ് ഏജന്റ് ട്രെയിനിങ്

ഡിസംബർ 19 ആം തീയതി തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി ഓഫീസിൽ വച്ച് എൽഐസി ഏജന്റ്മാർ ആകുവാനുള്ള ട്രെയിനിങ് പ്രോഗ്രാം യൂണിറ്റിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടവർക്ക് നടത്തി.

## 9. ദുരന്തനിവാരണ സേന സംഘം

ഇനിയൊരു പ്രളയത്തെ അതിജീവിക്കുന്ന അതിനായി ദുരന്ത ലഘൂകരണ സ്നേഹ രൂപീകരണവും ബോധവൽക്കരണ ക്ലാസ്സുകളും നടത്തി. തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി ഡി ഡി ആർ പ്രൊജക്റ്റ് കോർഡിനേറ്റർ

തോമസ് ജോൺ കരുണാപുരം, വായാട്ടുപറമ്പ്, പാടിയോട്ടുചാൽ, ചെട്ടിയാം പറമ്പ്, കച്ചേരിക്കടവ്, പാലാവയൽ എന്നീ മേഖലകളിൽ ബോധവൽ ക്കരണ ക്ലാസും സേന രൂപീകരണവും നടത്തി.

## 10. കോലുവള്ളി യൂണിറ്റ് രൂപീകരണം

ഡിസംബർ 18ന് തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ പുതിയ യൂണിറ്റ് ചെറുപുഴ മേഖലയിൽ കോലുവള്ളി ഇടവകയിൽ രൂപീകരിച്ചു.

## 11. കർഷകദിനം

ഡിസംബർ 23 -ാം തീയതി ദേശീയ കർഷക ദിനം ആഘോഷിച്ചു. എല്ലാ മേഖലയിലും ഉള്ള യൂണിറ്റ് അംഗങ്ങൾക്ക് കർഷക ദിനത്തിന്റെ അഭിനന്ദനങ്ങളും ആശംസകളും ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ നേർന്നു.

## 12. ഭവനങ്ങളുടെ വെഞ്ചിരിപ്പ് നടത്തി

ഡിസംബർ 29 -ാം തീയതി കാരിത്താസ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ തലശ്ശേരി സോഷ്യൽ സർവീസ് പ്രവർത്തകർ ബെഡൂരിൽ നിർമ്മിച്ചു നൽകിയ രണ്ട് ഭവനങ്ങളുടെ വെഞ്ചരിപ്പ് വൈകുന്നേരം അഞ്ചുമണിക്ക് നടത്തി. ഇതിനായി സഹകരിച്ച എല്ലാ ടി എസ് എസ് എസ് പ്രവർത്തകർക്ക് അഭിനന്ദനങ്ങൾ.

## 13. CHAI Digital Reach Physiotheraphy

നവംബർ 27 മുതൽ ഡിസംബർ 6 വരെ കാത്തലിക് ഹെൽത്ത് അസോസിയേഷൻ ഓഫ് ഇന്ത്യ ഹൈദ്രബാദിൽ വച്ച് സംഘടിപ്പിച്ച ഡിജിറ്റൽ റിസേർച്ച് ഫിസിയോതറാപ്പിയുടെ ട്രെയിനിംഗ് പ്രോഗ്രാമിൽ സി. ആഷാ ജോർജ് എം.എം., കുമാരി ഷിജിന തോമസ് എന്നിവർ പങ്കെടുത്തു.

സ്നേഹപൂർവ്വം,

**ഫാ. ജോർജ് കളരിമുറിയിൽ**
അസി. ഡയറക്ടർ

**ഫാ. ബെന്നി നിരപ്പേൽ**
ഡയറക്ടർ

# ACCOMPAINYING DEAF AND AWAKINING MISSION (ADAM)

- ഡിസംബർ 1-ാം തീയതി തൃശ്ശൂർ വച്ചുനടത്തിയ ബധിരസംഗമത്തിൽ വി. കുർബ്ബാനയർപ്പിച്ചു.
- സെന്റ് പാട്രീക് ചർച്ച് ബാംഗ്ലൂർ വച്ച് ഡിസംബർ 8-ാം തീയതി ക്രിസ്മസ് ആഘോഷം നടത്തി.
- 14.12.2019 ന് തൃശ്ശൂർ ബധിര സമൂഹത്തിനായി തീയോളജി ക്ലാസ്സും 15.12.2019ന് പൂമല സ്പീച്ച് ആന്റ് ഹിയറിങ്ങ് സ്കൂൾ വിദ്യാർത്ഥികൾക്കായി വി. കുർബ്ബാനയും കുമ്പസാരവും നടത്തി.
- 30.12.2019-ന് ഇരിട്ടി ചാവറനിവാസ് സ്പെഷ്യൽ സ്കൂളിൽ സംഘടിപ്പിച്ച പൂർവ്വവിദ്യാർത്ഥി സംഗമത്തിൽ ക്ലാസ്സ് എടുത്തു.

## പ്രോഗ്രാം ജനുവരി

05.01.2020 - ആലക്കോട് വി. കുർബ്ബാന, ക്ലാസ്സ്

12.01.2020 - ബാംഗ്ലൂർ , 19.01.2020 - വയനാട്

## വിശ്വാസപരിശീലനവും ക്രിസ്മസ് ആഘോഷവും

പരിയാരം മദർഹോമിൽ വച്ച് വിശ്വാസപരിശീലനകേന്ദ്രത്തിന്റെ നേതൃത്വത്തിൽ തലശ്ശേരി അതിരൂപതയിൽപ്പെട്ട ബധിരരും മൂകരുമായവർക്ക് ഡിസംബർ 20 മുതൽ 22 വരെ മൂന്നു ദിവസത്തെ സെമിനാർ സംഘടിപ്പിച്ചു. അതിരൂപത മതബോധന ഡയറക്ടർ ഫാ. ജേക്കബ് വെണ്ണായപ്പിള്ളി സെമിനാർ ഉദ്ഘാടനം ചെയ്തു. മോൺ. ജോസഫ് ഒറ്റപ്ലാക്കൽ അനുഗ്രഹപ്രഭാഷണം നടത്തി. ആദം മിനിസ്ട്രി ഡയറക്ടർ ഫാ. ജോർജ് കളരിമുറിയിൽ, സി. അഭയ എഫ്.സി.സി.യുമാണ് സെമിനാറിന് നേതൃത്വം നല്കിയത്. സെപ്റ്റംബർ മാസത്തിൽ നടത്തിയ ലോഗോസ് ക്വിസിൽ വിജയികളായവർക്ക് ബൈബിൾ അപ്പസ്റ്റോലേറ്റ് ഏർപ്പെടുത്തിയ ക്യാഷ് അവാർഡും സോഷ്യൽ സർവ്വീസ് സൊസൈറ്റി നല്കുന്ന മെമ്മന്റോയും ടി.എസ്.എസ്.എസ്. ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ നിർവഹിച്ചു.

കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ നടത്തിയ ലോഗോസ് ക്വിസിൽ സംസ്ഥാന തലത്തിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കിയ മുളപ്ര ഇടവകയിൽ നിന്നുള്ള നിമ്മി ഏലിയാസിനെ പ്രത്യേകം അനുമോദിച്ചു. കൗൺസിലിംഗിനു സഹായിച്ച സി.ഷാരോൺ എം.എസ്.എം.ഐ, സി.ഫിൽസി എസ്.എച്ച്, സി.ബെനിറ്റ സി.എം.സി, സി. ലിഡിയ എസ്.എ.ബി.എസിനും പ്രത്യേകം നന്ദിയർപ്പിക്കുന്നു. കണ്ണൂർ, കാസർഗോഡ്, വയനാട് ജില്ലകളിൽ നിന്നുള്ള ഏകദേശം 80ഓളം ആളുകൾ സെമിനാറിൽ പങ്കെടുത്തു.

**ഫാ. ജോർജ് കളരിമുറിയിൽ**
ഡയറക്ടർ

# ധ്യാനകേന്ദ്രങ്ങളിലൂടെ
## 2020 ജനുവരി & ഫെബ്രുവരി

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

**ജനുവരി** 3-5 : തപസ്സ് ധ്യാനം (10 am ആരംഭം)
3-5 : പരിശുദ്ധാത്മാഭിഷേകധ്യാനം (10 am ആരംഭം)
5-10 : ആന്തരീക- ശാരീരിക സൗഖ്യ ധ്യാനം
11 : വചനാഗ്നി ബൈബിൾ കൺവെൻഷൻ
19- 24 : ആന്തരീക- ശാരീരിക സൗഖ്യ ധ്യാനം
**ഫെബ്രു.** 2-7 : ആന്തരീക - ശാരീരിക സൗഖ്യ ധ്യാനം
8 : വചനാഗ്നി ബൈബിൾ കൺവെൻഷൻ
16-20 : ആന്തരീക - ശാരീരിക സൗഖ്യ ധ്യാനം
21-23 : പരീക്ഷ ഒരുക്ക ധ്യാനം(എസ്.എസ്.എൽ.സി, പ്ലസ് ടു വിദ്യാർത്ഥികൾക്ക്)

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം - ഇരിട്ടി**
**ഫോൺ: 0490-2493491, 9745017131, 0490 2491941**

**ജനുവരി** 4 : ഏകദിനധ്യാനം
5-9 : ആന്തരിക സൗഖ്യ ധ്യാനം
10 : ജാഗരണപ്രാർത്ഥന
11 : ബഹു. ആർമണ്ടച്ചന്റെ അനുസ്മരണദിനം
12-16 : പരിശുദ്ധാത്മാഭിഷേകധ്യാനം
18 : ഏകദിനധ്യാനം
19-23 : ആന്തരിക സൗഖ്യ ധ്യാനം
25 : ഏകദിനധ്യാനം
**ഫെബ്രുവരി**01 : ഏകദിനധ്യാനം
2-6 : ആന്തരിക സൗഖ്യ ധ്യാനം
07 : ജാഗരണപ്രാർത്ഥന
08 : കുട്ടികളുടെ ഏകദിനധ്യാനം
15 : ഏകദിനധ്യാനം
16-20 : ആന്തരിക സൗഖ്യ ധ്യാനം
22 : ഏകദിനധ്യാനം
29 : ഏകദിനധ്യാനം

**3. മൗണ്ട് കാർമ്മൽ പേരാവൂർ : ഫോൺ. 0490 2444595, 9446687556**

**ജനുവരി**10-12 : ആന്തരീക സൗഖ്യ- ആത്മാഭിഷേക ധ്യാനം (വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ)
24- 26 : ആന്തരീക സൗഖ്യ- ആത്മാഭിഷേക ധ്യാനം (വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ)

**ഫെബ്രു.**7-9 : ആന്തരീക സൗഖ്യ- ആത്മാഭിഷേക ധ്യാനം
(വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ)
21-23 : ആന്തരീക സൗഖ്യ- ആത്മാഭിഷേക ധ്യാനം

**4. ദർശന ധ്യാന കേന്ദ്രം പുഷ്പഗിരി, തളിപ്പറമ്പ്**

**ഫോൺ :0460 2202613, 0460 2204556, 9447424076**

**ജനുവരി**12-15 : ആന്തരികസൗഖ്യധ്യാനം
17- 19 : കുടുംബദർശനധ്യാനം
23-26 : (വ്യാഴം- ഞായർ) ഹീലിംഗ് & ഡെലിവറൻസ് ധ്യാനം- ഫാ. ജോസഫ് വയലിൽ സി. എം.ഐ & ടീം

**ഫെബ്രു.2-5** : പരിശുദ്ധാത്മാഭിഷേക ധ്യാനം(സി. സ്നേഹ & ടീം)
14-16 : കുടുംബദർശന ധ്യാനം
16-19 : ആന്തരികസൗഖ്യധ്യാനം
20-23 : വ്യാഴം- ഞായർ) ഹീലിംഗ് & ഡെലിവറൻസ് ധ്യാനം- ഫാ. ജോസഫ് വയലിൽ
23-28 : ദിവ്യകാരുണ്യാഭിഷേക ധ്യാനം (സന്യസ്തർക്ക്)

**5. കൃപാലയം ധ്യാനകേന്ദ്രം, കാക്കേഞ്ചാൽ - ചെറുപുഴ, ഫോൺ : 9526609050, 9447481643, 9496253756**

**ജനുവരി**
7,14,21,28 : ഏകദിന കൺവെൻഷൻ

**6. IMS ധ്യാന കേന്ദ്രം - കൂട്ടുപുഴ ഫോൺ: 9605907813, 9745292602**

**ജനുവരി** 2 : ജാഗരണപ്രാർത്ഥന
6-10 : ആന്തരിക ശാരീരിക സൗഖ്യ ധ്യാനം
10-13 : വചനാഭിഷേകധ്യാനം
17-19 : മരിയൻ ധ്യാനം
26-29 : പരിശുദ്ധാത്മാഭിഷേക ധ്യാനം

**ഫെബ്രു.**06 : ജാഗരണപ്രാർത്ഥന
10-14 : ആന്തരിക ശാരീരിക സൗഖ്യ ധ്യാനം
14-17 : വചനാഭിഷേക ധ്യാനം
21-23 : മരിയൻ ധ്യാനം
23 -26 : പരിശുദ്ധാത്മാഭിഷേക ധ്യാനം

**7. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി; ഫോൺ: 0460-2264451**

**ജനുവരി** 04 : ഏകദിന കൺവൻഷൻ (കൗൺസിലിംഗിന് സൗകര്യം ഉണ്ടായിരിക്കും)
17-19 : പരിശുദ്ധാത്മാഭിഷേക ധ്യാനം
26-30 : ആന്തരീകസൗഖ്യ ധ്യാനം

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

### നവംബർ 2019

23 രാവിലെ പാലാവയൽ ഇടവകയിൽ ഡീക്കൻ കൊറ്റനാൽ മൈക്കിളിന് തിരുപ്പട്ടം നല്കി. ഉച്ചകഴിഞ്ഞ് കള്ളാർ ഇടവകയിൽ പെരുമാനൂര് ടോമി – ജിൻസി ദമ്പതികളുടെ നാലാമത്തെ കുട്ടിക്ക് മാമ്മോദീസ നല്കി. വൈകുന്നേരം കൊട്ടോടി ഇടവകയിൽ അജപാലന സന്ദർശനത്തിനെത്തി കിടപ്പുരോഗികളെ സന്ദർശിച്ചു.

24 കൊട്ടോടി ഇടവകയിൽ അജപാലനസന്ദർശനം നടത്തി.

25 രാവിലെ പേരാവൂർ ഇടവകയിലെ ആറ്റാംഞ്ചേരി കുരിശുപള്ളിയുടെ കൂദാശകർമ്മം നിർവ്വഹിച്ചു. ഉച്ചകഴിഞ്ഞ് കരിക്കോട്ടക്കരി ഇടവകയിൽ പ്രളയബാധിതർക്കായി മാർ വള്ളോപ്പിള്ളി ഭവന നിർമ്മാണ പദ്ധതിയിൽ നിർമ്മിച്ച രണ്ടു ഭവനങ്ങളുടെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു. വൈകുന്നേരം വട്ട്യറ ഇടവകയിലുള്ള എം.സി.ബി.എസ്. സന്യാസസമൂഹത്തിന്റെ ഭവനം വെഞ്ചരിച്ച് ചാപ്പൽ കൂദാശകർമ്മം നിർവഹിച്ചു.

26 ചെമ്പേരി വിമൽജ്യോതി എൻജിനിയറിങ് കോളേജിൽ നടന്ന തലശ്ശേരി അതിരൂപത പ്രസ്ബിത്തേരിയത്തിൽ അധ്യക്ഷത വഹിച്ചു. വൈകുന്നേരം അതിരൂപത കാര്യാലയത്തിൽ പൗരോഹിത്യത്തിന്റെ സുവർണ്ണ–രജത ജൂബിലിയാഘോഷിക്കുന്ന വൈദികരെ അനുമോദിക്കുന്ന ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

27 രാവിലെ കത്തീഡ്രൽ ദൈവാലയത്തിൽ ജൂബിലയാഘോഷിക്കുന്ന വൈദികരോടൊപ്പം വി. ബലിയർപ്പിച്ചു. തുടർന്ന് അതിരൂപത കാര്യാലയത്തിൽ സന്ദർശകരായെത്തിയവരെ സ്വീകരിച്ചു.

ഉച്ചയ്ക്ക് ഉത്തരമലബാർ കർഷകപ്രക്ഷോഭത്തോടനുബന്ധിച്ച് അതിരൂപത കാര്യാലയത്തിൽ വിളിച്ചുചേർത്ത പത്രസമ്മേളനത്തിൽ പ്രക്ഷോഭ പരിപാടികൾ വിശദീകരിച്ചു. വൈകുന്നേരം കർഷക പ്രക്ഷോഭത്തോടനുബന്ധിച്ച് തലശ്ശേരി ടൗണിൽ സംഘടിപ്പിച്ച പ്രതിഷേധ യോഗത്തിൽ അധ്യക്ഷത വഹിച്ചു.

28 നടവയൽ ഇടവകയിൽ നിര്യാതനായ സഹോദരന്റെ ശ്രീ. പീറ്റർ ഞറളക്കാട്ടിന്റെ 41–ാം അനുസ്മരണത്തിൽ വി. ബലിയർപ്പിച്ച് പ്രാർത്ഥിച്ചു.

30 പുൽപള്ളി ഇടവകയിൽ മുരിയൻകാവിൽ അനിലിന്റെ വിവാഹം ആശീർവദിച്ചു.

## ഡിസംബർ 2019

02 കണ്ണൂർ കളക്ടേറേറ്റിനുമുമ്പിൽ ഉത്തരമലബാർ കർഷക പ്രക്ഷോഭത്തോടനുബന്ധിച്ച് തലശ്ശേരി അതിരൂപതയിലെ വൈദികരുടെ ആഭിമുഖ്യത്തിൽ നടത്തിയ ഉപവാസ സമരത്തിൽ പങ്കെടുത്തു.

03 രാവിലെ ഇരിട്ടിയിലുള്ള സാൻജോസ് റിവർ വ്യൂ ഷോപ്പിങ് കോംപ്ലക്സിന്റെ നിർമ്മാണപ്രവർത്തനങ്ങളുടെ രണ്ടാംഘട്ടം ഉദ്ഘാടനം ചെയ്തു. തുടർന്ന് ഇരിട്ടി ഇടവകയിൽ തിരുഹൃദയസന്യാസിനി സമൂഹത്തിന്റെ കൗൺസിലിംഗ് സെന്ററായ ഹൃദയരാം വെഞ്ചരിക്കുകയും ചാപ്പൽ കൂദാശ കർമ്മം നിർവഹി ക്കുകയും ചെയ്തു.

4-6 പാലാരിവട്ടം പി.ഒ.സിയിൽ നടന്ന കേരള മെത്രാൻസമിതിയുടെ യോഗത്തിൽ പങ്കെടുത്തു. കൂരാച്ചുണ്ട് ഇടവകയിൽ നിര്യാതനായ മുണ്ടനാട്ട് കുഞ്ഞേട്ടന്റെ 41-ാം ചരമദിനത്തിൽ വി. ബലിയർപ്പിച്ച് പ്രാർത്ഥിച്ചു. വൈകുന്നേരം വെള്ളരിയാനം ഇടവകയിൽ അജപാലന സന്ദർശന ത്തിനെത്തി കിടപ്പുരോഗികളുടെ ഭവനം സന്ദർശിച്ചു.

08 വെള്ളരിയാനം ഇടവകയിൽ അജപാലനസന്ദർശനം നടത്തി. വൈകുന്നേരം ഉത്തരമലബാർ പ്രക്ഷോഭത്തോടനുബന്ധിച്ച് കണ്ണൂർ കളക്ടറേറ്റ് മൈതാനിയിൽ ഡിസംബർ 9 ന്റെ കർഷക മഹാസംഗമത്തിന്റെ ഒരുക്കങ്ങൾക്ക് നേതൃത്വം കൊടുത്തു.

09 കളക്ടറേറ്റ് മൈതാനത്തിൽ നടന്ന ഉത്തരമലബാർ കർഷക മഹാസംഗമം ഉദ്ഘാടനം ചെയ്ത് കർഷക റാലിക്ക് നേതൃത്വം നല്കി.

10 അതിരൂപതാകാര്യാലയത്തിൽ സന്ദർശകരായെത്തിയവരോടൊപ്പം സമയം ചിലവഴിച്ചു.

11 മാനന്തവാടി രൂപതയുടെ പ്രസ്ബിത്തേരിയത്തിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. ചർച്ചകൾക്ക് നേതൃത്വം നല്കി. വൈകുന്നേരം അതിരൂപത കാര്യാലയത്തിൽ നടന്ന മാസധ്യാനത്തിൽ പങ്കെടുത്തു. തുടർന്ന് നടന്ന ചർച്ചകൾക്ക് നേതൃത്വം നിലമ്പൂർ ഇടവകയിൽ നിര്യാതനായ ശ്രീ തുളവനാനിക്കൽ ജെയിംസിന്റെ 12-ാം ചരമദിനത്തിൽ വി. ബലിയർപ്പിച്ച് പ്രാർത്ഥിച്ചു.

13 രാവിലെ അതിരൂപത കാര്യാലയത്തിൽ സന്ദർശകരായെത്തിയ ജർമ്മനിയിലുള്ള ജാവാജി സോഫ്റ്റെക് അധികാരികളുമായി ചർച്ച നടത്തി.

രാജപുരം ഫൊറോന കൺവൻഷന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ച് വി. ബലിയർപ്പിക്കുകയും സന്ദേശം നല്കുകയും ചെയ്തു.

14 തലശ്ശേരി സന്ദേശഭവനിൽ നടന്ന മാതൃവേദി ജനറൽബോഡി മീറ്റിങിന്റെ ഉദ്ഘാടനകർമ്മം നിർവഹിക്കുകയും പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പിന് നേതൃത്വം നല്കുകയും ചെയ്തു.വൈകുന്നേരം ആലക്കോട് ഫൊറോന ദൈവാലയത്തിലെത്തി പുതിയ ദൈവാലയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തി. തുടർന്ന് ഒറ്റത്തൈ ഇടവകയിൽ

അജപാലന സന്ദർശനത്തിനെത്തി കിടപ്പുരോഗികളെ സന്ദർശിച്ചു.

15 ഒറ്റത്തൈ ഇടവകയിൽ അജപാലനസന്ദർശനം നടത്തി. വൈകുന്നേരം കുന്നോത്ത് ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരിയിലെത്തി സ്റ്റാഫ് മീറ്റിങ്ങിൽ പങ്കെടുത്തു.

16 രാവിലെ കച്ചേരിക്കടവ് ഇടവകയിൽ പ്രഭാത ബലിയർപ്പിക്കുകയും പ്ലാത്തോട്ടത്തിൽ ഫ്രാൻസീസ് റോസ് ദമ്പതികളുടെ നാലാമത്തെ കുട്ടിക്ക് മാമ്മോദീസ നല്കുകയും ചെയ്തു. തുടർന്ന് പ്രളയബാധിതർക്കായി മാർ വള്ളോപ്പിള്ളി ഭവനനിർമ്മാണ പദ്ധതിയിൽ നിർമ്മിച്ച രണ്ടുഭവനങ്ങളുടെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു. 11 മണിക്ക് സന്ദേശഭവനിൽനടന്ന ഉത്തര മലബാർ കർഷപ്രക്ഷോഭ സംഘാടകസമിതിയുടെ അവലോകന യോഗത്തിൽ അധ്യക്ഷത വഹിക്കുകയും ഭാവിപരിപാടികൾ ആവിഷ്കരിക്കുകയും ചെയ്തു. വൈകുന്നേരം കരിസ്മാറ്റിക് ഗ്രൂപ്പ് ലീഡേഴ്സിനു വേണ്ടിയുള്ള സെമിനാറിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി.

18 അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരായെത്തിയവരെ സ്വീകരിച്ചു.

19 രാവിലെ കത്തീഡ്രൽ ദൈവാലയത്തിൽ വി. ബലിയർപ്പിച്ചു. തുടർന്ന് താമരശ്ശേരി രൂപതയുടെ പ്രസ്ബിത്തേരിയം ഉദ്ഘാടനം ചെയ്ത് ചർച്ചകൾക്ക് നേതൃത്വം നല്കി.

20 രാവിലെ മാനന്തവാടി രൂപതയിലെ അരിഞ്ചേർമല ഇടവകയിൽ പരേതനായ കാരിക്കുന്നേൽ കൊച്ചേട്ടന്റെ 41-ാം അനുസ്മരണദിനത്തിൽ വി. ബലിയർപ്പിച്ചു. വൈകുന്നേരം തലശ്ശേരി സാൻജോസ് മെട്രോപോളിറ്റൻ സ്കൂളിന്റെ വാർഷികാഘോഷം ഉദ്ഘാ ടനം ചെയ്തു.

21 ക്രിസ്മസിനോടനുബന്ധിച്ച് തലശ്ശേരി ടൗണിൽ സംഘടിപ്പിച്ച ക്രിസ്മസ് സാംസ്കാരിക സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.

22 കരുണാപുരം ഇടവകയിൽ അജപാലനസന്ദർശനം നടത്തി. വൈകുന്നേരം കരുവഞ്ചാൽ ശാന്തിഭവനം സന്ദർശിച്ചു.

23 കരുവഞ്ചാൽ ശാന്തിഭവനിൽ മാത്യു കിഴക്കേലച്ചന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലിയാഘോഷത്തിൽ വി. ബലിയർപ്പിച്ചു. തുടർന്ന് വൈദികരോടൊപ്പം സമയം ചിലവഴിച്ചു. ഉച്ചക്ക് മിഷൻലീഗ് പ്രവർത്തകർ ശാന്തിഭവനിൽ ഒരുക്കിയ ക്രിസ്മസ്പരിപാടിയിൽ ആധ്യക്ഷതവഹിച്ചു. ഉച്ചകഴിഞ്ഞ് തിരൂർ വി. ചാവറയച്ചന്റെ നാമത്തിലുള്ള പുതിയ ദൈവാലയത്തിന്റെ പ്രധാന വാതിൽ പ്രതിഷ്ഠാ കർമ്മം നിർവ്വഹിക്കുകയും പുതിയതായി പണിത പള്ളിമുറി വെഞ്ചരിക്കുകയും ചെയ്തു.

24 അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു.

❖❖❖

## Programme of the Archbishop
## Mar George Njaralakatt

### JANUARY 2020

| | | | |
|---|---|---|---|
| 01 | 09.00 am | - | Vanjode - Ordination |
| 02 | 09.00 am | - | Manippara - Ordination |
| | 06.30 pm | - | Manjalampuram - School Anniversary |
| 03 | 04.00 pm | - | Velimanam |
| 04 | 09.00 am | - | Mampoil - Ordination |
| | 12.30 pm | - | Thaliparamba - House blessing |
| 05 | 10.00 am | - | Balesugiri - Golden Jubilee |
| 06 | | - | Pariyaram |
| 07-15 | | - | Synod |
| 16 | | - | Priests & sisters' day |
| 17 | | - | Kenichira |
| 18 | 10.00 am | - | Karthikapuram |
| | 02.30 pm | - | Karuvanchal - Fruits leaders' meet |
| | 04.00 pm | - | Ratnagiri |
| 19 | | - | Pastoral visit |
| | 06.30 pm | - | Dharmasala - Deepika anniversary |
| 20 | 10.00 am | - | Manakkadav - First Holy Communion |
| | 02.30 pm | - | Alakode - Church Consecration |
| 21 | 10.00 am | - | Jubilee - Kilianthara |
| | 05.30 pm | - | Edathotty - School anniversary |
| 22 | | - | Visitors day |
| 23 | | - | Priests & sisters day until 12.30 pm |
| | 04.00 pm | - | Mandalam - Golden Jubilee |

| | | | |
|---|---|---|---|
| 24 | 10.00 am | - | Pilathara - Convention |
| | 2.30 pm | - | Cherupuzha - Fruits leaders' meeting |
| | 04.00 pm | - | Mandapam - Golden Jubilee |
| 25 | 10.00 am | - | Thaliparamba - CML Vice directors' meet |
| | 02.30 pm | - | Padankavala - Church Consecration |
| 26 | 7.30 am | - | Pooparamba - Holy Communion |
| | 04.00 pm | - | Bheemanady - Golden Jubilee |
| 27 | 10.00 am | - | Nirmalagiri College |
| | 02.30 pm | - | Engaged |
| 28 | 10.00 am | - | Forane Vicars meeting |
| | 02.30 pm | - | Ponniam - Sifam Inauguration |
| 29 | | - | Visitors day |
| | 06.00 pm | - | New Priests day |
| 30- Feb.9 | | - | Germany |
| 11 | | - | Jadkal |
| 12-19 | | - | Bangalore - CBCI |

**Secretary to the Archbishop**

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

### 2019 ഒക്ടോബർ

02 ആദ്‌ലിമിന സന്ദർശനത്തിനായി റോമിൽ എത്തിച്ചേർന്നു.

03 രാവിലെ സീറോമലബാർ സഭയിലെ പിതാക്കന്മാരോടൊപ്പം പത്രോസിന്റെ കബറിടത്തിൽ വി.ബലിയർപ്പിച്ചു. 10 മണിക്ക് പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപ്പാപ്പയോടൊപ്പം കൂടിക്കാഴ്ച നടത്തി. ഉച്ചകഴിഞ്ഞ് വൈദികർക്കുവേണ്ടിയുള്ള തിരുസംഘത്തിന്റെ മീറ്റിങ്ങിൽ പങ്കെടുത്തു.

04 രാവിലെ വിശ്വാസപ്രഘോഷണ കാര്യാലയം സന്ദർശിച്ചു.

05 വത്തിക്കാൻ സെക്രട്ടറിയേറ്റ് സന്ദർശിച്ചു.

06 ഡിവിനോ അമോറയിൽ വച്ചുനടന്ന റോമിലെ സീറോമലബാർ ഇടവകയുടെ ജൂബിലിയാഘോഷത്തിൽ പങ്കെടുത്തു.

07 വിശ്വാസ തിരുസംഘം സന്ദർശിച്ചു. വൈകുന്നേരം ഡമീഷൻ കോളേജിൽ നടന്ന വി. ബലിയിൽ സഹകാർമ്മികത്വം വഹിക്കുകയും അത്താഴ വിരുന്നിൽ പങ്കുചേരുകയും ചെയ്തു.

08 ലാറ്ററൻ ബസിലിക്കയിൽ വി. ബലിയർപ്പിച്ചു. തുടർന്ന് പൗരസ്ത്യ തിരുസംഘത്തിന്റെ മീറ്റിങ്ങിൽ പങ്കെടുത്തു. വൈകുന്നേരം തലശ്ശേരി അതിരൂപതയിൽനിന്നുള്ള വൈദികരുടെയും സിസ്റ്റേഴ്സിന്റെയും വൈദികവിദ്യാർത്ഥികളുടെയും സംയുക്ത യോഗത്തിൽ അധ്യക്ഷത വഹിച്ചു.

10 അസീസി സന്ദർശിച്ചു.

11 വിശുദ്ധ പൗലോസ് ശ്ലീഹായുടെ ബസിലിക്കയിൽ നടന്ന വി. ബലിയിൽ സഹകാർമ്മികത്വം വഹിച്ചു.

12 സീറോ മലബാർ സഭയുടെ റോമിലുള്ള കാര്യാലയം ഡോമൂസ് മാർ തോമായുടെ വെഞ്ചരിപ്പ് കർമ്മത്തിൽ പങ്കെടുത്തു. തുടർന്ന് നടന്ന വിശുദ്ധ ബലിയിൽ സഹകാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് മരിയ മജോറോ ബസിലിക്കയിൽ നടന്ന വാഴ്ത്തപ്പെട്ട മറിയം ത്രേസ്യായുടെ നാമകരണത്തോടനുബന്ധിച്ചുള്ള ജാഗരണ പ്രാർത്ഥനയിൽ പങ്കെടുത്തു.

15-18 പോർച്ചുഗലിലെ ഫാത്തിമ സന്ദർശിച്ച് വി. ബലിയർപ്പിച്ചു. തുടർന്ന് പാലാ രൂപതയിലെ വൈദികരെയും തലശ്ശേരി രൂപതയിലെ സിസ്റ്റേഴ്സിനെയും സന്ദർശിച്ചു.

18–20 മിലാനിലുള്ള പ്രസറ്റേഷൻ ജനറലേറ്റ് ഹൗസ് സന്ദർശിച്ചു
20–23 സ്വിറ്റ്സ്വർലണ്ടിലുള്ള തലശ്ശേരിക്കാരായ വൈദികരെയും ഉപകാരികളെയും സ്നേഹിതരെയും സന്ദർശിച്ചു.
23–നവം.02 ഓസ്ട്രിയയിലുള്ള തലശ്ശേരി അതിരൂപതയിലെ വൈദികരെ സന്ദർശിച്ചു.

## നവംബർ

02–21 ജർമ്മനിയിൽ ജോലി ചെയ്യുന്ന തലശ്ശേരി അതിരൂപതക്കാരായ വൈദികരെയും സിസ്റ്റേഴ്സിനെയും ഉപകാരികളെയും സന്ദർശിച്ചു.
22–01 ഇംഗ്ലണ്ടിലും അയർലണ്ടിലുമുള്ള തലശ്ശേരി രൂപതക്കാരായ വൈദികരെയും ഉപകാരികളെയും സ്നേഹിതരെയും സന്ദർശിച്ചു.

## ഡിസംബർ

02–06 നോർത്ത് ജർമ്മനിയിലുള്ള തലശ്ശേരിക്കാരായ വൈദികരെയും സിസ്റ്റേഴ്സിനെയും സന്ദർശിച്ചു.
09 കണ്ണൂർ കളക്ടറേറ്റ് മൈതാനത്ത് നടന്ന ഉത്തര മലബാർ കർഷക പ്രക്ഷോഭത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി.
11 അതിരൂപത കാര്യാലയത്തിൽ നടന്ന മാസധ്യാനത്തിൽ പങ്കെടുത്തു.
16 സന്ദേശഭവനിൽ നടന്ന കരിസ്മാറ്റിക് പ്രവർത്തകരുടെ സമ്മേളനം ഉദ്ഘാടനം ചെയ്തു.
19 ചെടിക്കുളം ഇടവകയിൽ പരേതനായ ഫാ. മാത്യു ഓരത്തേലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.
20 കള്ളാർ ഇടവകയിൽ ബഹു. ആശാരികുന്നേൽ ജോർജച്ചന്റെ വത്സല പിതാവ് ശ്രീ.തോമസ് ആശാരിക്കുന്നേലിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമികത്വം വഹിച്ചു.
21 കുപ്പായക്കോട് ഇടവകയിൽ പരേതയായ സി. മേരി കിഴക്കേക്കൂറ്റ് സി.എം.സിയുടെ 41–ാം അനുസ്മരണദിനത്തിൽ വി. ബലിയർപ്പിച്ചു.
22 കാവുന്തല ഇടവകയുടെ സുവർണ്ണജൂബിലിയാഘോഷം ഉദ്ഘാടനം ചെയ്ത് വി.ബലിയർപ്പിച്ച് സന്ദേശം നല്കി.
24 ചന്ദനക്കാംപാറ ഇടവകയിൽ ക്രിസ്മസ് തിരുപ്പിറവിയുടെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ച് ക്രിസ്മസ് സന്ദേശം നല്കി.

❖❖❖

## Programme of the Archbishop Emeritus
## MAR GEORGE VALIAMATTAM

### JANUARY 2020

| | | | |
|---|---|---|---|
| 03 | | - | Balesugiri |
| 04 | | - | Iritty |
| 7-15 | | - | Synod |
| 18 | 09.00 am | - | Charal |
| | 11.30 am | - | Iritty |
| 19 | | - | Kelakam |
| 20 | 10.00 am | - | Iritty |
| | 02.30 pm | - | Alakode |
| 22 | | - | Pala |
| 25 | | - | Thamarassery |
| 26 | | - | Vettimukal |
| 28 | | - | Ponniam |
| 29 | | - | New Priests' day, Archbishop's House |
| 30 | | - | Mullankolly |

**Secretary to the Archbishop Emeritus**

# വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്



## മാർ ജോസഫ് പാംപ്ലാനി

### 2019 നവംബർ

23 രാവിലെ ശ്രീകണ്ഠാപുരം ഇടവകയിൽ വി. ബലിയർപ്പിക്കുകയും കൊച്ചു കാലായിൽ സാജു-ജിജി ദമ്പതികളുടെ നാലാമത്തെ കുട്ടിക്ക് മാമ്മോദീസ നല്കുകയും ചെയ്തു. തുടർന്ന് പൈസക്കരി ഇടവകയിൽ പൈമ്പിള്ളിൽ ജോൺസൺ- അനൂപ ദമ്പതികളുടെ നാലാമത്തെ കുട്ടിക്ക് മാമ്മോദീസ നല്കി. തുടർന്ന് പൈസക്കരി ഇടവകയിൽ ബഹു. കൊച്ചുകരോട്ട് തോമസച്ചന്റെ പൗരോഹിത്യ രജത ജൂബിലിയാഘോഷത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി. ഉച്ചകഴിഞ്ഞ് മാലോം ഇടവകയിൽ എസ്.എ.ബി.എസ്. സന്യാസിനീ സമൂഹത്തിന്റെ പുതിയ ഭവനം വെഞ്ചരിച്ച് ചാപ്പൽ കൂദാശകർമ്മം നിർവഹിച്ചു. വൈകുന്നേരം തോമാപുരം ഫൊറോന കർഷകസംഗമത്തിൽ മുഖ്യപ്രഭാഷണം നടത്തി.

24 കോളയാട് ഇടവകയിൽ അജപാലനസന്ദർശനം നടത്തി.

25 പേരട്ട ഇടവകയിൽ ഡീക്കൻ അജി കദളിക്കുന്നേൽ ഒ.എഫ്.എം. ന് തിരുപ്പട്ടം നല്കി. തുടർന്ന് ചുങ്കകുന്ന് സെന്റ് കമ്മിലസ് ആശുപത്രിയിൽ വി. ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് കരുവഞ്ചാലിൽ നടന്ന കർഷക സംഗമത്തിൽ മുഖ്യപ്രഭാഷണം നടത്തി.

26 ചെറുപാറ ഇടവകയിൽ ഡീക്കൻ ലിജോ പറമ്പുമുറിയിൽ ഒ.എഫ്.എം-ന് തിരുപ്പട്ടം നല്കി. തുടർന്ന് ചെമ്പേരി വിമൽജ്യോതി എൻജിനിയറിങ് കോളേജിൽ നടന്ന തലശ്ശേരി അതിരൂപത പ്രസ്ബിത്തേരിയത്തിൽ പങ്കെടുത്തു. വൈകുന്നേരം അതിരൂപത കാര്യാലയത്തിൽ പൗരോഹിത്യ സുവർണ്ണ-രജത ജൂബിലിയാഘോഷിക്കുന്ന വൈദികരെ അനുമോദിക്കുന്ന ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തി.

27 ഉത്തരമലബാർ കർഷക പ്രക്ഷോഭത്തോടനുബന്ധിച്ച് കണ്ണൂർ മിഷൻ ചാനലിൽ കർഷക പ്രക്ഷോഭത്തോടനുബന്ധിച്ച് അഭിമുഖം നല്കി. ഉച്ചക്ക് അതിരൂപതാ കാര്യാലയത്തിൽ കർഷക മഹാസംഗമത്തോടനുബന്ധിച്ച് പത്രസമ്മേളനം നടത്തി. വൈകുന്നേരം തലശ്ശേരി ടൗണിൽ നടന്ന കർഷക പ്രതിഷേധയോഗത്തിൽ മുഖ്യപ്രഭാഷണം നടത്തി.

28 തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ മദ്യവിരുദ്ധ സമിതിയുടെ റീജണൽ മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു.

29 വെളിമാനം സെന്റ് സെബാസ്റ്റ്യൻസ് ഹയർ സെക്കന്ററി സ്കൂളിൽ നടന്ന വിജയികളെ അനുമോദിക്കുന്ന ചടങ്ങ് ഉദ്ഘാടനം ചെയ്തു.

തുടർന്ന് ശ്രീകണ്ഠാപുരത്ത് നടന്ന കർഷക സംഘടനകളുടെ ഉപവാസസമരത്തിൽ അഭിവാദ്യമറിയിച്ചു സംസാരിച്ചു. ഉച്ചക്ക് കരുവഞ്ചാൽ ശാന്തിഭവൻ സന്ദർശിച്ചു. വൈകുന്നേരം വെള്ളരിക്കുണ്ട് ഫൊറോന കർഷക കൺവെൻഷൻ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു.

30 പാലായിൽ പാംപ്ലാനി ഔസേപ്പച്ചന്റെ ഭവനം വെഞ്ചരിച്ചു. തുടർന്ന് കയ്യൂർ ഇടവകയിൽ കല്ലറങ്ങാട്ട് പിതാവിന്റെ ഭവനം സന്ദർശിച്ചു. തീക്കോയി ഇടവകയിൽ സെബാസ്റ്റ്യൻ-മരിയ പാംപ്ലാനി ദമ്പതികളുടെ വിവാഹം ആശീർവദിച്ചു. ഉച്ചകഴിഞ്ഞ് ചേർപ്പുങ്കൽ മാർ സ്ലീവ മെഡിസിറ്റി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിൽ സി.എസ്.ആർ. ഡിപ്പാർട്ട്മെന്റ് ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. വൈകുന്നേരം കോട്ടയം ലൂർദ്ദ് പള്ളിയിൽ തിരുനാളിനോട നുബന്ധിച്ച് വി. ബലിയർപ്പിച്ചു.

## 2019 ഡിസംബർ

01 രാവിലെ അതിരൂപതാ കാര്യാലയത്തിൽ ഗുഡ്നസ് ടീവിയുടെ ഷൂട്ടിംഗിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് തൊക്കിലങ്ങാടി ക്രിസ്തുരാജ സൈക്കോള ജിക്കൽ സെന്ററിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. തുടർന്ന് സെന്റ് ആൻസ് സ്കൂൾ ഗ്രൗണ്ടിൽ നടന്ന മടമ്പം - പൈസക്കരി ഫൊറോന കൺവൻ ഷനിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി.

02 കണ്ണൂർ കളക്ടറേറ്റ് മൈതാനിയിൽ കർഷകപ്രക്ഷോഭത്തോടനുബന്ധിച്ച് വൈദികർ നടത്തിയ ഉപവാസസമരത്തിൽ പങ്കെടുത്തു. വൈകുന്നേരം കണിച്ചാറിൽ നടന്ന പേരാവൂർ ഫൊറോന കർഷകസംഗമത്തിൽ മുഖ്യപ്രഭാഷണം നടത്തി.

03 ചങ്ങനാശ്ശേരി അതിരൂപതയിലെ വൈദികർക്കുള്ള തുടർപരിശീലന പരിപാടിയിൽ ക്ലാസ്സെടുത്തു.

4–6 പാലാരിവട്ടം പി.ഒ.സി.യിൽ നടന്ന കേരള കത്തോലിക്ക മെത്രാൻ സമിതി യുടെ സമ്മേളനത്തിൽ പങ്കെടുത്തു.

06 ഇടുക്കി രൂപത ആസ്ഥാനത്ത് നടന്ന സീറോമലബാർ ഡോക്ട്രിനൽ കമ്മീഷൻ മീറ്റിങ്ങിൽ പങ്കെടുത്തു. വൈകുന്നേരം പാലാ കത്തീഡ്രൽ ഇടവകയിൽ നടന്ന ജൂബിലി തിരുനാൾ ആഘോഷത്തിൽ സന്ദേശം നല്കി.

08 ഉത്തരമലബാർ കർഷക മഹാസംഗമത്തോടനുബന്ധിച്ച് കളക്ടറേറ്റ് മൈതാനി സന്ദർശിച്ച് ഒരുക്കങ്ങൾക്ക് നേതൃത്വം നല്കി. വൈകുന്നേരം പരിയാരം മദർ ഹോമിൽ നടന്ന ഫിലോകാലിയ ധ്യാനത്തിൽ വി. ബലിയർപ്പിച്ചു. തുടർന്ന് ചന്ദനക്കാംപാറ ഇടവകയിൽ നടന്ന പൈസക്കരി ഫൊറോന റൂട്ട് കൺവെൻഷൻ ഉദ്ഘാടനം ചെയ്തു.

09 കണ്ണൂർ കളക്ടറേറ്റ് മൈതാനത്ത് നടന്ന ഉത്തരമലബാർ കർഷക പ്രക്ഷോഭത്തിൽ മുഖ്യപ്രഭാഷണം നടത്തുകയും തുടർന്ന് നടന്ന കർഷകറാലിക്ക് നേതൃത്വം കൊടുക്കുകയും ചെയ്തു.

10 അതിരൂപതാകാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു. തുടർന്ന്

ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്റ്റാഫ് മീറ്റിങ്ങിൽ പങ്കെടുത്തു.

11 മാനന്തവാടി രൂപതയിലെ പ്രെസ്ബിത്തേരിയത്തിൽ പങ്കെടുത്തു. വൈകുന്നേരം അതിരൂപതാകാര്യാലയത്തിൽ മാസധ്യാനത്തിൽ പങ്കെടുത്തു.

12 പടന്നക്കാട് റീജണൽ ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു.

13 അതിരൂപത കാര്യാലയത്തിൽ സന്ദർശകരായെത്തിയ ജർമ്മനിയിലുള്ള Javaji സോഫ്റ്റ്ടെക് ഏജൻസി അധികാരികളുമായി ചർച്ച നടത്തി. തുടർന്ന് അരീക്കമല ഇടവകയിൽ നിര്യാതനായ മാത്യു ശാശ്ശേരിലിന്റെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം ചെമ്പേരി ഇടവകയിൽ നടന്ന ബി.എസ്.എഫ്. ക്ലാസ്സിന് നേതൃത്വം കൊടുത്തു.

14 രാവിലെ സന്ദേശഭവനിൽ നടന്ന മാതൃവേദി ഭാരവാഹികളുടെ യോഗത്തിൽ ക്ലാസ്സെടുത്തു. ഉച്ചയ്ക്ക് ഇരിട്ടി ഇടവകയിൽ തിരുഹൃദയ സന്യാസിനി സമൂഹം പുതിയതായി തുടങ്ങിയ ഹൃദയാരാം കൗൺസിലിംഗ് സെന്റർ ഉദ്ഘാടനം ചെയ്തു. വൈകുന്നേരം പാലാവയൽ ഇടവകയിൽ അജപാലനസന്ദർശനത്തിനെത്തി രോഗികളെ സന്ദർശിച്ചു.

15 പാലാവയൽ ഇടവകയിൽ അജപാലനസന്ദർശനം നടത്തി. വൈകുന്നേരം പാലാവയൽ ഇടവകയിൽ നിര്യാതനായ അറയ്ക്കൽ അബ്രാഹത്തിന്റെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

16 അതിരൂപതാകാര്യാലയത്തിൽ നടന്ന കർഷകപ്രക്ഷോഭ പരിപാടികളുടെ അവലോകനയോഗത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് രാജപുരം ഫൊറോന കൺവെൻഷനിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി. തുടർന്ന് മാലോം ഇടവകയിൽ ആലപ്പാട്ട് ഷിന്റോ അച്ചന്റെ രോഗിയായ പിതാവിനെ സന്ദർശിച്ചു. കണ്ണിവയൽ ഇടവകയിൽ ബഹു. കളരിമുറിയച്ചന്റെ പിതാവിനെ സന്ദർശിച്ചു.

17 നിർമ്മലഗിരി കോളേജിൽ നടന്ന സാഹിത്യ – സിനിമ ശില്പശാല ഉദ്ഘാടനം ചെയ്തു. ഉച്ചക്ക് സന്ദേശഭവനിൽ കരിസ്മാറ്റിക് സംഘടനയിലെ പ്രവർത്തകർക്ക് ക്ലാസ്സെടുത്തു.

18 പെരുവണ്ണാമൂഴി ശാലോമിൽ ഷൂട്ടിംഗിൽ പങ്കെടുത്തു.

19 താമരശ്ശേരി രൂപതയുടെ പ്രെസ്ബിത്തേരിയത്തിൽ പങ്കെടുത്തു. വൈകുന്നേരം ആശാരികുന്നേൽ ജോർജച്ചന്റെ പിതാവിന്റെ നിര്യാണ ത്തിൽ അനുശോചനമറിയിച്ച് കള്ളാറിലുള്ള ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

20 കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ നടന്ന മാധ്യമ കമ്മീഷൻ മീറ്റിങ്ങിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് മൗണ്ട് സെന്റ് തോമസിൽ ലിറ്റർജി കമ്മീഷൻ മീറ്റിങ്ങിൽ പങ്കെടുത്തു.

21 രാവിലെ തൃശ്ശൂർ അതിരൂപതയിൽ തെയ്ക്കാവ് ഇടവകയിൽ ഫാ. മാത്യു വടക്കൻ അനുസ്മരണ ദിനത്തിൽ വി. ബലിയർപ്പിച്ച് അനുസ്മരണ പ്രഭാഷണം നടത്തി. തുടർന്ന് മണിപ്പാറ ഇടവകയിൽ അജപാലന സന്ദർശനത്തിനെത്തി രോഗികളെ സന്ദർശിച്ചു.

## Programme of the Auxiliary Bishop
## MAR JOSEPH PAMPLANY

### 2020 JANUARY

| | | | |
|---|---|---|---|
| 01 | 09.00 am | - | Pulingome - Ordination |
| 02 | 08.00 am | - | Karunapuram |
| 03 | 03.00 pm | - | Nirmalagiri College |
| | 04.00 pm | - | Alpha Staff meeting |
| 04 | 10. 00 am | - | Charal |
| | 04.00 pm | - | Balesugiri |
| 05 | | - | Pastoral visit - Chundaparamba |
| 06 | 10.00 am | - | SABS Jubilee - Josgiri Hospital |
| 07-15 | | - | Synod |
| 17 | | - | Irinjalakuda |
| 18 | | - | Marakave |

---

22 മണിപ്പാറ ഇടവകയിൽ അജപാലനസന്ദർശനം നടത്തി.

23 കരുവഞ്ചാൽ ശാന്തിഭവനിൽ മാത്യു കിഴക്കേലച്ചന്റെ പൗരോഹിത്യ സുവർണ്ണജൂബിലിയാഘോഷത്തിൽ വി.കുർബ്ബാനയിൽ പങ്കുചേർന്ന് ആശംസകളർപ്പിച്ച് സന്ദേശം നല്കി. തുടർന്ന് വൈദികരോടൊപ്പം സമയം ചിലവഴിച്ചു. ഉച്ചക്ക് ശാന്തിഭവനിൽ മിഷൻലീഗ് പ്രവർത്തകർ ഒരുക്കിയ ക്രിസ്മസ് ആഘോഷത്തിൽ സന്ദേശം നല്കി. ഉച്ചകഴിഞ്ഞ് അതിരൂപതാ കാര്യാലയത്തിൽ ഷെക്കീനാ ടെലിവിഷന് അഭിമുഖം നല്കി.

24 അതിരൂപത കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു.

❖❖❖

| | | | |
|---|---|---|---|
| 19 | 07.30 am | - | Pastoral visit - Peria |
| | 04.00 pm | - | Udayapuram - Golden Jubilee |
| | 07.30 pm | - | Dharmasala - Deepika anniversary |
| 20 | 02.30 pm | - | Alakode - Church Consecration |
| 21 | 02.30 pm | - | Payyavoor |
| 22 | | - | Padannakad |
| | 04.00 pm | - | Paramba - Alter Consecration |
| 23-24 | | - | Pathanamthitta |
| 25 | | - | Bangalore |
| 26 | 09.30 am | - | Karikkottakkari |
| | 04.00 pm | - | Kozhikode |
| 27 | 10.00 am | - | Nirmalagiri College |
| | 02.30 pm | - | Engaged |
| 28 | 10.00 am | - | Forane Vicars meeting |
| | 02.30 pm | - | Ponniam - Sifam Inauguration |
| 29 | | - | New Priests day , Archbishop's House |
| 30 | 10.30 am | - | Palaparamba - Jubilee |
| | 04.00 pm | - | Padankavala |

**Secretary to the Auxiliary Bishop**

❖❖❖